

കാഞ്ചി കോളേജ് യൂണിയൻ മാഗസിൻ 2025
PLURALISM
HERE WE CO-EXIST
KKTM GOVT COLLEGE PULLUT


കാഞ്ചി കോളേജ് യൂണിയൻ 2024-25

CHAIRMAN
HRISHIKESH BABU M C

GENARAL CAPTION
ABHIJITH LAL

VICE-CHAIRMAN
AATHULLYA GEETH

GENARAL SECARATERY
SANIYA MARIYAM



JOINT- SECARATERY
VRINDA P

U U C
SHIFANA P K

FINE ART'S SECARATERY
KAILASNATH

MMAGAZINE EDITOR
ARSHA JAYARAJAN

2024-25 കലാലയ യൂണിയൻ മാഗസിൻ


പാലസ്തീനു വേണ്ടി



**PLURALISM**
KKTM COLLEGE MAGAZINE
2024-25

STUDENT EDITOR
ARSHA JAYARAJAN

EDITORIAL BOARD
RITHUNAND RS
NANDANA P
RAHNA
ABHINAV
ANJANA
ANUSREE
ANAMIKA
YESWANTH
SINAN E K


TYPE SETTING
STUDENTS
PAGE DESIGNER
YACOB THOMAS
RITHUNANDH R S

COVER: RITHUNANDH R.S.


# Our Principal




Prof. (Dr.) Bindu Sharmila T. K.


Rremembering
V S ACHUDANADAN
(1923-2025)
Rest In Power Comrade
2024-25 കലാലയ യൂണിയൻ മാഗസിൻ

# എഡിറ്റോറിയൽ




പുരോഗമനത്തിന്റെ ഉച്ചിയിൽ നിന്നും ജനാധിപത്യരാജ്യത്തിൽ സമത്വം പുറപ്പെട്ടുവിക്കാൻ മുറവിളികൂട്ടുകയെന്ന പേരിൽ കുങ്കുമം പൂശുന്നിടത്ത്, ഏകാധിപത്യ ഭരണകാലത്തുനിന്ന് ഫാസിസത്തെ പിൻതള്ളി തുല്യത നേടിവന്ന മനുഷ്യരെ കണ്ടെത്തി, അവരുടെ പച്ചയായ ജീവിതത്തിലെ വ്യത്യസ്തങ്ങളായ വെല്ലുവിളികൾ കൂടിച്ചേർക്കുന്നിടത്ത് പ്ലൂരലിസം ഉത്ഭവിക്കുന്നു.

 ഗണപതിഹോമം കഴിഞ്ഞ് പാദപൂജക്കുശേഷം നേടുന്ന വിദ്യാഭ്യാസത്തിന് മേന്മ കൂടുതലാണെന്ന് പാത്രംകൊട്ടി രോഗശമനം നടത്തുന്നവർ പറഞ്ഞപ്പോഴില്ലാത്ത അമർഷം മലയാളനാട്ടിൽ മാനസികസംഘർഷം കുറയ്ക്കുന്നതിനൊരു വിദ്യാർത്ഥി സൂമ്പ ഡാൻസ് അവതരിപ്പിക്കുമ്പോൾ വസ്ത്രധാരണം ശരീരപ്രദർശനമാവുമെന്ന്  വരുന്നത് പുത്തരിയല്ലാത്തിടത്ത്, കലയെയും വിദ്യയെയും അതിന്റെ തനതായ രീതിയിൽ ഉൾക്കൊണ്ട് വളർത്തി വരുന്നവർക്ക് ഇടയിൽ പ്ലൂരലിസം നിലനിൽക്കുന്നു.

ജാതി മത വർഗ്ഗ ലിംഗഭേദമില്ലാതെ മനുഷ്യരെ മനുഷ്യരായി കാണുന്നതുവരെ നീളുന്ന പോരാട്ടങ്ങൾക്ക് പിന്തുണയായി വ്യത്യസ്തങ്ങളായ ജീവിതങ്ങൾ തുറന്നുകാട്ടുന്നതിന് പ്ലൂരലിസം  വഴിയൊരുക്കട്ടെ.......

**ആർഷ ജയരാജൻ**
**സ്റ്റുഡന്റ് എഡിറ്റർ**





# ഉള്ളടക്കം

07/യാത്ര – ആദിത്ത് കെ. പി.
08/പ്രണയം –ശ്രീലക്ഷ്മി കെ.പി.
09/ പൂന്തേനുണ്ണം പൂവിച്ച് – പ്രൊഫ. ഷാജി. ഇ. എം.
11/വൃന്ദ –സലിൻ കെ. രാംചന്ദ്

**ഫോക്കസ്**
**സിനിമ സമൂഹം ലഹരി**
14/സിനിമയല്ല സമൂഹമാണ് വില്ലൻ–സിയാർ മനുരാജ്
16/സിനിമ മാറണം നന്മയിലേക്ക് –ഡോ. സുമ സി. എസ്.
17/ രാഷ്ട്രീയമാണ് പ്രശ്നം – സാനിയ മറിയം
18/ സിനിമയെന്ന ഉൽപ്രേരകം– ഭരത് ഐ. ബി.
19/ കേരളത്തിന്റെ പ്രശ്നം – അഞ്ചൽ കൃഷ്ണൻ എൻ.
22/ ലഹരിയും അനുകരണവും– ഡോ. വിനോദ് ബാബു
22/ സിനിമയും ജീവിതവും വേറെയാണ്– മുഹമ്മദ് മുഹ്സിൻ കെ.
23/ ജീവിതമാണ് പ്രശ്നം– അനർഘ ബി.

24/ കൈതപ്പൂവ് – ഫാത്തിമത്തുൽ മിസ്രിയ
27/ നിഴൽ– അനുശ്രീ. പി.
27/ സ്വപ്നച്ചിറക് – നന്ദന. പി.
28/ തനിയെ– അതുല്യ. ഇ.
29/ നഷ്ടപ്പെട്ടതും വീണ്ടെടുത്തതും– ഭരത് ഐ. ബി.
31/ തിരിഞ്ഞുനോട്ടം – ഗോപിക. കെ
32/ സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട നീതി– സ്നിഗ്ദ്ധ വിനോദ്

**അഭിമുഖം**
34/ എഴുത്തിന്റെയും ചിന്തയുടെയും സാഹസിക വഴികൾ–:
പ്രൊഫ. ജി. ഉഷകുമാരി
40/ സമയം തെറ്റി വന്ന ഡീസോൺ – കൈലാസനാഥ് കെ. എസ.്
42/ കലക്കറ്റും ഒത്തൊരു ദിവസം– ഹരിത ലക്ഷ്മി
43/ പിശാച്– അതുല്യ ഇ.
45/ കേരള ടൂറിസം– ചില ചിന്തകൾ– ഗൗരി നന്ദ എം. ജി.
48/ മഴയുടെ കയ്യൊപ്പ് – ഗോപിക കെ.
49/ ഊന്നുവടി – സിനാൻ ഇ. കെ. .
50/ മരം– സൂര്യ ഗായത്രി
50/ പെണ്ണ്– ഋതുനന്ദ് ആർ. എസ്.

52/ എൻ.എസ്.എസ്. റിപ്പോർട്ട്
54/ യൂണിയൻ റിപ്പോർട്ട്
57/ അസോസിയേഷൻ റിപ്പോർട്ട്



**ആദിത്ത് കെ. പി.**
**മൂന്നാംവർഷ ബി. എ. മലയാളം**

കവിത

# യാത്ര

ഇരുളിന്റെ മറവിനാൽ മുൻപോട്ടു നീങ്ങവേ
പതിയെയെൻ പാദങ്ങൾ ഇടറുന്ന
മുള്ളുകൾ കാലിൽ പതിഞ്ഞൊരാ നേരം
കണ്ണിൽ നിന്നും ഉതിർന്നൂർ രക്തത്തുള്ളി
നീങ്ങുമാ നേരമെൻ പാദങ്ങൾ മുൻപോട്ടു നീങ്ങവേ
കണ്ടു വലിയ താഴ്വരകൾ
ഇതുവരെകാണാത്ത ഇവ ഇന്നെൻ മുന്നിൽ
എങ്ങനെയെന്ന് ഞാൻ ഓർത്തു നിൽപ്പൂ
താഴേക്ക് ചാടിയ ജീവിതമേ നീ
എൻ മുന്നിൽ ചോദ്യചിഹ്നമാകും.
പിന്നോട്ട് നീങ്ങിയാൽ സർവ്വം ശൂന്യവും
ഈ ലോകം മുൻപിലോ ഞാൻ ഏകനാകും
എങ്കിലും മുൻപോട്ട് എന്ന് ഞാൻ ചിന്തിച്ചു
താഴേക്ക് ചൊല്ലവേ കാണ്ടു ഞാനാ
നേരിയ വെളിച്ചമെൻ മുന്നിൽ.



കവിത

ശ്രീലക്ഷ്മി കെ. പി.
രണ്ടാംവർഷ ബി. എ. മലയാളം

# പ്രണയം

തൊണ്ടയിൽ കുരുങ്ങി പിടഞ്ഞുതീരുന്ന വാക്കുകളെ
ചേർത്തുവച്ച് അയാളവൾക്ക് പ്രണയലേഖനം എഴുതും
അഴിഞ്ഞുവീണ മുടിയിഴകളെ കൂട്ടിയൊതുക്കി
പിൻകഴുത്തിലേകുന്ന ചുംബനം അവൾ അയാളോട് ഇടയ്ക്കിടെ
ആവശ്യപ്പെടും
അവൾക്കേറ്റവും പ്രിയമുള്ള ഒരു കെട്ട് വയലറ്റുപൂക്കൾ
അയാൾ അവൾക്ക് കൂടിക്കാഴ്ചകളിൽ പ്രണയസമ്മാനമായി
നൽകും
സായാഹ്നപാതകളും സൂര്യാസ്തമയങ്ങളും അവൾ അയാളോട്
ചേർന്ന് ആസ്വദിക്കും
എണ്ണിയാലൊടുങ്ങാത്ത തിരമാലകളിൽ കണ്ണുനട്ട് ഇരുവരും
മടുത്തു മരവിക്കും
ഏറ്റവുമൊടുവിൽ പ്രണയത്തിനുമപ്പുറം പ്രാണനായി മാറുന്ന
നേരങ്ങൾ അയാളിൽ മാത്രം പൂത്തു തുടങ്ങും
സമാശ്വാസത്തിൽ ചാലിച്ച കെട്ടിപ്പുണരലുകളിൽ ഒക്കെയും
അവൾ കപടസ്നേഹത്തിന്റെ കാരമുള്ളുകൾ ഒളിപ്പിക്കും
വാത്സല്യത്തിൽ കുതിർത്ത് അയാളുടെ  നെറ്റിയിൽ പതിക്കുന്ന
ചുംബനങ്ങൾക്ക് പിന്നിൽ കടിച്ചുകീറാനായി മൂർച്ച മിനുക്കിയ
രാക്ഷസിപ്പല്ലുകൾ ഉന്തിനിൽക്കും
എന്റേത് മാത്രമെന്ന് ഒരായിരം വട്ടം ആവർത്തിച്ച അയാളുടെ
ഹൃദയത്തിലേക്കവൾ നിഷ്കരുണം കഠാര കുത്തിയിറക്കും
മറ്റുചിലപ്പോൾ സ്നേഹം ആവോളം കലർത്തി
പാകപ്പെടുത്തിയതെന്ന് അയാളെ തെറ്റിദ്ധരിപ്പിച്ച പാനീയം
അവളയാളുടെ ജീവിതത്തിന്റെ അന്ത്യമാക്കി മാറ്റും
പവിത്രമായ പ്രണയം ഈ കാപട്യ ബന്ധങ്ങൾക്ക് മുന്നിൽ
സ്വയം തല തല്ലി മരിക്കും

പ്രൊഫ. ഷാജി ഇ . എം.
പ്രൊഫസർ, സുവോളജിവിഭാഗം,
കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്



## രണ്ട് പൂവീച്ചകളെ കണ്ടെത്തി

### മെസെംബ്രിയസ് ബെംഗാലെൻസിസ്, മെസെംബ്രിയസ് ക്വാഡ്രിവിറ്റാറ്റസ് എന്നീ പൂവീച്ചകളെ കണ്ടെത്തിയതിന്റെ ചരിത്രം

# പൂന്തേനുണ്ണും പൂവീച്ച

സസ്യപരാഗണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പലരുടെയും മനസ്സിലേക്ക് ഓടിയെത്തുന്നത് തേനീച്ചയുടെയും പലതരം പൂമ്പാറ്റകളുടെയും ചിത്രങ്ങൾ ആവും. എന്നാൽ ഇവയ്ക്കു പുറമെ ഇക്കാര്യത്തിൽ പ്രധാന പങ്കുവഹിക്കുന്ന പൂവീച്ചകൾ ഒട്ടേറെ പേർക്കും അപരിചിതമാണ്.

ഈച്ചകളും കൊതുകുകളും ഉൾപ്പെടുന്ന ഓർഡർ ഡിപ്റ്റീറയിലെ (Diptera), സിർഫിഡേ (Syrphidae) കുടുംബത്തിൽപ്പെട്ടവയാണിവ. ഇന്ന് ലോകത്ത് ആറായിരത്തിലധികം പൂവീച്ചകളെ ഗവേഷകർ തിരിച്ചറിഞ്ഞിട്ടുണ്ട്. കറുപ്പും, മഞ്ഞയും, മറ്റ് പല മനോഹര വർണ്ണങ്ങളിലും പൂക്കൾക്കിടയിലൂടെ പാറിപ്പറക്കുന്ന ഇവയെ കണ്ടാൽ തേനീച്ചകളോ കടന്നലുകളോ ആയി തെറ്റിദ്ധരിക്കാറുണ്ട്. നിറത്തിലും, രൂപത്തിലും, മാത്രമല്ല സ്വഭാവത്തിൽ പോലും ഇവ പുലർത്തുന്ന ഇത്തരം സമാനസവിശേതകൾ, വർഷങ്ങളായുള്ള അതിജീവനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾക്കൊടുവിൽ പരിണാമപരമായി കൈവരിച്ചതാണ്. പ്രകൃതിയിൽ കാണുന്ന ഈ പ്രതിഭാസത്തെ ശാസ്ത്രീയമായി ബെറ്റീഷ്യൻ മിമിക്രി (Batesian mimicry) എന്നാണ് വിളിക്കുന്നത്. നിർദോഷിയായ ഒരു ജീവി, വിഷമുള്ളതോ അപകടകാരിയോ ആയ മറ്റൊരു ജീവിയെ അനുകരിക്കുന്ന പരിണാമ പ്രതിഭാസമാണിത്. വിഷമുള്ള തേനീച്ചയോ കടന്നലോ മുമ്പിൽപെട്ടാൽ, ഒരിക്കൽ അവയുടെ കുത്തേറ്റ പക്ഷികളും മറ്റു പ്രാണിപിടിയൻ ജീവികളും അവയെ മനഃപൂർവം ഒഴിവാക്കും. അതിനാൽ തേനീച്ചകളും കടന്നലുകളുമായുള്ള പൂവീച്ചകളുടെ രൂപസാദൃശ്യം വിഷമില്ലാത്ത അപകടകാരികളല്ലാത്ത ഇവയുടെ അതിജീവനത്തിനു വളരെയധികം ഗുണംചെയ്യുന്നു എന്നതിൽ തർക്കമില്ല.

ശരീരത്തിൽ കാണുന്ന മഞ്ഞ കറുപ്പ് നിറങ്ങളിലുള്ള വലയങ്ങളും, തേനീച്ചയുടേതുപോലുള്ള ഉരുണ്ടതോ അല്ലെങ്കിൽ കടന്നലുകളെ പോലുള്ള നേർത്തതോ ആയ ഉദരവും, തേനീച്ചകളുടേതുപോലെ ശരീരത്തിൽ കാണുന്ന ശാഖിതമായ രോമങ്ങളും



സി. അതുൽ ശങ്കർ, ഡോ. ഇ.എം. ഷാജി, ഡോ. സി. ബിജോയ്

പൂവീച്ചകളുടെ പ്രത്യേകതകളാണ്. കൂടാതെ ശത്രുവിന്റെ ആക്രമണ ഭീഷണി ഉണ്ടാകുമ്പോൾ ഇവ തങ്ങളുടെ ഉദരം കടന്നലുകൾ ചെയ്യുന്നതുപോലെ ചലിപ്പിച്ച് ശത്രുവിനെ ഭയപ്പെടുത്താറുമുണ്ട്. ഇത്തരം ശാരീരിക സ്വഭാവസവിശേഷതകൾ മൂലം പൂവീച്ചകൾ, തേനീച്ചകളോടും കടന്നലുകളോടും (ഓർഡർ ഹൈമനോപ്റ്ററ) വളരെ സാമ്യം കാണിക്കുന്നുണ്ടെങ്കിലും, ചിറകുകളുടെ എണ്ണം, അതിന്റെ രൂപഘടന എന്നിവയിൽനിന്ന് ഇവയെ എളുപ്പത്തിൽ വേർതിരിച്ചറിയാൻ സാധിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ പൂവീച്ചകൾ ഡിപ്റ്റീറ (Diptera) ഓർഡറിൽ ഉൾപെടുന്നവയാണ്. ഡിപ്റ്റീറ എന്ന വാക്ക് ഗ്രീക്ക് മൂലപദങ്ങൾ ആയ 'Di', 'ptera' എന്നിവ ചേർന്നുണ്ടായതാണ്. 'രണ്ട് ചിറകുകൾ' എന്നാണ് ഇത് അർത്ഥമാക്കുന്നത്. ഒരു ജോടി ചിറകുകൾ മാത്രമേ പൂവീച്ചകൾക്കുള്ളൂ. പക്ഷെ തേനീച്ചകൾക്കും കടന്നലുകൾക്കും രണ്ട് ജോടി വീതം ചിറകുകൾ കാണാനാകും.

പൂർണ്ണവളർച്ചയെത്തിയ ഒരു പൂവീച്ചയുടെ ആഹാരം പുഷ്പങ്ങളിൽ നിന്നും ലഭിക്കുന്ന പൂന്തേനും പൂമ്പൊടിയും ആണ്. തേനീച്ചകളുടെ സാന്നിധ്യം താരതമ്യേന കുറവുള്ള ഉയർന്ന തണുപ്പ് പ്രദേശങ്ങളിൽ പൂവീച്ചകൾ ആണ് സസ്യങ്ങളുടെ വംശവർദ്ധനവ് സാധ്യമാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ജീവിവർഗ്ഗം.

ഇതിനു പുറമേ പൂവീച്ചകളെ ഒരു കർഷകസുഹൃത്തായി പരിഗണിക്കുന്നതിനു മറ്റൊരു കാരണം കൂടിയുണ്ട്. പല കാർഷികവിളകളുടെയും ശത്രുകീടം ആയ ഇലപ്പേനുകളുടെ (Aphids) എണ്ണം നിയന്ത്രിക്കുന്നതിൽ ഇവ വലിയ പങ്കുവഹിക്കുന്നു. മുട്ടയിടാറായ പെൺ പൂവീച്ചകൾ ഇലപ്പേനുകളുടെ സാന്നിധ്യം കൃത്യമായി മനസ്സിലാക്കി അവയുടെ വാസസ്ഥലങ്ങളിൽ മുട്ടയിടുന്നു. മുട്ട വിരിഞ്ഞു പുറത്തുവരുന്ന ഓരോ പുഴുവും (ലാർവ) നൂറിലധികം ഇലപ്പേനുകളെ ആഹരിക്കുകയും അതുവഴി അവയുടെ ആക്രമണം കുറയ്ക്കുന്നതിനും, വിളകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സഹായിക്കുന്നു. ലോകത്തിന്റെ പല പ്രദേശങ്ങളിലും ഇന്ന് കൃഷി മെച്ചപ്പെടുത്താൻ വാണിജ്യപരമായി പൂവീച്ചകളെ ഉപയോഗിക്കുന്നുണ്ട്. നിർഭാഗ്യവശാൽ കേരളത്തിലെ കർഷകർക്കിടയിലും, പരിസ്ഥിതി പഠനങ്ങളിലും ഇവയ്ക്ക് അർഹിക്കുന്ന അംഗീകാരം ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിലാണ് പൂവീച്ചകളുടെ പ്രാധാന്യം ഉൾക്കൊണ്ട് കേരളത്തിലെ ഇവയുടെ വൈവിധ്യത്തെപ്പറ്റിയുള്ള ഗവേഷണം ആരംഭിച്ചത്. ഈ പഠനങ്ങളിൽ കേരളത്തിൽനിന്ന് പുതുതായി രണ്ട് പൂവീച്ചകളെ കണ്ടെത്താൻ സാധിച്ചു. മെസെംബ്രിയസ് ബെംഗാലെൻസിസ്, (തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ നിന്നും) മെസെംബ്രിയസ് ക്വാഡ്രിവിറ്റാറ്റസ് (വിലങ്ങൻകുന്ന്, തൃശ്ശൂർ ജില്ല) എന്നീ പൂവീച്ചകളെയാണ് കണ്ടെത്തി രേഖപ്പെടുത്തിയിരിക്കുന്നത്. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ഷഡ്പദ എൻഡമോളജി റിസർച്ച് ലാബ് (എസ്. ഇ. ആർ. ല്) ലെ ഗവേഷകൻ സി. അതുൽ ശങ്കർ, ലാബ് ഡയറക്ടറും, സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. സി. ബിജോയ്, പുല്ലൂ

**പൂവീച്ചകളെ ഒരു കർഷകസുഹൃത്തായി പരിഗണിക്കുന്നതിനു മറ്റൊരു കാരണം കൂടിയുണ്ട്. പല കാർഷികവിളകളുടെയും ശത്രുകീടം ആയ ഇലപ്പേനുകളുടെ (Aphids) എണ്ണം നിയന്ത്രിക്കുന്നതിൽ ഇവ വലിയ പങ്കുവഹിക്കുന്നു. മുട്ടയിടാറായ പെൺ പൂവീച്ചകൾ ഇലപ്പേനുകളുടെ സാന്നിധ്യം കൃത്യമായി മനസ്സിലാക്കി അവയുടെ വാസസ്ഥലങ്ങളിൽ മുട്ടയിടുന്നു. അതുവഴി അവയുടെ ആക്രമണം കുറയ്ക്കുന്നതിനും, വിളകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സഹായിക്കുന്നു.**

റ്റ് കെ. കെ. ടി. എം. ഗവ. കോളേജിലെ സുവോളജി വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. ഇ. എം. ഷാജി എന്നിവർ ചേർന്ന സംഘമാണ് ഇവയെ കണ്ടെത്തിയത്. ഇതാദ്യമായാണ് മെസെംബ്രിയസ് ജീവി വർഗത്തിൽ വരുന്ന പൂവീച്ചകളെ കേരളത്തിൽനിന്ന് കണ്ടെത്തുന്നത്. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽനിന്ന് നേരത്തെ കണ്ടെത്തിയിരുന്നവെങ്കിലും കേരളത്തിൽ ഇതുവരെ ഇവയുടെ സാന്നിധ്യം രേഖപെടുത്തപ്പെട്ടിട്ടില്ലായിരുന്നു. അതുകൊണ്ട് തന്നെ, ഇവയുടെ കണ്ടുപിടിത്തം നമ്മുടെ സംസ്ഥാനത്തിൻ്റെ ജൈവവൈവിധ്യത്തെ സംബന്ധിച്ചുള്ള ഒരു നിർണ്ണായകമായ കണ്ടെത്തലാണ്. അസ്സോസിയേഷൻ ഫോർ അഡ്വാൻസ്മെൻ്റ് ഓഫ് എൻ്റമോളജിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'എൻ്റമോൺ' (ENTOMON) ൻ്റെ 2024 വർഷത്തെ ജൂലൈ ലക്കത്തിലാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതോടുകൂടി കേരളത്തിലെ പൂവീച്ചകളുടെ വർഗ്ഗതലത്തിലുള്ള എണ്ണം 61 ആയി വർദ്ധിച്ചു. ഇന്ത്യയിൽ നിലവിൽ 79 ജനുസ്സുകളിലായി 369 വർഗ്ഗം പൂവീച്ചകളെ കണ്ടെത്തിയിട്ടുണ്ട്. അശാസ്ത്രീയമായ കൃഷിരീതികളും, അമിതമായ കീടനാശിനിപ്രയോഗവും പൂവീച്ചകളുടെ വൈവിധ്യം കുറയുന്നതിന് കാരണമായിട്ടുണ്ട്.



"

**കവിത**

**സാലിൻ കെ. രാമചന്ദ്**
**ഒന്നാംവർഷ ബി.ടി. ടി. എം.**

# വൃദ്ധ


അവൾ ഗതികെട്ട വാർദ്ധക്യത്തിൽ
അകൽപ്പെട്ടിരിക്കുന്നു. സൂര്യാഘാതത്തിന്റെ മണൽ
പാടുകൾ കൊണ്ട്
വികൃതമായ മീനിനെ ആകെ
മഴയുടെ സ്പർശനം മായ്ക്കുവണ്ണം ഞരമ്പുകൾ
പൊന്തിയിരിക്കുന്നു. കണ്ണീരിന്റെ രണ്ടു തുള്ളികളെർന്ന
നീറുറവയെ
അറബിക്കടലിലേക്ക് അറ്റു കെട്ടുന്നു.
മീരാ ലംബയുടെ നിവേദനങ്ങൾ മഴമേഘം
തള്ളിക്കളഞ്ഞിരിക്കും
വെച്ചു- വെച്ചുകൊണ്ട് യൗവനത്തിലെ
കൊഴിഞ്ഞുവീണ
പാദസരസ്മരണ തിരിയുന്ന,
കാലത്താൽ ശപിക്കപ്പെട്ട
പടുവൃദ്ധ


കാഞ്ചി കോളേജ് യൂണിയൻ 2024-25
പ്ലൂരലിസത്തിന്റെ
പിന്നിലെ മനുഷ്യർ
YACOB THOMAS
ABHINAV
ANAMIKA A
ARSHA JAYARAJAN
REHNA
YESHWANTH P S
ANUSREE
RITHUNANDH R S
SINAN E K
NANDANA P
ANJANA SUNIL KUMAR
2024-25 കലാലയ യൂണിയൻ മാഗസിൻ

ഫോക്കസ്

# സിനിമ സമൂഹം ലഹരി

സിനിമ സമൂഹത്തെ വഴിതെറ്റിക്കുന്നുണ്ടോ?  ലഹരിയുടെ ലോകത്തിലേക്ക് കാണികളെ കൊണ്ടുപോകുന്നതിൽ സിനിമയ്ക്ക് പങ്കുണ്ടോ? സിനിമകളിലെ വയലൻസ് കാഴ്ചക്കാർ അനുകരിക്കുന്നുണ്ടോ? സിനിമയിൽ വയലൻസ് കൂടുന്നതുകൊണ്ടാണോ സമൂഹത്തിൽ അക്രമങ്ങൾ വർധിക്കുന്നത് അതോ തിരിച്ചോ..? അടുത്തകാലത്ത് കേരളത്തിൽ ചർച്ചചെയ്യപ്പെട്ട ചില ചോദ്യങ്ങൾ മാഗസിൻ ചർച്ചചെയ്യുന്നു.



**സിയാർ മനുരാജ്**
**അസോ. പ്രൊഫസർ, ഇക്കണോമിക്സ്,**
**കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്**

# സിനിമയല്ല, സമൂഹമാണ് വില്ലൻ

ലോകത്ത് മിക്കയിടങ്ങളിലും സിനിമ കാണുന്നവരിൽ നല്ലൊരു ശതമാനവും കൗമാരക്കാരായ ആളുകളാണ്. കൗമാരക്കാർ ഭാവിയുടെ വാഗ്ദാനങ്ങൾ ആണെന്നുള്ള സങ്കല്പനത്തിനകത്ത്, സിനിമയിലൂടെ അവരെന്ത് കാണണം എന്ന സാമൂഹ്യമായ വേവലാതി കൂടി ഉൾച്ചേർന്നിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷത്തിലുള്ള അടയാളമാണ് സിനിമ സെൻസറിംഗ് എന്നത്. ഒരു നിശ്ചിതപ്രായത്തിന് മുകളിലുള്ള പ്രേക്ഷകർക്ക് മാത്രം കാണാൻ കഴിയുന്നവ എന്ന തരത്തിൽ സിനിമയുടെ കാഴ്ചക്കാരെ ഭരണകൂടം പരിമിതപ്പെടുത്തുന്നു. കൗമാരക്കാരുടെ കാര്യത്തിൽ മാത്രമല്ല ഭരണകൂടത്തിന് ഈ വേവലാതിയുള്ളത് എന്നതാണ് വാസ്തവം. നിലവിലുള്ള സമൂഹത്തിനകത്തെ അധീശവർഗങ്ങളുടെ താല്പ്പര്യങ്ങൾക്ക വിരുദ്ധമാകുന്ന, അവരുടെ ധാർമ്മികമൂല്യങ്ങൾക്ക് വിരുദ്ധമാകുന്ന, നിർമിതമായ അവരുടെ സാമൂഹ്യാസ്തിത്വത്തെ ചോദ്യംചെയ്യുന്ന, അവർക്കെതിരെ ജനവികാരം ഉണർത്താൻ ഇടയാകുന്ന, അധീശവർഗങ്ങളുടെ പ്രവൃത്തികളെ എതിർക്കുന്ന, അവരുടെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യുന്ന സിനിമകളെ കാണികളുടെ കാഴ്ചകളിൽനിന്നും മറയ്ക്കുക എന്നത് എക്കാലവും ഭരണകൂടങ്ങൾ ലോകമെമ്പാടും നടപ്പിലാക്കുന്ന കാര്യമാണ്. സിനിമ യുവതലമുറയെ നശിപ്പിക്കും എന്ന് കരുതുന്ന ആളുകളും സിനിമകൾ യുവതയുടെ അറിവിന്റെ മണ്ഡലങ്ങളെ വികസിപ്പിക്കും എന്ന് കരുതുന്നവരും നമുക്കിടയിൽ ഉണ്ട്. ആളുകളുടെ സാംസ്കാരികമായ അസ്തിത്വത്തെ, രാഷ്ട്രീയമായ അസ്തിത്വത്തെ, വിവിധ ജനവിഭാഗങ്ങളുടെ സാമൂഹ്യമായ പ്രതിനിധാനങ്ങളെ, ദേശീയതയെ ഒക്കെ രൂപപ്പെടുത്തുന്നതിൽ, തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ അപരവല്ക്കരിക്കുന്നതിൽ ഒക്കെ സിനിമയെ ഒരുപകരണമായി മനുഷ്യർ ഉപയോഗിക്കുന്നത് മനുഷ്യരിൽ സ്വാധീനം ചെലുത്താനുള്ള സിനിമയുടെ സാധ്യതയെ മുന്നിൽ കണ്ടുതന്നെയാണ്.

**വന്യതയെ, മയക്കുമരുന്നിനെ മഹത്വവല്ക്കരിക്കുന്ന സിനിമകൾ കൂടുന്നതുകൊണ്ടല്ല സമൂഹം അങ്ങനെയാകുന്നത് മറിച്ച് അങ്ങനെയാകുന്ന സമൂഹത്തിൽ നിന്നാണ് അത്തരം സിനിമകൾ ഉണ്ടാകുന്നത്.**

എന്നാൽ കേരളത്തിൽ യുവാക്കളുടെ ഇടയിൽ വർധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തിലും ദിവസ്സംപ്രതി കൂടിക്കൊണ്ടിരിക്കുന്ന കൊലപാതകങ്ങളിലും, മയക്കുമരുന്നിനെയും കൊലപാതകങ്ങളെയും മഹത്വവല്ക്കരിക്കുന്ന സിനിമകളുടെ സ്വാധീനം കാണാം എന്ന വാദത്തിൽ ഒറ്റനോട്ടത്തിൽ കഴമ്പുണ്ട് എന്ന് തോന്നിയേക്കാമെങ്കിലും സത്യത്തിൽ നിന്നും ബഹുകാതം അകലെയാകും ആ വാദം എന്നാണ് ഞാൻ കരുതുന്നത്. കേരളത്തിൽ മയക്കുമരുന്ന് ഉപയോഗവും കൊലപാതകവും കൂടുന്നതിൽ കൃത്യമായ, വസ്തുനിഷ്ഠമായിത്തന്നെ കണ്ടെത്താൻ കഴിയുന്ന ഭൗതിക കാരണങ്ങൾ ഉണ്ട് എന്നൊരു അനുമാനമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. സാമൂഹ്യശാസ്ത്രജ്ഞർ ഈ മേഖലയിൽ കൂടുതൽ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. രണ്ടായിരത്തിൽ തുടങ്ങിയ സ്കൂളുകളിലെ ആൾ പ്രൊമോഷൻ, വർഷംതോ

റ്റും ഒരാചാരം എന്ന മട്ടിൽ കൂട്ടിക്കൊണ്ടിരിക്കുന്ന പ്ലസ് ടു സീറ്റുകൾ, നാടെങ്ങും കൂണുപോലെ പൊട്ടിമുളച്ച അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾ മുതലായവ ആരും പരീക്ഷയിൽ തോല്ക്കാത്ത ഒരു പ്രത്യേക അവസ്ഥ കേരളത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. മലയാളി യുവാക്കൾ നവലിബറൽ തൊഴിലിടങ്ങളിൽ മാത്രമായി ഒതുങ്ങിയതിന്റെക പുറകിൽ ഈ ആരും തോല്ക്കാത്ത വിദ്യാഭ്യാസം മുഖ്യകാരണമാണ്. മലയാളി യുവാക്കൾ നവലിബറൽ തൊഴിലിടങ്ങളിലേക്ക് ഇക്കോണമി അടക്കമുള്ള മേഖലകളിലേക്ക് മാറുന്നതും വർധിച്ചുവരുന്ന ഗൾഫ്- യൂറോപ്യൻ കുടിയേറ്റവും ഉണ്ടാക്കുന്ന വിടവിലേക്കാണ് ഏതാണ്ട് അമ്പത് ലക്ഷത്തിനടുത്തേക്ക് വളരുന്ന അന്യസംസ്ഥാന തൊഴിലാളികൾ കടന്നുവരുന്നത്. മരിച്ചാലും ബംഗാളിക്കൊപ്പം ജോലി ചെയ്യില്ല എന്ന മലയാളിയുടെ മിഥ്യാഭിമാനവും, കുറഞ്ഞകൂലിക്ക് അന്യസംസ്ഥാനക്കാർ ജോലി ചെയ്യാൻ തയ്യാറാകുന്നതും, ഗിഗ് ഇക്കോണമി ഉണ്ടാക്കുന്ന സാമ്പത്തിക സുരക്ഷിതത്വമില്ലായ്മയും മലയാളി യുവാക്കളെ സാമ്പത്തികമായും സാംസ്കാരികമായും ഞെരുക്കുകയും മാനസികമായ വലിയ സമ്മർദ്ദത്തിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. മലയാളി കുടുംബങ്ങൾക്കിടയിൽ വളർന്നുവരുന്ന സാമ്പത്തിക അസമത്വവും, സാമ്പത്തിക അരക്ഷിതാവസ്ഥയും വലിയതോതിലുള്ള നഗരവല്ക്കരണവും, കുടുംബങ്ങൾ തന്നെ കൂടുതൽ വൈകാരികമായി അശാന്തങ്ങൾ ആകുന്നതും, ആരോഗ്യപൂർണമായ സമൂഹ്യവിനിമയത്തെ സാധ്യമാക്കുന്ന പൊതുഇടങ്ങളുടെ (കളിസ്ഥലങ്ങൾ, വായനശാലകൾ, സംവാദവേദികൾ) ഇല്ലാതാകലും, സമൂഹത്തിനകത്ത് വർധിച്ചുവരുന്ന വർഗീയതയും കേരളീയ സമൂഹത്തെ ദുർബലപ്പെടുത്തുന്ന ഘടകങ്ങൾ ആണ്. ജോലി ചെയ്യാതെ എളുപ്പത്തിൽ എങ്ങനെ പണമുണ്ടാക്കാം എന്ന് ഒരു സമൂഹം കൂട്ടമായി ചിന്തിക്കുമ്പോൾ ആണ് ലോട്ടറിയും മയക്കുമരുന്ന് കച്ചവടവും ഊഹക്കച്ചവടവും മോഷണവും കൊലപാതകവും ഒക്കെ പെരുകുന്നത്. മയക്കുമരുന്നുകൾ വില്ക്കേണ്ട സാഹചര്യവും അവ ഉപയോഗിക്കേണ്ട സാഹചര്യവും കേരളത്തിൽ ഒരുപോലെ വളർന്നുവരുന്നുണ്ട്. നവലിബറൽ മൂല്യബോധം മനുഷ്യരുടെ സാമൂഹ്യ അസ്തിത്വത്തെ തകർക്കുകയും അവരെ ഒറ്റയാൻ മനുഷ്യരാക്കി മാറ്റുകയും ചെയ്യുന്നു. ഭക്തിയുടെ വ്യാപനവും, മയക്കുമരുന്നിന്റെ വ്യാപനവും, യാതൊരു മടിയും കൂടാതെ ആളുകളെ കൊല്ലുന്നത് കൂടുന്നതും പരസ്പരബന്ധം ഇല്ലാത്ത സംഗതികൾ അല്ല. കേരളീയസമൂഹം ആഴത്തിൽ തന്നെ പുതുക്കി പ്പണിഞ്ഞുകൊണ്ടിരിക്കുന്നതിന്റെ അടയാളങ്ങളായിത്തന്നെ ഇവകളെ നമ്മൾ കാണണം. ഘടനാപരമായി തന്നെ മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് സിനിമകളുടെമേൽ പഴിചാരുന്നത് ഭാവികേരളത്തിന് ഗുണകരമല്ല. വന്യതയെ, മയക്കുമരുന്നിനെ മഹത്വവല്ക്കരിക്കുന്ന സിനിമകൾ കൂടുന്നതുകൊണ്ടല്ല സമൂഹം അങ്ങനെയാകുന്നത് മറിച്ച് അങ്ങനെയാകുന്ന സമൂഹത്തിൽ നിന്നാണ് അത്തരം സിനിമകൾ ഉണ്ടാകുന്നത്. മയക്കുമരുന്ന് ആഘോഷിക്കുന്ന, കൊലപാതകം ആസ്വദിക്കുന്ന നായകന്മാരും അവരുടെ കഥകളും ഉണ്ടാകുമ്പോൾ അതിൽ ആളുകൾക്ക് അസ്വസ്ഥത തോന്നാത്തതിന് കാരണം അത്തരമൊരു സമൂഹത്തിലാണ് അവർ ജീവിക്കുന്നതെന്ന തിരിച്ചറിവിൽ തന്നെയാണ്. സിനിമയിലല്ല നമ്മൾ വില്ലന്മാരെ തേടേണ്ടത് നമുക്കിടയിൽ തന്നെയാണ്.



**ഡോ. സുമ സി. എസ്.**
**അസോ. പ്രൊഫസർ, കെമിസ്ട്രി**
**കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്**

# സിനിമ മാറണം, നന്മയിലേക്ക്

യുവജനങ്ങൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം സമൂഹത്തിൽ വലിയ വിപത്തുകൾ സൃഷ്ടിക്കുന്നുണ്ട്. ഇന്നത്തെ യുവത വളരെ സാധാരണയെന്നോണം മയക്കുമരുന്നിന്റെ പിടിയിൽ അകപ്പെടുന്നു, അതിനു പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും. പീയർ പ്രെഷർ, മാനസിക ആരോഗ്യമില്ലായ്മ അവബോധമില്ലായ്മ, മാനസിക സമ്മർദ്ദങ്ങൾ എന്നിവ അതിൽ ചിലതാണ് .

സിനിമകൾ (ദൃശ്യമാധ്യമങ്ങൾ) സമൂഹത്തിന്റെ ഒരു പരിച്ഛേദമാണ് എന്ന് പറയാം, അങ്ങനെ പറയുമ്പോൾതന്നെ സിനിമകൾ നമ്മുടെ സമൂഹത്തെ സ്വാധീനിക്കുന്നുണ്ട് എന്ന് വേണം കരുതാൻ.

മലയാള സിനിമയിലെ ത്രില്ലറുകളും കൊലപാതകങ്ങളും യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുന്നതാണ്, അവ അതെ കാഠിന്യത്തോടെ തന്നെ തിരശീലയിൽ പകർത്തുവാൻ അണിയറപ്രവർത്തകർ ശ്രമിക്കുന്നു, 'പണി-(2024) " ഇലവീഴാ പൂഞ്ചിറ –(2022)അഞ്ചാം പാതിരാ (2020) എന്നിവ ചില ഉദാഹരങ്ങൾ മാത്രമാണ്. ഇത്തരം സിനിമകൾ കൊലപാതകങ്ങൾ നടത്തുന്നതിനായുള്ള ആശയങ്ങൾ പകർന്നു നൽകിയേക്കാം, അത് ചിലരെയെങ്കിലും സ്വാധീനിക്കുകയും ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കുറ്റവാസനയെ ഉണർത്താൻ സഹായിച്ചേക്കാം. ദൃശ്യം മോഡൽ കൊലപാതകങ്ങൾ ആലപ്പുഴയിലും തൊടുപുഴയിലും നടന്നതായി പത്രവാർത്തകളിലൂടെ നമ്മൾ വായിച്ചറിഞ്ഞിട്ടുള്ള കാര്യങ്ങളാണ്. മക്കമരുന്ന്-മദ്യം എന്നിവയുടെ ഉപയോഗം ചില സിനിമകളിലെങ്കിലും ഹീറോയിസമായി കാണിക്കുന്നുണ്ട്. യുവതലമുറയെ ഇത്തരം സിനിമകൾ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിലേക്കുള്ള പ്രചോദനമാകാം. ആവേശം , RDX എന്നിവ അത്തരം സിനിമകൾക്ക് ഉദാഹരങ്ങളാണ്

സിനിമൾ കേവലം വിനോദത്തിനുള്ള ഉപാധി മാത്രമാക്കാതെ കൊലപാതങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ ചിന്തിപ്പിക്കാനും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സഹായിക്കുന്നതായിരിക്കണം.



സാനിയ മറിയം
രണ്ടാംവർഷ ബി. എ. ഹിസ്റ്ററി

# രാഷ്ട്രീയമാണ് പ്രശ്നം

മനുഷ്യരാശി ഏറ്റവും കൂടുതൽ ആഘോഷമാക്കുന്ന ആനന്ദം കണ്ടെത്തുന്ന ദൃശ്യമാധ്യമമാണ് സിനിമകൾ. അതാത് കാലഘട്ടത്തെയും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക വിഷയങ്ങളെയും കൃത്യമായി അടയാളപ്പെടുത്തുന്ന സിനിമകളും അതോടൊപ്പം തന്നെ കാണികൾക്ക് ദൃശ്യാനുഭൂതി പകരുന്നതിന് വേണ്ടി, ആനന്ദത്തിന് വേണ്ടിയുള്ള സിനിമകളുമുണ്ട്.

എന്നാൽ ഇവയെല്ലാം ഏത് തരത്തിൽ സാധാരണക്കാരായ മനുഷ്യരെ സ്വാധീനിച്ചു എന്ന് പരിശോധിക്കണമെങ്കിൽ ഏറ്റവും നല്ല ഉദാഹരണം ചരിത്രപരമായി ജർമ്മനിയിൽ നമ്മുക്ക് കാണാം. ജർമ്മനി ഭരിച്ച കുപ്രസിദ്ധനായ ഭരണാധികാരി ഹിറ്റ്ലറും അയാളുടെ പ്രൊപ്പോഗാണ്ട മിനിസ്റ്റർ ജോസഫ് ഗീബെൽസും ചേർന്ന് നാസി ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പൊതുതാൽപര്യം ആകർഷിക്കുന്നതിനും വേണ്ടി ഉപയോഗിച്ച ഏറ്റവും ഫലപ്രധമായ ഉപകരണം സിനിമയായിരുന്നു.അവ ആ രാജ്യത്തെ വലിയൊരു ഭൂരിപക്ഷം വരുന്ന മനുഷ്യരെയും സ്വാധീനിച്ചതായും, ജർമനിയിലെ ജൂതസമൂഹത്തിനെതിരെ വികാരമുണർത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചതായും നമുക്ക് കാണാം. ഇന്ത്യയിലും ഫാസിസ്റ്റ് അജണ്ടകൾ ശക്തമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന സംഘപരിവാരവും സിനിമയെന്ന ദൃശ്യമാധ്യമത്തെ വിപുലമായി ഉപയോഗിക്കുന്നത് കാണാൻ സാധിക്കും. ഇന്നിറങ്ങുന്ന സിനിമകളിൽ ചില സിനിമകൾ ചരിത്രത്തെ അപനിർമ്മിച്ച് രാഷ്ട്രീയലാഭംകൊയ്യാൻ വേണ്ടി ശ്രമിക്കുന്നത് നാം കാണുന്നതാണ്. അവയിലൊന്നാണ് "കേരള സ്റ്റോറി". നമ്മുടെ ജനങ്ങൾക്കിടയിൽ മതവിദ്വേഷവും ജാതിവെറിയും കുത്തി കയറ്റാനുള്ള മനഃപൂർവ്വമായ ശ്രമങ്ങൾ സിനിമകളെ ഉപയോഗിച്ച് നടക്കുന്നുണ്ട്. അതിനുദാഹരണമാണ് "കേരള സ്റ്റോറി". ഫാസിസ്റ്റ് അജണ്ടകൾ പ്രോത്സാഹിപ്പിക്കുന്നതിന് സിനിമകൾ ഇറക്കുക മാത്രമല്ല സംഘപരിവാരം ചെയ്യുന്നത്. ചരിത്ര പ്രധാനമായ ഇറങ്ങിയ സിനിമകളിലെ പരിവാര രാഷ്ട്രീയത്തിനെതിരെയുള്ള ഭാഗങ്ങൾ നീക്കംചെയ്യുന്നത് അവ ഇവിടുത്തെ മനുഷ്യരെ സ്വാധീനിക്കും എന്ന പേടി കൊണ്ടാണ്."എംപുരാൻ" സിനിമ ഇറങ്ങിയ സമയത്ത് അവർക്ക് ഹാലിളകിയതും നേരത്തോട് നേരത്തിന് സെൻസർ ചെയ്തതും നമ്മൾ കണ്ടതാണ്. 2002ലെ ഗുജറാത്ത് വംശഹത്യയുടെ നേർചിത്രമായിരുന്ന സിനിമയിൽ കാണിച്ചത്.

നല്ല സന്ദേശങ്ങളും ചരിത്രവും പറയുന്ന അല്ലെങ്കിൽ കുടുംബാസ്വാദകരെ കൂടുതൽ ആകർഷിക്കുന്ന സിനിമകളെക്കാൾ അരാഷ്ട്രീയ ആക്ഷൻ സിനിമകൾക്കും ഈ കാലഘട്ടം വേദിയായി. അടുത്തകാലത്ത് ഇറങ്ങിയ "മാർക്കോ" പോലുള്ള സിനിമകൾ വലിയ ചർച്ചകൾക്ക് തന്നെ വഴിവെച്ചിരുന്നു. നന്മയും സ്നേഹവും, സഹാനുഭൂതിയും മാത്രമല്ല ദേഷ്യവും, വെറുപ്പും, വിദ്വേഷവും സൃഷ്ടിക്കാൻ അത്തരം സിനിമകൾക്ക് സാധിക്കുന്നു. പുതുതലമുറയിലെ പ്രത്യേകിച്ച് സ്കൂൾകുട്ടികൾ ഇത്തരം സിനിമകളെ ആഘോഷമാക്കുകയും വ്യക്തിജീവിതത്തിൽ അത് പകർത്താനുള്ള ശ്രമവും ഉണ്ടാക്കുന്നു. കോഴിക്കോട് താമരശ്ശേരിയിൽ സഹപാഠികളുടെ കൈകൊണ്ട് മരണപ്പെട്ട കുട്ടിയടക്കം നമുക്ക് മുമ്പിലെ ഉദാഹരണങ്ങളാണ്. നന്മ പരത്തുന്ന സിനിമകൾ നന്മചെയ്യാൻ പ്രേരിപ്പിക്കും പോലെ തന്നെ ഇത്തരം തിന്മയും അക്രമവും പറയുന്ന സിനിമകൾ ചെറിയൊരു ഭൂരിപക്ഷത്തിന്റെ ഉള്ളിലെങ്കിലും തിന്മ പ്രവർത്തിക്കാൻ കാരണമാകുന്നു. സിനിമകൾ വലിയൊരു സമൂഹത്തെ സ്വാധീനിക്കയാൽ അവ കുറച്ചുകൂടി ജനനന്മ ഉണർത്തുന്നതാവണം.





ഭരത് ഐ. ബി.
ഒന്നാംവർഷ ബി. എ. ഹിസ്റ്ററി

# സിനിമയെന്ന ഉൽപ്രേരകം

ഒരാൾ ഒരു മനുഷ്യനെ മൃഗീയമായി കൊലപ്പെടുത്തിയാൽ, ഒരു ജീവൻ പൊലിഞ്ഞു എന്നതിലുപരിയായി കൊല എങ്ങനെ നടന്നു, പഴയ മാർഗങ്ങളിൽ നിന്ന് പുതിയ വല്ലതും കൊലയാളി ഉപയോഗിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതാണ് മുൻനിര മാധ്യമങ്ങൾക്ക് എല്ലാം താല്പര്യം. പലപ്പോഴും കൊലപാതകപരമ്പരകൾ റേറ്റിങ്ങിനു വേണ്ടി ആഘോഷിക്കപ്പെടുന്ന മാധ്യമങ്ങളുള്ള സമൂഹത്തിലാണ് നമ്മളെല്ലാം ഇപ്പോഴുള്ളത്.

മലയാളികളുടെ വിശ്രമവേളകൾ ആനന്ദകരമാക്കുന്നതിൽ പണ്ടുകാലം മുതൽക്കേ സിനിമയ്ക്ക് ചെറുതല്ലാതെ സ്ഥാനമുണ്ട്. സിനിമകൾ മനുഷ്യരെ പൂർണമായി സ്വാധീനിക്കുന്നില്ല എന്ന് പറയാൻ തരമില്ല. പക്ഷേ അത് എത്തരത്തിൽ സ്വാധീനിക്കുന്നു എന്നതാണ് പ്രധാനം. സിനിമ കളക്ടീവായി ആളുകളുടെ വികാരങ്ങളെ സ്വാധീനിക്കും. ഉദാഹരണത്തിന് മതപരമായ വിശ്വാസങ്ങൾ,

ദേശീയത തുടങ്ങിയവയെ സിനിമ ഉണർത്തിയേക്കും. ആളുകളുടെ ജീവിതശൈലികളുടെ മാറ്റത്തിലും ഒരു പരിധിവരെ സിനിമയുടെ സ്വാധീനം കാണാം, വസ്ത്രധാരണം, ഹെയർ സ്റ്റൈൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന് അൽഫോൺസ് പുത്രൻ സംവിധാനം ചെയ്ത സിനിമ പ്രേമം 2015 ൽ പുറത്തിറങ്ങിയപ്പോൾ ആ വർഷത്തെ ഓണപ്പരിപാടിയിൽ തിളങ്ങി നിന്ന ഡ്രസ്സ് കോഡ് ആ ചിത്രത്തിലെ കറുത്ത ഷർട്ടും വെള്ളമുണ്ടുമായിരുന്നു,

മദ്യം മയക്കുമരുന്ന് വയലൻസ് എന്നിവ ഗ്ലോറിഫൈ ചെയ്യുന്ന സിനിമകൾ അത്തരം പ്രവർത്തികളെ നോർമലൈസ് ചെയ്യുകയാണ് ചെയ്യുന്നത്. തുടർച്ചയായി അക്രമം മാത്രമുള്ള സിനിമ കാണുന്ന വ്യക്തികളുടെ അത്തരം ചെയ്തികൾ നിസ്സാരമായ ഒന്നായി സ്റ്റോർ ചെയ്യപ്പെടാൻ സാധ്യതയുണ്ട്. പൊതുബോധം പറയുന്നത് അനുസരിച്ച് ദൃശ്യം മോഡൽ കൊലപാതകങ്ങൾ ഉണ്ടാകാൻ ആ സിനിമ മാത്രമാണ് കാരണം.

മാർക്കോ എന്ന സിനിമ കണ്ടതിനാലാണ് ഇന്നത്തെ യുവാക്കൾ നിഷ്കരുണം "ആളുകളെ കൊല്ലാൻ മടിക്കാത്തത് " എന്ന് പലരും പറയുന്നു. അങ്ങനെയാണെങ്കിൽ എത്രയെത്ര സിനിമകൾ നാളിതുവരെ ഇറങ്ങിയിട്ടുണ്ട്, അതിലെയെല്ലാം കഥാപാത്രങ്ങൾ നമ്മളായി മാറേണ്ട സമയം അതിക്രമിച്ചല്ലോ. അത് എന്തുകൊണ്ട് സംഭവിക്കുന്നില്ല.?

ഉദാഹരണത്തിന് 2017ൽ പുറത്തിറനാങ്ങിയ മോഹൻലാൽ ചിത്രമാണ് " "മുന്തിരിവള്ളികൾ തളിർക്കുമ്പോൾ" എന്ന സിനിമയെടുക്കാം. കല്യാണം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞപ്പോൾ തന്റെ ഭാര്യയ്ക്ക് വേണ്ടത്ര പരിഗണന കൊടുത്തിട്ടില്ല ഇന്ന് മോഹൻലാലിന് തോന്നിയതും അയാൾ അയാളുടെ ഭാര്യയെ സ്നേഹംകൊണ്ട് നിറയ്ക്കുന്നതുമാണ് ഈ കഥയുടെ പ്രമേയം. ഈ സിനിമ കണ്ടതിനുശേഷം എത്ര ഭർത്താക്കന്മാർ തന്റെ ഭാര്യയ്ക്ക് വേണ്ടത്ര പരിഗണന നൽകാൻ തീരുമാനിച്ചു ? എത്ര കുടുംബങ്ങളിൽ ഭാര്യ- ഭർതൃ തർക്കങ്ങൾ കെട്ടടങ്ങി? അങ്ങനെയാണെങ്കിൽ കുടുംബകോടതിയുടെ ആവശ്യമില്ലല്ലോ. ഇതുപോലെ കുറച്ച് ഫീൽ ഗുഡ് ചിത്രങ്ങൾ ഇറക്കി വിട്ടാൽ പോരെ? ഉയരെ എന്ന ചിത്രത്തിൽ പ്രണയം നിരസിച്ച പെൺകുട്ടിയുടെ മുഖത്ത് പഴയ കാമുകൻ ആസിഡ് ഒഴിക്കുന്നതും പാർവതി തിരുവോത്ത് അവതരിപ്പിച്ച പല്ലവി രവീന്ദ്രൻ എന്ന കഥാപാത്രം അനുഭവിച്ച വേദനയും, ആ കുട്ടിയുടെ സ്വപ്നങ്ങൾ ചിറകറ്റു പോയതും സിനിമ തുറന്നു കാട്ടുന്നുണ്ട്. എന്നിട്ടും ഇപ്പോഴും കേരളത്തിൽ ആഡിഡ് അറ്റാക്കുകൾ നടക്കുന്നില്ലേ ?

സത്യത്തിൽ ഇവിടെ സിനിമ എന്ന വിഷയത്തെ സമീപിക്കുന്നതിനു മുൻപായി ഇത് കാണുന്ന പ്രേക്ഷകനെയാണ് നമ്മൾ പഠനവിഷയമാക്കേണ്ടത്. ഇത്തരം മൃഗീയമായ ആക്രമങ്ങൾ നടത്തിയവരുടെയൊക്കെ പൂർവ്വചിത്രം പരിശോധിച്ചാൽ എത്ര കണ്ട് ശോഭനമായ പശ്ചാത്തലത്തിൽ ഒന്നുമായില്ല അവർ വളർന്നതെന്നു കാണാം. കിട്ടേണ്ട കാലത്ത് ലഭിക്കേണ്ടതായ പരിഗണനയും, സ്നേഹവും, കരുതലും, സഹാനുഭൂതിയും ഇക്കൂട്ടത്തിൽ മിക്കവർക്കും കിട്ടിയിരിക്കാൻ വഴിയില്ല. കുടുംബസാഹചര്യം, സാമൂഹികസാഹചര്യം, കൂട്ടുകെട്ട്, വിദ്യാഭ്യാസനിലവാരം ആയുധങ്ങൾ എളുപ്പത്തിൽ കിട്ടാനും ഉപയോഗിക്കാനും ഉള്ള സാഹചര്യം എന്നിവയ്ക്കും ഇതിൽ പങ്കുണ്ട്. അങ്ങനെ ഉടലെടുക്കുന്ന രോഷവും നിരാശയും ആയിരിക്കും ഇത്തരം ആക്രമ ചേതനകൾ ഒരാളിൽ ജനിപ്പിക്കുന്നത്. സിനിമ ഇതിൽ ഒരു ഉൽപ്രേരകം ആകുന്നുവെന്നു മാത്രം.



അഞ്ജൽ കൃഷ്ണ എൻ.
മൂന്നാംവർഷ ബി.എ. മലയാളം

# കേരളത്തിന്റെ പ്രശ്നം

അടുത്തകാലത്തായി കേരളത്തിൽ വിവാദമുണ്ടാക്കിയ കൊലപാതകങ്ങൾക്ക് കാരണം അക്രമം കാണിക്കുന്ന സിനിമകളാണ്. എന്ന വാദത്തോട് എന്തുകൊണ്ടോ ഞാൻ ഒട്ടുംതന്നെ യോജിക്കുന്നില്ല. സിനിമലോകം ഇന്ന് ഉണ്ടായതോ രൂപപ്പെട്ടതോ ഒന്നുമല്ലല്ലോ. ഇന്നത്തെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കും കാരണം സിനിമാലോകമാണെന്ന ചിന്ത നിങ്ങളെയും നിങ്ങളുടെ ചിന്താഗതിയെയും ഇല്ലാതാക്കിയെന്നേ എനിക്ക് പറയാനാകൂ.

ഇനി ഞാനൊന്നു പറയട്ടെ, അക്രമം മാത്രം നടക്കുന്ന ഈ കേരളം എങ്ങനെ ഈ സ്ഥിതിയിലേക്കെത്തി എന്ന ചിന്ത നിങ്ങളിലേക്കെത്തിച്ച ഒരു ഉത്തരമാണോ സിനിമാലോകം?

അക്രമാസക്തരായ മനുഷ്യർ അതും കേരളത്തിൽ കൂടുന്നതിന്റെ കാരണം എന്റെ കാഴ്ചപ്പാടിൽ തികച്ചും നിയമങ്ങളുടെയും ഭരണവീഴ്ചയുടേയും പശ്ചാത്തലത്തിലാണ്."ഇത് കേരളമാണ് ഇവിടെ ഇങ്ങനെയാണ്" എന്ന ചിന്തയാണ് ഓരോരുത്തരെയും അക്രമ ചിന്തയുള്ളവരാക്കി മാറ്റുന്നത്.

എത്രയെത്രപേരുടെ ജീവനും ജീവിതവുമാണ് ഈ കഴിഞ്ഞ കാലയളവിൽ ഇല്ലാതായിരിക്കുന്നത്. ഇന്നത്തെ തലമുറ ഏറെ വളർന്നിരിക്കുന്നു. എന്ത് ചെയ്താലും അനുഭവിക്കാൻ പോകുന്നതിനെ പറ്റി പൂർണ്ണ ബോധ്യവാൻമാരാണ് ഓരോരുത്തരും.

ഇന്നത്തെക്കാലത്ത് ഒട്ടുമിക്ക മനുഷ്യരും ലഹരിക്ക് അടിമകളാണ്. ഒരുപക്ഷെ ഈ അക്രമങ്ങൾക്ക് ഏറെ പങ്കുവഹിക്കുന്നത് ഒരുവിധത്തിൽ ഈ ലഹരി തന്നെയാണ്. ആൺപെൺ വ്യത്യാസം കൂടാതെ നമുക്ക് അത് ശരിവക്കാവുന്നതുമാണ്. കുറെയേറെ അക്രമാസക്തത വളരുന്നത് അത് വഴിയാണ്. നിയമം കയ്യിലെടുക്കാൻ കഴിയില്ലെങ്കിലും കഴിയുന്നവർ കണ്ണടക്കുന്നത് കൊണ്ടാണ് നമ്മുടെ കേരളം ഇങ്ങനെയായി മാറുന്നത്. എന്തുചെയ്താലും എങ്ങനെയൊക്കെ ആയാലും ഒരു മാറ്റവുമില്ലാത്ത ഈ ലോകം എന്തിനു ഭയക്കണം, ആരെ ഭയക്കണം.


ഓർമ്മിക്കാൻ ഒന്നേയുള്ളൂ....





വര

അമൽ



**ഡോ. ബിനോദ് ബാബു കെ. ബി.**
**അസി. പ്രൊഫസർ, ഹിന്ദിവിഭാഗം,**
**കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്**

# ലഹരിയും അനുകരണവും

സിനിമ ഒരു കലാരൂപം എന്ന നിലക്കും ദൃശ്യമാധ്യമം എന്ന നിലക്കും മനുഷ്യരെ തീർച്ചയായും സ്വാധീനിക്കുന്നു പക്ഷേ സിനിമയുടെ സ്വാധീനം പലരിലും പലതലത്തിലാണ് അത് പ്രേക്ഷകന്റെ വൈകാരിക ബൗദ്ധിക നിലവാരം അനുഭവജ്ഞാനം പ്രായം നിലവിലെ മാനസിക അവസ്ഥ എന്നീ ഘടകങ്ങൾ അനുസരിച്ചായിരിക്കും അതുകൊണ്ട് സമൂഹത്തിലെ കുറ്റകൃത്യങ്ങൾക്ക് വിവാദമുണ്ടാക്കിയ കൊലപാതകങ്ങൾക്ക് പ്രേരണ അക്രമം മുഖ്യവിഷയം ആയ  സിനിമകൾ മാത്രമെന്ന് കരുതാനാകില്ല.സിനിമ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത് യുവ മനസ്സുകളിൽ ആണ് അതുകൊണ്ട് യുവാക്കളിൽ അക്രമവാസനയും ലഹരി ഉപയോഗവും വ്യാപകമാകുന്നതിന് സമകാലിക സിനിമകൾ ഒരു പരിധിവരെ കാരണമാകുന്നുണ്ട് യുവാക്കളിലെ അനുകരണവാസന മൂലം സിനിമകളിലെ നായകന്മാർ അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ അനുകരിക്കപ്പെടുന്നുണ്ട്. ലഹരിയുടെ ഉപഭോഗം സിനിമയിൽ എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നുള്ളതും യുവാക്കളെ സ്വാധീനിക്കുന്ന ഘടകം തന്നെയാണ്

**മുഹമ്മദ് മുഹ്സിൻ കെ.**
**മൂന്നാംവർഷ ബി. എസ്. സി. സുവോളജി**

# സിനിമയും ജീവിതവും വേറെയാണ്

"അയൽവാസിയെ കൊന്നു ;കുഴിച്ചിട്ടത് ദൃശ്യം മോഡലിൽ", "ഡോൺ ആകാൻ ചെറുപ്പക്കാരൻ ബോംബയിൽ എത്തിയത് KGF കണ്ട് ", " സുഹൃത്തിന്റെ മുഖത്തിടിച്ചത് എന്തിനെന്നുള്ള ചോദ്യത്തിന് 12 വയസ്സുകാരൻ മറുപടി നൽകിയത് മാർകോ ഇങ്ങനെയാണെന്ന് "

കേരളത്തിൽ കുറച്ചുകാലങ്ങളായി നടന്ന ചില കുറ്റകൃത്യങ്ങളുടെ തലക്കെട്ടുകളാണ് ഇവ. നമ്മുടെ നാട്ടിൽ കൊലപാതകങ്ങൾ പുതുമയുള്ള കാര്യമല്ലെങ്കിലും ഈയെടുത്തായി നടന്നുകൊണ്ടിരിക്കുന്ന നിസാര കാരണങ്ങൾക്ക് പുറകിലുള്ള കൊലപാതങ്ങളും തർക്കങ്ങളും കേരളക്കരയിൽ ഉണ്ടാക്കിയ ഭീതി ചെറുതല്ല. നോർത്തിന്ത്യയിലും മറ്റും മാത്രം കേട്ടിരുന്ന ക്രൂര കൊലപാതക മാർഗങ്ങൾ പൂർണ സാക്ഷരതയുള്ള കേരളത്തിലും സ്ഥിരം കേൾവിയും കാഴ്ചയും ആയതു കണ്ണടച്ച് തുറക്കുന്ന വേഗത്തിൽ തന്നെയാണ് . രണ്‌ബീറിന്റെയും കൂട്ടരുടെയും വായടപ്പിച്ചു തിരിച്ചു നേടിയെടുത്ത 100% ലിറ്ററസിയിൽ ഇത്തരം ചെയ്തികളിൽ വരുന്ന കോട്ടങ്ങൾ ചൂണ്ടിക്കാട്ടാൻ സാക്ഷരതയുള്ള കേരള പൗരന് പറ്റുന്നില്ല എന്നതാണ് സത്യം.

ഇപ്പോൾ തീർച്ചയായും സിനിമയിൽ വയലൻസിന് ഒരു ഫാൻബേസ് ഉണ്ട്. അത് കൊണ്ട് തന്നെ വയലൻസിന് ഫോക്കസ് നൽകി കൊണ്ട് ഇറങ്ങുന്ന സിനിമകളും വർധിക്കുന്നുണ്ട്. ആദ്യം വില്ലൻ കഥാപാത്രങ്ങൾ മാത്രം ചെയ്തിരുന്ന വയലൻസ് നായകന്മാരും ചെയ്യാനാരംഭിക്കുമ്പോൾ ഇത് കണ്ട് ആവേശം കൊള്ളുന്ന ചെറിയ കുട്ടികൾ മുതൽ വയസ്സായവരിൽ വരെ സ്വാധീനം ചെലുത്തുന്നത് സാധാരണ കാര്യമല്ലേ?... ചെറുപ്പത്തിൽ തന്നെ വീട്ടുകാരുടെ ഒപ്പം സിനിമ കാണുന്ന കുട്ടികൾക്ക് കാണാൻ സാധിക്കുക റൊമാന്റിക് സീനുകളിൽ കണ്ണടക്കാൻ പറയുന്നതും ഫൈറ്റ് സീനുകളിൽ കയ്യടിക്കുന്നതും ആർപ്പ് വിളിക്കുന്നതുമായ രക്ഷകർത്താക്കളെയാണ്. കൂടാതെ മൂന്നാലു പേരെ ഒറ്റക്ക് ഇടിച്ചിടുന്ന,  കൊലപാതകങ്ങൾ നിസ്സാരവത്കരിക്കുന്ന ഒരു കഥാപാത്രത്തിനു കിട്ടുന്ന ജനസ്വീകാര്യത മാത്രം പോരെ നമ്മുടെ കുട്ടികൾക്കു ഇതാണ് ശരിക്കുള്ള ഹീറോയിസം എന്ന് കരുതാൻ?



കൂടാതെ ലഹരിക്ക് സിനിമയിൽ കൊടുക്കുന്ന ഒരു നായകപദവി ജനങ്ങളെ സ്വാധീനിക്കില്ലന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

സിഗരറ്റ് സ്റ്റൈലിൽ വലിക്കുന്ന, കയ്യിൽ എപ്പോഴുംമദ്യക്കുപ്പിയും പിടിച്ച് സ്ലോ മോഷനിൽ നടക്കുന്നതൊക്കെ ഒരു ഹീറോയുടെ വിശേഷണങ്ങൾ ആണെന്നതു മലയാളിയുടെ മനസ്സിൽ വേരുപിടിച്ച ചിന്തകളിൽ ഒന്നാണ്. സിനിമയിൽ രാസലഹരികൾ ഉപയോഗിക്കുന്ന ഒരു കഥാപാത്രത്തിനു ലഭിക്കുന്ന സ്വർഗീയ അനുഭൂതി കണ്ടുനിൽക്കുന്ന ചെറുപ്പക്കാരെ ഏത് പക്ഷത്തേക്ക് ആകർഷിക്കുമെന്നാണ് കരുതേണ്ടത്?

ഇതിനൊക്കെ മറുവശത്തു നല്ലരീതിക്കു മനുഷ്യനെ സ്വാധീനിക്കുന്ന എത്ര എത്ര സിനിമകൾ ആണ് പുറത്തിറങ്ങുന്നത്. ഇതിൽനിന്ന് ജീവിതം തിരിച്ചു നേടിയ എത്ര ജീവിതങ്ങൾ ഉണ്ടാകും. നല്ലവനാകാൻ പറയുന്ന, മനുഷ്യരെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന, ശത്രുവിനോട് പൊറുക്കാൻ പഠിപ്പിക്കുന്ന, നന്നായി ജീവിക്കാൻ പഠിപ്പിക്കുന്ന സിനിമകൾ കണ്ടില്ലെന്നു നടിക്കുന്നതിലും ന്യായമില്ലല്ലോ.

നിരന്തരം പുരോഗതികൾ വന്നുകൊണ്ടിരിക്കുന്ന സമൂഹത്തിൽ ഈ പുരോഗതിക്കനുസരിച്ചുള്ള വിദ്യാഭ്യാസം നൽകുക എന്നതല്ലേ പ്രാധാന്യം. സിനിമ തൊട്ടു സമൂഹ മാധ്യമങ്ങളോട് ഓരോന്നിനോടും എങ്ങനെ സമീപിക്കണം എന്ന വ്യക്തമായ ഒരു കാഴ്ചപ്പാട് കുട്ടികളിൽ നല്ല രീതിക്കുള്ള മാറ്റമുണ്ടാക്കില്ലേ?. ഈ ഡിജിറ്റൽ യുഗത്തിൽ മൊബൈൽ ഫോൺ ഉപയോഗം നിരോധിക്കുന്നതിനേക്കാൾ അതായിരിക്കില്ലേ നല്ലത്. ഗെമിംഗ് തൊട്ട് പോസ്റ്റിങ്ങിൽ വരെ ചിട്ട വരട്ടെ. പഠനം കൊണ്ട് ജോലി നേടി പണം സമ്പാദിക്കുന്ന വിദ്യാസമ്പന്നർക്ക് പുറമെ നേടിയ വിദ്യ ഉപയോഗപ്പെടുത്തുന്നവരും ഉണ്ടാവട്ടെ.

**അനർഘ ബി.**
**രണ്ടാംവർഷ ബി. എ. മലയാളം**

# ജീവിതമാണ് പ്രധാനം

സിനിമ എല്ലാ മനുഷ്യരെയും സ്വാധീനിക്കുന്നു എന്നു ഞാൻ പറയുന്നില്ല. ഓരോ സിനിമ കാണുമ്പോഴും നമ്മൾ അത് അനികരിക്കാൻ ശ്രമിക്കുന്നു. ലഹരിയുടെ കാര്യത്തിലും അങ്ങനെ തന്നെയാണ് ഉദാഹരണത്തിനു നമ്മൾ കോളേജ് ക്യാമ്പസ് സിനിമയിൽ ഓക്കേ കാണുന്നത് പോലെയാണ് എന്നു വിചാരിച്ചു നമ്മൾ വരുമ്പോൾ ഒരിക്കലും അങ്ങനെ ആയിരിക്കില്ല ക്യാമ്പസ് അതുപോലെ തന്നെയാണ് സിനിമയിൽ ലഹരി ദൃശ്യങ്ങൾ കാണുമ്പോൾ ഉപയോഗിക്കാൻ തോന്നുന്നു പിന്നെ അതിനു അടിമയായി തീരും അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലേക്ക് മാറുന്നു.

സിനിമ കൊണ്ട് ചിലർ നല്ലവരാകുകയും ചിലർ മോശക്കാരവുകയും ചെയ്യുന്ന സിനിമയുടെ നിർമാണം തന്നെ കഴ്ചകാരെ ആകർഹിക്കുക എന്നതാണ് സമൂഹത്തിൽ നടക്കുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയാണ് സിനിമ നിർമിക്കുന്നത് നമ്മൾ പല സിനിമകളിലും കാണുന്ന ഒരു കര്യമാണ് ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുമ്പോൾ ആരെ ആക്രമിക്കാൻ ശ്രമിക്കുകയാണ്

സമൂഹത്തിൽ നടക്കുന്നതും ഈ കര്യങ്ങൾ തന്നെയാണ്. സിനിമ മാത്രമല്ല സേഷ്യൽ മീഡിയെയും ലഹരി ഉപയോഗിക്കുന്നതിനും സ്വാധീനിക്കുന്നുണ്ട്. ഒരോ വ്യക്തിക്കൾക്കും വ്യത്യാസജീവിത സഹചര്യങ്ങളാണ് എന്തെങ്കിലും ഒരു പ്രശ്നം വരുമ്പോൾ അവരെ കേൾക്കുക, കുറ്റപ്പെടുത്തിരിക്കാൻ ശ്രമിക്കുക പറഞ്ഞു മനസിലാക്കി പുതിയൊരു ജീവിതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക

കഥ
ഫാത്തിമത്തുൾ മിസ്രിയ
രണ്ടാവർഷ എം. എസ്. സി. മാത്തമാറ്റിക്സ്

മനീഷിന്റെ കൈപിടിച്ച് അന്ന വീട്ടിൽ കയറിച്ചെല്ലുമ്പോൾ ഉള്ളാകെ ഒന്ന് വിറച്ചിരുന്നു. പൂമുഖത്ത് എത്തിയപ്പോൾ കണ്ടു ഒരു പെൺകുട്ടി നാലോ അഞ്ചോ വയസ്സ് മാത്രം പ്രായമായ ചുരുളൻ മുടിയുള്ള പെൺകുട്ടി. അവൾ മണ്ണിൽ കളിച്ചുകൊണ്ടിരിക്കുകയാണ്. കാലുകൾക്കു മുമ്പ് എപ്പോഴോ വെള്ളയായിരുന്നെന്ന് തോന്നിക്കുന്ന ഇപ്പോൾ അഴുക്കും ചെളിയും പുരണ്ടിരിക്കുന്ന ഒരു സിമ്മീസ് ധരിച്ചിട്ടുണ്ട്. കയ്യിലെ മണ്ണിന്റെ ബാക്കി പാത്രം എന്നോണം മുഖത്തും കയ്യിലും എല്ലാം കാണുന്നുണ്ട്. എന്തൊക്കെ പറഞ്ഞാലും ചൈതന്യം ഉള്ള മുഖം.

പെട്ടെന്നാണ് മുറ്റത്തേക്ക് ഒരു സ്ത്രീ ഇറങ്ങുന്നത് "ഏതാ ഈ പെണ്ണ്" അവൾ ക്ഷമഭിതയായി. ആ സ്ത്രീയ്ക്ക് എന്നെക്കാൾ മൂന്നോ നാലോ വയസ്സ് കൂടുതൽ ഉണ്ടെന്ന് തോന്നി.

"ഇതാണ് എന്റെ ഭാര്യ "

മനീഷ് എന്നെ ചേർത്തുപിടിച്ചു പറയുമ്പോൾ ഒരു ഇളം പുഞ്ചിരി



**നേരെ കണ്ട ഒരു മുറിയിലേക്കാണ് ആദ്യം. അവിടെയുള്ള ചെറിയൊരു കട്ടിലിൽ ഞാൻ ഇരുന്നു. ഏതോ ഒരു ഭ്രുതുരുത്തിൽ എത്തിപ്പെട്ടതായി എനിക്ക് തോന്നി. ചുറ്റും നിന്ന് ആരൊക്കെയോ എന്നെ കളിയാക്കുന്നു, എന്നെ നോക്കി കണ്ണീർ വാർക്കുന്നു, ഇരുട്ടിൽ എന്നെപ്പോലെ ഉള്ള പലരും തലതല്ലി മരിക്കുന്നു.**



എന്നിൽ നിറഞ്ഞു. ഇതാണ് എനിക്ക് അവനെ ഇഷ്ടപ്പെടുവാൻ കാരണം. ഒരു പ്രായം കഴിഞ്ഞതിന് പിന്നെ അച്ഛനും അമ്മയും ആരും എന്നെ ചേർത്ത് പിടിച്ചിട്ടില്ല. പക്ഷേ ഇവൻ അത് ചെയ്തു. അതുകൊണ്ടാണ് ബംഗ്ലാവ് പോലെ ഒരു വീടും അതിലെ ആളുകളെയും വിട്ട് അവൻ അടുത്തേക്ക് മനം കുതിച്ചതും അവരെയും അറിയാതെ ഒന്നും അന്വേഷിക്കാതെ കൃഷ്ണന്റെ അമ്പലത്തിൽ വച്ച് താലികെട്ടിയതും.

" അപ്പോൾ ഞാൻ നിങ്ങളുടെ ആരാ" ആ സ്ത്രീയുടെ ചോദ്യമാണ് എന്നെ ചിന്തകളിൽ ഉണർത്തിയത്. ഞാനവരെ നോക്കി അവരുടെ മുഖത്ത് പലതരം ഭാവങ്ങൾ എന്നാൽ മനുഷ്യന്റെ മുഖത്ത് പുച്ഛമാണ് പിന്നെ അത് മാറി ചെറുചിരി.

" നീ എന്റെ ഒന്നാം ഭാര്യ " ഇതെന്റെ രണ്ടാം ഭാര്യ. അവളെ ഇന്ന് രാവിലെ ഞാൻ അങ്ങ് കെട്ടി ഒരുപാട് സ്വത്തും പണവും ഉള്ള കൂട്ടത്തിലാ.... നല്ലപോലെ തിന്നാൻ കൊടുത്തേക്കണം ഒന്നൂടെ കൊഴക്കട്ടെ "

അയാളുടെ വെളിപ്പെടുത്തൽ അക്ഷരാർത്ഥം എന്നെ ഞെട്ടിച്ചു കളഞ്ഞിരുന്നു. ഞാൻ.... ഞാൻ രണ്ടാം ഭാര്യയോ അപ്പോൾ ഇയാൾ എന്നെ ചതിക്കുകയായിരുന്നു?. കണ്ണുനീരി പുകയുന്നത് പോലെ.

ആ സ്ത്രീയുടെ കരച്ചിലും ബഹളവും എല്ലാം ചെറുതായി കേൾക്കാം. കുറച്ചു കഴിഞ്ഞപ്പോഴേക്കും ബോധതലത്തിലേക്ക് ഞാൻ തിരിച്ചെത്തിയിരുന്നു. അയാൾ അവളെ തല്ലുന്നുണ്ട് ആ കുട്ടി അയാളുടെ കയ്യിൽ ചുറ്റിപ്പിടിച്ചിരിക്കുന്നു. യാതൊരുവിധ ആയവുമില്ലാതെ ആ കുട്ടിയെ അയാൾ കുടഞ്ഞെറിഞ്ഞു. പിന്നീട് മടൽ എടുക്കുന്നതും മനീഷ് ആ സ്ത്രീയെ തല്ലുന്നതും അവരുടെ വായിൽ നിന്ന് ചോര വരുന്നതും അവൾക്ക് കണ്ട് നിൽക്കാൻ മാത്രമേ ആയുള്ളൂ. അയൽക്കാർ ഒന്ന് എത്തിനോക്കി 'ഇന്ന് രാവിലെ തന്നെ തുടങ്ങിയോ 'എന്ന് തിരിഞ്ഞു പോയതും കണ്ടു ഞാൻ അകത്തേക്ക് കയറി.

നേരെ കണ്ട ഒരു മുറിയിലേക്കാണ് ആദ്യം. അവിടെയുള്ള ചെറിയൊരു കട്ടിലിൽ ഞാൻ ഇരുന്നു. ഏതോ ഒരു ഭ്രുതുരുത്തിൽ എത്തിപ്പെട്ടതായി എനിക്ക് തോന്നി. ചുറ്റും നിന്ന് ആരൊക്കെയോ എന്നെ കളിയാക്കുന്നു, എന്നെ നോക്കി കണ്ണീർ വാർക്കുന്നു, ഇരുട്ടിൽ എന്നെപ്പോലെ ഉള്ള പലരും തലതല്ലി മരിക്കുന്നു.

വീട്ടുകാരെ ഉപേക്ഷിച്ച് വന്നത് ആണ് ഞാൻ, അവർ എനിക്ക് വേണ്ടി എനിക്കിഷ്ടമല്ലാത്ത ഒരു ചെക്കനെ കല്യാണം കഴിപ്പിക്കാൻ ആലോചിച്ചപ്പോൾ, പെണ്ണുകാണലും വാക്കു കഴിഞ്ഞിരുന്നു. അപ്പോൾ എന്റെ ഉള്ളിൽ മനീഷ് ആയിരുന്നു. അയാളുടെ സ്നേഹമായിരുന്നു, ഒന്നിച്ച് ജീവിക്കാനുള്ള കൊതിയായിരുന്നു, അതിനിടയിൽ വന്ന ആ ചെറുക്കനെ ഗൗനിച്ചില്ല ഒരു ചെരി പോലും സമ്മാനിച്ചില്ല. എല്ലാം എന്തിനായിരുന്നു മനീഷ് ആ കുഞ്ഞിനെ പോലും ഉപദ്രവിക്കുന്നത് കണ്ടു ഉൾക്കിടിലം മാറിയിരുന്നിട്ടില്ല.

ഞാൻ മുറിയിൽ മുഴുവൻ കണ്ണോടിച്ചു പുറത്തെ ബഹളങ്ങൾ ഏകദേശം അവസാനിച്ചിരുന്നു. മുറിയിൽ മൂന്ന് ചിത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. ഒന്നിന് ചില്ലില്ല, ഒന്നിന്റെ ജില്ല ഭാഗികമായി തകർന്നിരിക്കുന്നു. ചിത്രങ്ങളിൽ നിന്ന് ആ കുട്ടി അയാളുടെ മകൾ ആണെന്നും ആ സ്ത്രീ ഭാര്യ ആണെന്നും മനസ്സിലാക്കി.

മനസ്സ് വീണ്ടും ആ പഴയ തുരുത്തിൽ എത്തിപ്പെട്ടു. ഇപ്രാവശ്യം എനിക്കൊപ്പം എന്നോട് ചേർന്ന് ആ അമ്മയും മകളും കൂടി ഉണ്ടായിരുന്നെന്ന മാത്രം. കണ്ണീരിന്റെ വേലി തീർത്ത ആ തുരുത്തിൽ ചതിയുടെ മണ്ണ് പാകിയിരിക്കുന്നു. അവിടെ മുളം പൊട്ടുന്ന ഓരോ മനുഷ്യനും അയാളുടെ ചതിയിൽ പെട്ട് ഇവിടെ എത്തിയതാകാം. അതിലെ ഓരോ പേരും പല ജാതി ജനങ്ങളിലെ ശാപങ്ങൾ ആകാം. തുരുത്തിന്റെ ഏറ്റവും അറ്റത്ത് ഒരു കൈ കണ്ടു. അതിൽ നിറയെ പൂക്കളും.

ഒരു ഗ്ലാസ് എന്റെ നേരെ നീണ്ട് വന്നു അത് ആ സ്ത്രീ നീട്ടിയതായിരുന്നു. നിർവികാരമായ ആ മുഖത്തേക്ക് നോക്കി. അവളുടെ മുഖം പലഭാഗവും വീർത്തു വന്നിരിക്കുന്നു, കഴുത്തിലും കയ്യിലും നീലിച്ച പാട് കാണാം. പിന്നെ ഏതാനും പൊള്ളിയ പാടുകളും അത് മുന്നേ ഉള്ളതാണെന്ന് ഒറ്റക്കാഴ്ചയിൽ മനസ്സിലാക്കാം. താൻ നോക്കുന്നു എന്നറിഞ്ഞപ്പോൾ സാരിയുടെ തലപ്പത്ത് കൊണ്ട് അവൾ അതിനെ മറക്കാൻ ശ്രമിച്ചു.പിന്നെ എന്റെ അരികിലിരുന്നു.

" വീട്ടുകാർ അറിയാതെ വന്നതാവും അല്ലേ... ഞാൻ അങ്ങനെ ഒരിക്കൽ വന്നതാണ്. ഞങ്ങൾ പ്രേമിച്ചു നടക്കുന്ന കാലത്തെ മനീഷേട്ടനെ വേറെ ബന്ധങ്ങൾ ഉണ്ടായിരുന്നു. ആദ്യം എല്ലാം ഒരു കുസൃതി ആയിരുന്നു കല്യാണം കഴിയുമ്പോൾ മാറ്റിയെടുക്കാൻ ആവുമെന്ന് ഞാൻ ഉറച്ചു വിശ്വസിച്ചു. പക്ഷേ ഒന്നും മാറിയില്ല. മാറ്റിയെടുക്കാൻ നോക്കി ആദ്യം അത് പിണക്കം ആയി, പിന്നെ ദേഷ്യമായി, അവസാനം തല്ലുമായി. ഇപ്പോൾ എന്നെ തല്ലിക്കൊന്നു കുഴിച്ചിട്ടാലും ആരും ചോദിക്കാൻ വരില്ലെന്ന് അയാൾക്ക് ഉറപ്പാണ്. അതാണ് താലികെട്ടി നിന്നെ അയാൾ കൊണ്ടുവന്നത്. എനിക്ക് ഇവിടെ നിന്ന് രക്ഷപ്പെടാൻ ആവില്ല, പോകുവാൻ ഇടമില്ല. പക്ഷേ നിനക്ക് സാധിക്കും. "അക്കരപ്പച്ച കണ്ടു വന്നതാണ് ഞാൻ അത് മനസ്സിലായി ഇക്കരെ എത്തിയപ്പോഴേക്കും ഇക്കരയുള്ളവർ കയറിൽ തൂങ്ങി ആടിയിരുന്നു...."

പിന്നെ അവർ പറയുന്നതൊന്നും ഞാൻ കേട്ടില്ല. അക്കരെ കണ്ട് പച്ച വിഷമായ അറിഞ്ഞ് ഇക്കരയിലേക്ക് തോണി കയറുന്നതിനെ കുറിച്ച് ആലോചിക്കുകയായിരുന്നു ഞാൻ. പക്ഷേ പ്രതീക്ഷിക്കാതെ ചെയ്ത പേമാരിയിലെ ചുരുളിയിൽപെട്ട് ഞാൻ വീണ്ടും പഴയ തുരുത്തിൽ എത്തിപ്പെട്ടു. അവിടെ കണ്ണീരിൽ തീർത്ത വേലിക്കെട്ടുത്തായി കൈതച്ചെടിയിൽ ഒരു പൂവ് കൂടി മുളപൊട്ടുന്നത് അറിഞ്ഞു. അവിടെ വീണ് ഇരുട്ടിൽ നിശബ്ദതയുടെ കുഞ്ഞുങ്ങൾ അലറി കരഞ്ഞു കടി കടിന്നുണ്ടായിരുന്നു. ഞാൻ വീണ്ടും അക്കരെയിലേക്ക് തോണി തുഴഞ്ഞു അവിടെ എത്താതെ കൈതപ്പൂവിനെ അരികിൽ തലതല്ലി മരിച്ചു......



കവിത
അനുശ്രീ പി.
ഒന്നാംവർഷ ബി. എ. ഹിസ്റ്ററി

# നിഴൽ

അവൾ,
നിലാവിന്റെ പഴുത്തുകള്ച്ച്
ഇരുട്ടിൽ ശ്വാസം മുട്ടിച്ചപ്പോഴും
പകലിൽ എല്ലാം മറന്ന് കൂട്ടുന്നവൾ
നിരാശഭിത്തികെട്ടിയ
സ്വപ്നങ്ങളുടെ ഇരുൾത്താവളത്തിൽ
ആഹ്ലാദത്തിനുവേണ്ടി പരതി നടന്നപ്പോഴും
അക്ഷമയുടെ അവശ്വതി കൂടാതെ
വാതിൽക്കൽ കാത്തു നിന്നവൾ
ന്യൂനതയെ ഓർമ്മിപ്പിച്ചവൾ
വിജയത്തെ വാഴ്ത്തി അവൾ
തൊട്ടു കളികളിൽ ഇന്നോളം
പിടിതരാതെ, ഓടിക്കടന്നവൾ...

എന്റെ റേഷൻ അരി കൊണ്ട് ഭക്ഷണം
കഴിച്ചവൾ,
എന്റെ പാസ്പോർട്ടിൽ ഗൾഫിൽ പോയവൾ......
നിഴൽ!!!!

കവിത
നന്ദന. പി.
രണ്ടാംവർഷ ബി. എ. മലയാളം

# സ്വപ്നച്ചിറക്

മഴവിൽ ഓളം പറന്നയരുമ്പോഴക്കെ
സ്വപ്നം
ചിറക് സമ്മാനിച്ചു എന്ന് കരുതി.....
മേഘങ്ങൾക്കിടയി-
ലൂടെ മണ്ണിൽ
വീണപ്പോഴാണറിഞ്ഞത്......
അവ എന്നെ റാഞ്ചിയതാണെന്ന്..




# തനിയെ

ജൂൺ 28. അന്നൊരു മഴ ദിവസമായിരുന്നു എന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ തീരുമാനം എടുത്ത ദിവസം. എന്റെ കുടുംബത്തെ ഉപേക്ഷിച്ച് അമലിന്റെ കൂടെ കള്ളവണ്ടി കയറി തിരുന്നവയായ എന്ന സ്ഥലത്തേക്ക്.

പ്ലസ് ടു വിൽ പഠിക്കുമ്പോഴാണ് അവനെ പരിചയപെടുന്നത്. മുഖത്തെക്കാൾ മനസ്സിന് സൗന്ദര്യമുള്ള ഒരുവൻ അതായിരിക്കണം എന്നെ അവനിലേക്ക് അടുപ്പിച്ചത്. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ ഞങ്ങൾ വിവാഹിതരായി. സന്തുഷ്ട ജീവിതമായിരുന്നു. മാർച്ച് 31 ഇന്നേക്ക് അദ്ദേഹം മരിച്ചിട്ട് എട്ട് വർഷമായി. മൂന്ന് മക്കളും വിദേശത് ജോലി ചെയ്യുന്നു. മൂത്തവൻ സുനിൽ കുമാർ നല്ല കൂട്ടായിരുന്നു അവൻ അവന്റെ ചെറിയ ചെറിയ കാര്യങ്ങൾ പോലും കൂട്ടുകാരോട് പറയുന്ന വികാരത്തോടെ ആയിരുന്നു പങ്കു വച്ചിരുന്നവത്. എന്നാൽ ഇപ്പൊ എന്നോട് സംസാരികാനോ കാണാനോ പോലും അവന് സമയമില്ല. ചുരുക്കി പറഞ്ഞാൽ എന്റെ ലോകം ഇപ്പോൾ ശൂന്യമാണ്. തിരക്ക് പിടിച്ച ദാമ്പത്യ ജീവിതത്തിനിടയിൽ ജീവിക്കാൻ മറന്നു പോയി. എന്റെ ഇഷ്ട്ടങ്ങൾ പോലും മറന്നു പോയിരുന്നു. ഇപ്പോൾ ആലോചിക്കുമ്പോൾ കുറ്റബോധം മനസ്സിനെ വീർപ്പു മുട്ടിക്കുന്നു. 2018ന് മുൻപ് വരെ മാത്രമേ എനിക്ക് ഇത്തരത്തിലുള്ള വീർപ്പുമുട്ടൽ ഉണ്ടായിട്ടൊള്ളു. ഇപ്പോൾ 2025 ഞാൻ 25
രാജ്യങ്ങൾ സഞ്ചരിച്ചു. പ്രായത്തിന്റെ അവശതകൾ പരിഗണനയിൽ എടുക്കാതെയായിരുന്നു എന്റെ ഓരോ യാത്രകളും. സന്തോഷം ഒരിക്കലും നമ്മളെ തേടി വരത്തില്ല അത് നമ്മൾ തേടി കണ്ടുപിടിക്കുക തന്നെ വേണം. ഒറ്റപെടലുകളെ
സ്വയം പഴിച് ജീവിച്ചിരുന്നെങ്കിൽ ഈ 65ാം വയസ്സിൽ 25 രാജ്യങ്ങൾ ഒരിക്കലും എനിക്ക് സന്ദർശിക്കാൻ സാധിക്കില്ലായിരുന്നു.

ജീവിതം എന്ന് പറയുന്നത് വളരെ മനോഹരമാണ് അതിനെ വേണ്ട രീതിൽ പ്രയോചനം പെടുത്താതെ ഇരിക്കുമ്പോൾ മാത്രമാണ് ജീവിതം മടുക്കുകയും ആത്മഹത്യ ചെയ്യാൻ പ്രെയരണയാവുന്നത് എന്ന യാഥാർഥ്യം മനസ്സിലാക്കുന്ന വേളയിലാണ് ഓരോ വ്യക്തിയും ജീവിക്കാൻ ആരംഭിക്കുന്നത്.

സിനിമാനിരൂപണം
ഭരത് ഐ. ബി.
ഒന്നാംവർഷ ബി. എ. ഹിസ്റ്ററി

# നഷ്ടപ്പെട്ടതും വീണ്ടെടുത്തതും



2023 ൽ പുറത്തിറങ്ങിയ, ആമിർ ഖാൻ നിർമ്മിക്കുകയും, കിരൺ റാവു സംവിധാനം ചെയ്യുകയും ചെയ്ത "ലാപതാ ലേഡീസ് " ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ എക്കാലവും ഓർത്തുവയ്ക്കുവാൻ സാധിക്കുന്ന ഒരു ചലച്ചിത്രമാണ്. കഥ പറച്ചിലിന്റെ ലാളിത്യം കൊണ്ടും, ഗൌരവതരങ്ങളായ വിഷയങ്ങൾ എല്ലാത്തരം കാണികൾക്കും ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ ഏറ്റവും ഋജുവായും സൈദ്ധാന്തിക ഭാരമില്ലാതെ പറയാനും സംവിധായികക്ക് കഴിഞ്ഞു എന്നതാണ് സിനിമയുടെ വിജയത്തിന് കാരണമായ മുഖ്യഘടകം. സിനിമ പറയുന്ന രാഷ്ട്രീയം കാണികളെ അസ്വസ്ഥതപ്പെടുത്താത്ത വിധത്തിലാണ് സംവിധായക സിനിമ ഒരുക്കിയിട്ടുള്ളത്. സിനിമയിലെ തമാശകൾ കഥ പറച്ചിലിനെ മുന്നോട്ട് കൊണ്ടുപോകുമ്പോൾ തന്നെ സിനിമയുടെ രാഷ്ട്രീയത്തെയും അനാവരണം ചെയ്യുന്നു. പുരുഷാധിപത്യത്തിന്റെ അധികാര വ്യവസ്ഥക്കുള്ളിൽ അസ്വാതന്ത്ര്യവും അധികാരമില്ലായ്മയും വിഭവപങ്കാളിത്തമില്ലായ്മയും അനുഭവിക്കുന്ന ഇന്ത്യൻ സ്ത്രീകളുടെ ജീവിതങ്ങളെ അവർ ധരിക്കുന്ന മൂടുപടത്തെ മുഖ്യകഥാപാത്രമാക്കി നിർത്തിക്കൊണ്ടാണ് സംവിധായിക കാണികളോട് സംവദിക്കുന്നത്. വിവാഹശേഷം തന്റെ ഇഷ്ടങ്ങളെല്ലാം മാറ്റിവെച്ച് ഭർത്താവിന് വേണ്ടി ജീവിക്കേണ്ടിവരുന്ന സ്ത്രീകളുടെ ദൈന്യതകളെ സിനിമ പ്രശ്നവൽക്കരിക്കുന്നു.

വടക്കേ ഇന്ത്യയിലെ ഒരു ഗ്രാമത്തിലാണ് കഥ നടക്കുന്നത്. വിവാഹശേഷം ട്രെയിനിൽ അവരുടെ ഭർത്താക്കന്മാർക്കൊപ്പം ഭർതൃവീട്ടിലേക്ക് നവവധുക്കൾ ആയ ജയയും ഫൂലും പോകുന്നതാണ് കഥയുടെ ആരംഭം. സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ ഫൂലിന്റെ ഭർത്താവായ ദീപക് തന്റെ ഭാര്യയ്ക്ക് പകരം ജയയെയാണ് വലിച്ചിറക്കുന്നത്. ഫൂൽ ആകട്ടെ ഇതറിയാതെ മുന്നോട്ട് പോകുകയും മറ്റൊരു സ്റ്റേഷനിൽ ഒറ്റപ്പെട്ടു പോകുകയും ചെയ്യുന്നു. മൂടുപടത്താൽ മുഖം മറച്ചിരുന്നത് കൊണ്ട് വീട്ടിലെത്തിയ ശേഷമാണ് ദീപക് ആളുമാറിപ്പോയ കാര്യം അറിയുന്നത്. ഇതറിഞ്ഞ വീട്ടുകാരും നാട്ടുകാരും പരിഭ്രാന്തിയിൽ ആകുന്നുണ്ടെങ്കിലും, വിദ്യാഭ്യാസവും ലോകപരിചയവും ഉള്ള ജയ പതിയെ പതിയെ ദീപക്കിനേയും അയാളുടെ മാതാപിതാക്കളേയും അവളുടെ ലക്ഷ്യങ്ങൾ നേടുന്നതിനായി തന്നോട് അനുഭാവമുള്ളവർ ആക്കിമാറ്റുന്നു. താൻ ഇറങ്ങിപ്പോകുന്നത് തന്റെ ഭർത്താവിനൊപ്പം അല്ലെന്ന് ജയ



ക്ക് നൂറുശതമാനം ഉറപ്പുണ്ടായിരുന്നു. ദീപക്കിനോപ്പം ഇറങ്ങിപ്പോകുക എന്നത് ജയയുടെ ബോധപൂർവ്വമുള്ള തിരഞ്ഞെടുപ്പ് ആയിരുന്നു. അവൾ ചെയ്യുന്ന കാര്യങ്ങളുടെ വരും വരായ്കകൾ അറിഞ്ഞുകൊണ്ടും, അവയെ എങ്ങനെ നേരിടണമെന്ന് കൃത്യമായി ആസൂത്രണം ചെയ്തുമാണ് അവൾ ദീപക്കിനോപ്പം പോകുക എന്ന തീരുമാനത്തിൽ എത്തുന്നത്. അവളുടെ മൂടുപടം തന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഒരു അവസരമാക്കി മാറ്റാൻ ജയക്ക് കഴിയുന്നു എന്നത് വിദ്യാഭ്യാസവും സാമൂഹ്യബോധവും ഉണ്ടെങ്കിൽ സ്ത്രീകൾക്ക് പുരുഷാധിപത്യത്തിന്റെ ചങ്ങലകളെ തകർക്കാം എന്നതിലേക്കുള്ള ഒരു വായനയുടെ സാധ്യത സിനിമ മുന്നോട്ട് വയ്ക്കുന്നു. മറ്റൊരു റെയിൽവേ സ്റ്റേഷനിൽ എത്തിപ്പെടുന്ന ഫൂൽ ആകട്ടെ തന്റെ നിരക്ഷരത്വം കൊണ്ടും സാമൂഹ്യപരിചയം ഇല്ലായ്മ കൊണ്ടും നിസ്സഹായയായിപ്പോകുന്നതാണ് നമ്മൾ കാണുന്നത്. എന്നാൽ നിലവിൽ മുഖ്യധാരാ സിനിമകൾ മുന്നോട്ട് വയ്ക്കുന്ന "തെരുവിൽ താമസിക്കുന്ന കള്ളന്മാരും ഗുണ്ടകളും പിമ്പുകളും" എന്ന വാർപ്പ് മാതൃകയെ തകർക്കാനും സമൂഹത്തിലെ പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്കും ധാർമ്മികതയും മാനവികതയും ഒട്ടും കുറയാത്ത ജീവിതവും നിലപാടുകളും ഉണ്ടെന്ന് പറയുകയും അത്തരം ആളുകളുടെ സംരക്ഷണത്തിലേക്ക് ഫൂലിനെ കൊണ്ടുവരുവാൻ ആണ് സംവിധായക ശ്രമിക്കുന്നത്.

ഈ സിനിമയിൽ കാണികളെ ഏറ്റവും അധികം ആകർഷിക്കുന്നത് ഫൂൽ എത്തിപ്പെടുന്ന റെയിൽവേ സ്റ്റേഷനിൽ ചായക്കട നടത്തുന്ന മഞ്ജു മായിയെന്ന എന്ന ഉന്തുവണ്ടിക്കാരിയാണ്. റെയിൽവേ സ്റ്റേഷനിൽ ഭക്ഷണം ഉണ്ടാക്കി ഉന്തുവണ്ടിയിൽ വിൽക്കുന്ന അവർ ഒരു സ്ത്രീ എന്ന നിലയിലും ഒരു മനുഷ്യൻ എന്ന നിലയിലും ഉപാധിരഹിതമായ വ്യക്തി സ്വാതന്ത്ര്യത്തിനായി നിലകൊള്ളുന്നവരാണ്. "എന്റെ ചില വിൽ കഴിഞ്ഞ ഭർത്താവിനെയും മകനെയും അടിച്ചു പുറത്താക്കി എനിക്ക് സമാധാനമായി സ്വഭിമാനത്തോടെ കഴിയാനുള്ള ഒരിടം ഞാനുണ്ടാക്കി" എന്ന് ഫൂലിനോട് അവർ പറയുമ്പോൾ അത് ഇന്ത്യൻ സ്ത്രീ ജീവിതങ്ങൾ ഇനിയും നടന്നെത്തേണ്ട ഒരു ലോകത്തെയാണ് സംവിധായക വരച്ചുവയ്ക്കുന്നത്. പുരുഷന്മാരെ കുറിച്ച് മഞ്ജുമായി പറയുന്നത് "സ്ത്രീകൾക്കു കൃഷിചെയ്യാനും അറിയാം, കൃഷി ചെയ്ത് ഉണ്ടാക്കിയത് പാകം ചെയ്തു കഴിക്കാനും അറിയാം. കുട്ടികളെ പ്രസവിക്കാനും അറിയാം, അവരെ വളർത്താനും അറിയാം. യഥാർത്ഥത്തിൽ സ്ത്രീക്ക് ജീവിക്കാൻ പുരുഷന്റെ ആവശ്യമേ ഇല്ല"എന്നാണ്. ലോകം മുഴുവൻ തന്റെ തലയ്ക്ക് ചുറ്റുമാണ് കറങ്ങുന്നത് എന്ന് കരുതുന്ന പുരുഷന്മാരുടെ വിവരക്കേടിനെ ആണ് മഞ്ജുമായി വെളിപ്പെടുത്തുന്നത്.

എപ്പോഴും മൂടുപടം ഇടുകയും ഭർത്താവിന്റെ പേര് ഒരിക്കൽപ്പോലും മറ്റുള്ളവരുടെ മുൻപിൽ ഉച്ചരിക്കാതെ ജീവിക്കുകയും ഭർത്താവിന്റെ സന്തോഷത്തിനായി സ്വന്തം ആഗ്രഹങ്ങളും സ്വപ്നങ്ങളും ത്യജിക്കുകയും ചെയ്യുന്നതാണ് നല്ല ഭാര്യയെന്ന സങ്കൽപ്പം യഥാർത്ഥത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ സതി അനുഷ്ഠിക്കേണ്ട ഗതികേടിലാണ് സ്ത്രീകളെ എത്തിക്കുന്നത് എന്നാണ് സിനിമ നമ്മോട് പറയുന്നത്. വിദ്യാഭ്യാസം നേടേണ്ടതിന്റെയും തൊഴിൽ നേടേണ്ടതിന്റെയും സ്വാതന്ത്ര്യത്തോടെ സ്വാഭിമാനത്തോടെ ജീവിക്കേണ്ടതിന്റെയും ആവശ്യകത

യെ ഫൂൽ തിരിച്ചറിയുന്നത് നിരക്ഷരയായ മഞ്ജൂ മായിയുടെ ജീവിതാവബോധത്തിൽ നിന്നാണ്. പുരുഷന്റെ തണലിൽ അവന്റെ അടിമയായി ജീവിതം കളയേണ്ടവർ അല്ല സ്ത്രീകൾ എന്ന വലിയ പാഠമാണ് മഞ്ജൂ മായി ഫൂലിനു നൽകുന്നത്.

ജയ അവളുടെ ലക്ഷ്യത്തിലേക്കും ഫൂൽ സ്വഭർത്താവിന്റെ അരികിലും എത്തിച്ചേരുന്നു. സിനിമയുടെ അവസാനത്തോട് അടുക്കുമ്പോൾ, അതുവരെ തന്റെ ഭർത്താവിന്റെ പേര് ഓർമിച്ചെടുക്കുവാൻ പോലും സാധിക്കാതിരുന്ന ഫൂൽ, "ദീപക്" എന്ന് വിളിച്ചുകൊണ്ട് ആൾക്കൂട്ടത്തിന് നടുവിലൂടെ ഓടിവരുന്നത്--- ഒരു തെരുവ് കച്ചവടക്കാരിയായ മഞ്ജൂമായി ആർജ്ജിച്ച രാഷ്ട്രീയ ബോധത്തിന്റെയും അവരുടെ ജീവിത തത്വശാസ്ത്രത്തിന്റെയും ഗുണഭോക്താവ് ആവാൻ ഫൂലിന് കഴിഞ്ഞു എന്നത് സൂചിപ്പിക്കുന്നത് ഫെമിനിസത്തിന്റെ സൈദ്ധാന്തിക പരിസരങ്ങളുടെ ബാലപാഠങ്ങൾ പോലും അറിയാതെ മനുഷ്യർക്ക് മറ്റൊരു ജീവിതത്തിലേക്ക് മാറാൻ കഴിയും എന്നാണ്.മൂടുപടങ്ങളെ വലിച്ചെറിയാനും സ്വാതന്ത്ര്യത്തിന്റെ ഒരു പുതുലോകം നേടിയെടുക്കാനും സ്ത്രീകൾ പുനർജന്മങ്ങൾക്കായി കാത്തിരിക്കരുത് എന്ന് സിനിമ കാണികളോട് ഉറക്കെപ്പറയുന്നു.

കവിത
ഗോപിക കെ.
രണ്ടാവർഷ ബി. എസ്. സി  മാത്തമാറ്റിക്സ്

# ഒരു തിരിഞ്ഞുനോട്ടം

ഒരിക്കൽ എങ്കിലും എന്നിലേക്ക് ഒരു യാത്ര പോകണം.... ഞാൻ
സഞ്ചരിച്ചുവെന്ന എന്റെ വഴികളിലൂടെ...
ഞാൻ കണ്ട കാഴ്ചകളിലൂടെ...
അപൂർണ്ണമാക്കപ്പെട്ട എന്റെ സ്വപ്നങ്ങളിലൂടെ...
ഞാൻ കാരണം കണ്ണു നനഞ്ഞവരിലൂടെ...
ഒരിക്കലെങ്കിലും ഞാനായി മാറാൻ....
ആ യാത്രയിൽ ഒരുപക്ഷേ; ദേഷ്യത്തോടെ എന്നെ നോക്കിയിരുന്ന
മുഖങ്ങളിൽ ഒരു നേരത്തെ പുഞ്ചിരി തെളിയിക്കാൻ എനിക്ക്
കഴിഞ്ഞേക്കാം, ഞാൻ കാരണം നിറഞ്ഞ കണ്ണുകൾ എനിക്ക് തുടക്കാൻ
കഴിഞ്ഞേക്കാം, അന്ന് ഞാൻ പൊരിച്ച കണ്ണുനീർ മുട്ടുകളെ ഒരു ചെറിയ
മന്ദഹാസമായി വിരിക്കാൻ കഴിഞ്ഞേക്കാം, ഒരിക്കലും കാണില്ലെന്ന്
എഴുതി ചേർത്ത മുഖങ്ങളെ വീണ്ടും കണ്ടുമുട്ടിയേക്കാം, പറയാൻ
ബാക്കിവെച്ച പലതും പറഞ്ഞു തീർക്കാൻ
കഴിഞ്ഞേക്കാം മറ്റുള്ളവരുടെ വിചാരത്തെ ഓർത്തു നഷ്ടപ്പെടുത്തിയ എന്റെ
അവസരങ്ങളെ നേടിയെടുക്കാൻ സാധിച്ചേക്കാം., കൂട്ടിച്ചേർക്കാൻ
കഴിയില്ലെന്ന് ഉറപ്പിച്ചിട്ടും എന്റെ സ്വപ്നങ്ങൾ പൂർണമായേക്കാം,

പക്ഷേ ഓരോ നിമിഷം കഴിയുന്തോറും പിറകിലോട്ടുള്ള വാതിൽ
അടഞ്ഞുകൊണ്ടിരിക്കുകയാണ ഇന്ന് ഓർക്കുമ്പോൾ ആ യാത്ര
അസാധ്യമാണെന്ന
സത്യം ഞാൻ തിരിച്ചറിയുന്നു!!..
ഒടുവിൽ മുന്നിലേക്ക് നോക്കുമ്പോൾ കാഴ്ച മറയ്ക്കുംവിധം എല്ലാം
മാഞ്ഞുമൂടിയിരിക്കുന്നു...




**ലേഖനം**
**സ്നിഗ്ധ വിനോദ്**
**ഒന്നാംവർഷ ബി. എസ്. സി. സുവോളജി**

# സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട നീതി

ഒരു പുരുഷന്റെ ശരീരക്രമണം നേരിടേണ്ടി വരുന്ന ഓരോ പെണ്ണും അത്തരം മുറിവുകളെ മരണം വരെ മനസ്സിലും ശരീരത്തിലും ചുമക്കുന്നവളാണ്

വർത്തമാനസമൂഹത്തിൽ സ്ത്രീകൾ ഇന്ന് സുരക്ഷിതരാണോ? സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ധാരാളം നിയമങ്ങളുണ്ട്, എന്നാൽ ഇത്തരം അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഇവ കൊണ്ട് സാധിക്കുന്നുണ്ടോ എന്നും നാം അവലോകനം ചെയ്യേണ്ടതാണ് ഇതിനെല്ലാമപ്പുറമുള്ള ഒരു സ്ത്രീവിരുദ്ധതരംഗം ലോകത്ത് ആഞ്ഞടിക്കുന്നുണ്ടോ എന്ന ചോദ്യവും ഉയരുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർധിക്കുന്നതിന്റെ ഒരു പ്രധാന ഉത്തരവാദിത്വം നമ്മുടെ നീതിന്യായവ്യവസ്ഥക്കും ഇല്ലേ?.

കൊട്ടിയൂർ പീഡന കേസിൽ പ്രശ്നം മൂടിവെക്കാൻ അന്വേഷണ ഉദ്യോഗസ്ഥർ ശ്രമിച്ചതും, വാളയാർ കുട്ടികളുടെ കേസിൽ ശിശുക്ഷേമ സമിതിയുടെ ചെയർമാൻ തന്നെ പ്രതിക്കുവേണ്ടി ഹാജരായതുമടക്കമുള്ള അനേകം സംഭവങ്ങൾ കേരളം ഞെട്ടലോടെയാണ് കേട്ടത്. സൂര്യനെല്ലി, വാളയാർ, വിതുര, കവിയൂർ, പന്തളം, പറവൂർ തുടങ്ങി കേരളത്തിലെ ലൈഗികാതിക്രമ കേസുകളുടെ നിര ഇതിലും വലുതാണ്. നീതി നിഷേധിക്കപ്പെട്ട സ്ത്രീകളുടെ നിലവിളി നാം എപ്പോഴും കേട്ടുകൊണ്ട് ഇരിക്കുന്നു. ആ നിലവിളിക്ക് നമ്മുടെ ഓരോരുത്തരുടെയും ശബ്ദമായും സാമ്യമുണ്ട്. ഒരു മുറിവ് പറ്റുമ്പോൾ വേദനിക്കുന്ന ശരീരത്തിന്റെ ഇടങ്ങളിൽ, രക്തം പൊടിയുന്നിടങ്ങളിൽ,അവിടെ മാത്രമുള്ള മുറിവുകളാണോ അടയാളപ്പെടുത്തലുകൾ ആകേണ്ടത്? ആത്മാവിൽ പറ്റുന്ന മുറിവുകൾ അതിലും ആഴത്തിലുള്ളതല്ലേ?. ഒരു പുരുഷന്റെ ശരീരാക്രമം നേരിടേണ്ടി വരുന്ന ഓരോ പെണ്ണും അത്തരം മുറിവുകളെ മരണം വരെ മനസ്സിലും ശരീരത്തിലും ചുമക്കുന്നവളാണ്.


ലഭിക്കാത്ത നീതിയുടെ ഉറവിടം തേടിയുള്ള യാത്രയിലാണ് നാം ഓരോരുത്തരും. കേരളത്തെ ഒന്നടങ്കം നടുക്കിയ മരണമായിരുന്നു, അല്ല കൊലപാതകമായിരുന്നു വാളയാർ സഹോദരിമാരുടേത്. ഇന്നേക്ക് അത് 8 വർഷമാവുന്നു. 2017 ജനവരി 13ന് തുടങ്ങിയ കേസാണ് ഇന്നും അതിന്റെ യഥാർത്ഥ പ്രതികളെ പിടികൂടാൻ ഉദ്യോഗസ്ഥവൃന്ദത്തിനോ നീതിന്യായവ്യവസ്ഥക്കോ സാധ്യമായിട്ടില്ല. 13ഉം

9ഉം വയസ്സുകൾ ഉള്ള 2 പെൺകുട്ടികളെ 52ദിവസങ്ങളുടെ ഇടവേളയിൽ ഒറ്റമുറി വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തുകയുണ്ടായി.പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇവർ ലൈംഗികതിക്രമത്തിന് ഇരയായിട്ടുണ്ടെന്നും സ്ഥിതീകരിച്ചു. മകളെ കൊലപ്പെടുത്തിയതാണെന്ന് നിർമ്മാണ തൊഴിലാളികളായ മാതാപിതാക്കൾ ആരോപിച്ചു. എന്നാൽ ആസ്വഭാവിക മരണത്തിനാണ് പോലീസ് കേസെടുത്തത്. നിലവിൽ സി. ബി. ഐ അന്വേഷിക്കുകയും കേരളത്തെ തന്നെ ഞെട്ടിച്ചുകൊണ്ട് കുട്ടികളുടെ മാതാവിനെതിരെ തന്നെ ചാർജ് ഷീറ്റ് തയാറാക്കിയിരിക്കുകയാണ്. എന്നിരുന്നാലും രണ്ടു മരണങ്ങൾ നടന്നിട്ടും ഇതുവരെയും പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

പെൺമക്കളുള്ള ഓരോ മാതാപിതാക്കളുടെയും നെഞ്ചിൽ ആധിപടർത്തിയ ഒന്നായിരുന്നു സൗമ്യ വധക്കേസ്. ഒരു പാവപ്പെട്ട പെൺകുട്ടിയെ അതിക്രൂരമായി ബലാത്സംഗം ചെയ്തു കൊന്ന ഗോവിന്ദചാമി എന്ന ആൾക്ക് വധശിക്ഷ ഇളവുചെയ്തുകൊണ്ട് ജീവപര്യന്തം ശിക്ഷ മാത്രമാക്കി ചുരുക്കിയിരിക്കുന്നു. ക്രൂരമായി വേട്ടയാടപ്പെട്ട ഇരക്ക് നീതിയില്ല; പക്ഷെ വേട്ടക്കാരന് നീതിയുണ്ട്, ന്യായം ഉണ്ട്. ഒടുവിൽ മനുഷ്യാവകാശവും ഉണ്ടത്രേ. നീതിപീഠത്തിനു തെളിവുകളാണ് വേണ്ടത്. തെളിവില്ലാതാക്കാൻ കഴിവുള്ളവനു ഈ രാജ്യത്ത് ആരെയും കൊല്ലാം. ശെരിയായ തെളിവ് ഹാജരാക്കാൻ പോലീസിനും പ്രോസിക്യൂഷനുമായില്ല എന്നതും ഓർക്കണം. ഇവിടെ അപ്പോൾ ഈ വിധിക്ക് ഉത്തരവാദികൾ ആരെല്ലാമാണ്?.

നീതിക്കായി രാജ്യം ഒന്നാകെ അണിനിരന്ന മറ്റൊരു കേസാണ് നിർഭയ വധക്കേസ്. അവൾ ഇന്ത്യയുടെ മകളായി മാറിയപ്പോൾ നിർഭയകേസ് ചരിത്രത്തിന്റെ ഭാഗമായി മാറി. കോടതികളായ കോടതികൾ കയറിയിറങ്ങി അവസാനം കുറ്റവാളികൾക്ക് തൂക്കുകയർ ലഭിച്ചപ്പോൾ മകൾക്കുവേണ്ടിയുള്ള ഒരു അമ്മയുടെ പോരാട്ടത്തിന്റെ വിജയം കൂടിയാണ് രചിക്കപ്പെട്ടത്. എന്നാൽ 2012 ഡിസംബർ 16ൽ നടന്ന വധക്കേസിന് നീതി ലഭിക്കാൻ നാം എട്ട് വർഷം പോരാടേണ്ടിവന്നു. 2020മാർച്ച് 20നാണ് നിർഭയ കേസ് കുറ്റവാളികളെ തൂക്കിലേറ്റിയത്. ഒരുതരത്തിൽ നിരസിക്കപ്പെട്ട നീതി പലതരം സമരങ്ങളിലൂടെയും വർധിച്ചു വരുന്ന ഭീഷണികൾക്കുമൊടുവിൽ നാം പിടിച്ചു വാങ്ങുകയല്ലേ ;

ശരീരത്തിൽ മാത്രമല്ല ഒരു സ്ത്രീക്ക് മുറിവുകളുണ്ടാവുന്നത്,അവളുടെ ആത്മാവിനെയും ഇവ വ്രണപ്പെടുത്താറുണ്ട്. ലഭിക്കാത്ത സ്ത്രീ നീതയുടെ ഉറവിടം തേടിയുള്ള യാത്രയിൽ, അനീതിയ്ക്കു വേണ്ടി ഒരു ലോകം മുഴുവൻ കാവലിരുന്നാലും സ്ത്രീത്വം എന്ന ഇടം ഒരു തുരുത്താക്കിയിടുക. അവനവന്റെ നീതികൾ അവകാശപ്പെടാനുള്ള ഇടം. സൗമ്യയും വാളയാർ പെൺകുട്ടികളെയും ഒക്കെ പരിണമിയ്ക്കപ്പെടാനും വ്യവസ്ഥിതികളോട് കലാഹിക്കുവാനുമൊക്കെയുള്ള ഒരിടം. ഓരോ സ്ത്രീക്കും നിരസിക്കപ്പെടുന്ന നീതിക്ക് വേണ്ടി നാം അനുദിനം പോരാടേണ്ടതുണ്ട്. ആ പോരാട്ടത്തിൻ നീതിപീഠവും ഉദ്യോഗസ്ഥരും നമുക്ക് ഒപ്പം അണിചേരേണ്ടതുണ്ട്.





അഭിമുഖം

# എഴുത്തിന്റെയും ചിന്തയുടെയും സാഹസിക വഴികൾ

**സ്ത്രീപക്ഷചിന്തകയും നിരൂപകയുമായ പ്രൊഫ. ജി ഉഷാകുമാരി അധ്യാപന ജീവിതത്തിൽനിന്ന് അടുത്തവർഷം വിരമിക്കുന്നു. ടീച്ചറുടെ ജീവിതത്തിലൂടെ മാഗസിൻ ടീം നടത്തിയ യാത്ര.**

**ടീച്ചർ 2026ൽ കോളേജിൽ നിന്നും റിട്ടയർ ചെയ്യുകയാണല്ലോ. ടീച്ചറെ കുറിച്ച കൂടുതൽ അറിയാനാഗ്രഹമുണ്ട്. കുട്ടിക്കാലത്തെക്കുറിച്ച പറഞ്ഞു കൊണ്ട് തുടങ്ങാമോ?**

ഞാൻ ജനിച്ച വളർന്നത് കോട്ടയം ജില്ലയിലെ വെള്ളൂരെന്ന തനിഗ്രാമത്തിലാണ്. മൂവാറ്റുപുഴയാറിനോടു ചേർന്നാണ് ഈ പ്രദേശം വരുന്നത്. ന്യൂസ്പ്രിന്റ് ഫാക്റ്ററി വന്ന ശേഷമുള്ള ചെറുതായ പുരോഗമനവും വികസനവും മാത്രമേ അവിടെ ഉള്ളൂ. ഞങ്ങൾ ഒരു വലിയ കുടുംബമാണ്, ഏഴ് മക്കളും അച്ഛനും അമ്മയും ആയിട്ടാണ് ജീവിച്ചത്. കുടുംബാംഗങ്ങൾ അത്രയേ ഉള്ളൂവെങ്കിലും വീട്ടിൽ അതിന്റെയിരട്ടിയാൾക്കാർ എപ്പോഴുമുണ്ടാവും. സഹോദരന്മാർ നാല് പേരും മുതിർന്നവരായതുകൊണ്ടും പിന്നെ ആൺകുട്ടികളായതുകൊണ്ടും അവരുടെ സാമൂഹ്യബന്ധങ്ങളനുസരിച്ചുള്ള ഒരുപാടാളുകൾ വീട്ടിൽ വരുകയും

പോവുകയും ചെയ്യുമായിരുന്നു. എന്റെ ഒരു ജേഷ്ഠൻ ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തകൻ ആയ തുകൊണ്ട് ഒരുപറ്റം ആളുകളുമായിട്ടാണ് വീട്ടിലേക്ക് വരുക. വീടിനു ഒരു സ്വകാര്യതയേ ഉണ്ടായിരുന്നില്ല, തുറന്ന ഒരു സ്ഥലം പോലെ, ബസ് സ്റ്റാന്റ് പോലെ ഒക്കെയാണ് ഞങ്ങൾക്ക് തോന്നിയിരുന്നത്. ഞാൻ ആ കാലത്തൊക്കെ വളരെ അടഞ്ഞ സ്വഭാവം ഉള്ള ഒരു ആളായിരുന്നു. കൂടുതൽ അകത്തേക്കാണ് എന്റെ ഒരു സഞ്ചാരം. ഒറ്റക്കിരിക്കാനും കൊറേ സ്വപ്നം കാണാനും വായിക്കാനും ഒക്കെ ആണ് എനിക്കിഷ്ടം. എഴുത്തൊന്നും ഇല്ല. പക്ഷേ വായിക്കാനാണ് സ്കൂൾകാലത്ത് ഇഷ്ടം. ദിവസേന നോവലും കഥയും വായിക്കണം. കവിതാ മത്സരത്തിന് പങ്കെടുക്കുക അങ്ങനെയൊക്കെയുള്ള ചില എഴുത്തുകളുണ്ട്. എഴുതിയിരുന്നതെല്ലാം ഡയറിക്കുറിപ്പുകൾ ഒക്കെ ആയിരുന്നു.

എനിക്കു ഒരു ഏഴ് വയസ്സൊക്കെ ആയപ്പോഴേക്കും അച്ഛൻ മരിച്ചു. അതോടുകൂടി വലിയ ഒരു ഒറ്റപ്പെടലാണ്. എല്ലാമെല്ലം ആയിരുന്നു അച്ഛൻ. നാല് ആൺകുട്ടികൾക്ക് ശേഷമുള്ള ഒരു പെൺകുട്ടി എന്ന പ്രാധാന്യം എനിക്ക് ഉണ്ടായിരുന്നു, ഭയങ്കര ലാളന, പരിഗണന ഒക്കെ ലഭിച്ചിരുന്നു. അത് നഷ്ടപ്പെട്ടപ്പോൾ ഞാൻ കൂടുതൽ ഏകാകിയായി ഒറ്റപ്പെട്ടു. വല്ലാത്ത അന്തർമുഖത്വും അനുസരണക്കുറവുമെല്ലാം ഉള്ള ഒരു പ്രകൃതം ആയിരുന്നു എന്ന് ഞാൻ ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാവുന്നു. പിന്നെ പുസ്തകങ്ങൾ കഥകളിൽ ഒക്കെ ആയിരുന്നു ഞാൻ അഭയം തേടിയിരുന്നത്. ഏതു സമയത്തും കഥകൾ വായിക്കുക, ഒരു ദിവസം ഒന്നും രണ്ടും പുസ്തകങ്ങൾ വായിച്ച് തള്ളിയിരുന്നു. സ്കൂളിൽ ഒരു ശരാശരി വിദ്യാർത്ഥി എന്നു പറയാനേ പറ്റുകയുള്ളൂ. എങ്കിലും ഫസ്റ്റ് ക്ലാസിന് മുകളിൽ മാർക്ക് ഉണ്ടാവാറുണ്ട് എപ്പോഴും. നാല്പതിന് മോളിൽ മാർക്ക് വാങ്ങിച്ച് മിടുക്കിയായാൽ സന്തോഷം കിട്ടുമെന്ന പ്രതീക്ഷിച്ചിരുന്നു. അംഗീകാരം കിട്ടുന്നു. അപ്പോ വീട്ടിൽ എപ്പോഴും ഇങ്ങനെ ശകാരങ്ങളും നിർബന്ധങ്ങളും നിബന്ധനങ്ങളും അതേപോലെ ഒറ്റപ്പെടലുകളും എനിക്ക് അനുഭവപ്പെട്ടതുകൊണ്ട് പഠനത്തിനകത്തു ഞാൻ ഒരു മാനസികമായി ഒരു സുരക്ഷിതത്വം കണ്ടെത്തുകയാണ് ചെയ്തത്. അന്നൊക്കെ നമുക്ക് സമ്പത്തികമായിട്ട് പ്രയാസമുള്ള കാലമാണ്. ഏഴു പേർക്കും പഠിക്കണം, നല്ല ഭക്ഷണവും കഴിക്കണം. ട്രഷറി ഓഫീസറായിരുന്ന അച്ഛൻ മരിച്ചശേഷം ആ ജോലി കിട്ടിയത് മൂത്തജ്യേഷ്ഠനാണ്. അതുകൊണ്ടും അമ്മയുടെ വിധവാപെൻഷൻ കൊണ്ടും എല്ലാ കാര്യങ്ങളും നടത്തേണ്ടിയിരുന്നു.

**കോളേജ് കാലഘട്ടം എങ്ങനെയായിരുന്നു?**

ഡിഗ്രിക്കു ഒരിക്കലും ഫിസിക്സ് എടുക്കരുതെന്നുറപ്പിച്ചു. കെമിസ്ട്രി ആയാൽ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ ജോലി കിട്ടും എന്ന തോന്നലായിരുന്നു. എന്നാലതു നടന്നില്ല. ഫിസിക്സിനാണ് അഡ്മിഷൻ ലഭിച്ചത്. കിട്ടിയതിന് പോവുക എന്നാണ് വീട്ടിൽ. ഒന്നും ആഗ്രഹിക്കാൻ പാടില്ല. രണ്ടാമതു ഒരു പപ്പടം ചോദിച്ചാലതു തെറ്റായി കാണുന്ന കാലമായിരുന്നു അത്. നല്ല പുതിയ ഒരു പുസ്തകം ഒരിക്കലും കിട്ടില്ല. ആരെങ്കിലും പഠിച്ചുപേക്ഷിച്ചതേ കിട്ടാറുള്ളൂ. ആ കാലഘട്ടത്തിൽ ദാരിദ്ര്യം അതൊന്നുമല്ല. എന്നിട്ട് അതെല്ലാം നല്ല ഭംഗിയായി സോവിയറ്റ് ലാൻഡ് എന്ന മാസികയുടെ മിനുസമുള്ള വർണഭംഗിയുള്ള താളുകൾ കൊണ്ടു പൊതിയുമായിരുന്നു. ചേട്ടൻ ഞങ്ങൾ മൂന്ന് പെൺപിള്ളേരുടെയും പുസ്തകങ്ങൾ പൊതിയാൻ വേണ്ടിയിരിക്കും. അതിലെല്ലാം പേരും ക്ലാസുമെല്ലാം ഉരുട്ടി ഉരുട്ടിയെഴുതും. ഇന്നത്തെപ്പോലെ നെയിം സ്ലിപ് ഒന്നുമില്ല. അന്ന് നോട്ട്ബുക്ക് ആണ് പുതിയത് കിട്ടുക. നോട്ട്ബുക്ക് ഒരു വശം ഒരു വിഷയം, മറ്റെ വശത്ത് വേറെ വിഷയം ആയാണ് എഴുതുക. റഫ് ബുക്ക് ആയിട്ട് ഉപയോഗിക്കാനായി ചേട്ടന്റെ ഓഫീസിൽ ഉപേക്ഷിക്കുന്ന ലെഡ്ജറുകൾ കൊണ്ടുത്തരും. ചിലപ്പോൾ പഴയ ബുക്കിന്റെ താളുകൾ പറിച്ചു തുന്നിയിട്ട് അതെടുക്കും. ഇങ്ങനെ ഒക്കെ വളരെ അരിഷ്ടിച്ച്, ഇന്ന് ആലോചിച്ചു നോക്കുമ്പോ വളരെ വിചിത്രമാണെന്ന് തോന്നുന്ന ഒരുപാട് ദാരിദ്ര്യങ്ങൾ അന്ന് വളരെ സ്വഭവികമായിട്ടാണ് എല്ലാരും കരുതിയത്. ഇത്തിരി കൊള്ളാവുന്ന രീതിയിൽ എന്ത് ചെയ്താലും അത് അധികമായി തോന്നുന്ന ഒരു കാലഘട്ടമാണ് അത്. രണ്ട് പാവാട രണ്ട് ബ്ലൗസ് മതി കുട്ടികൾക്ക്. രണ്ടോ മൂന്നോ, പിന്നെ എല്ലാവരും എല്ലാവരുടെയും ഉപയോഗിക്കും , വീട്ടിലാകെ രണ്ട് തോർത്ത് ഉണ്ടാവു. അമ്മയുടെ ചെരുപ്പ തന്നെയാണ് ഞാനൊക്കെ സ്ക്കുളിലും കോളേജിലും ഒക്കെ ഇട്ടിരുന്നത്. അമ്മക്ക് പുറത്ത് പോകേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ട് ഞങ്ങൾ മാറിമാറി ഇടും. ചെലപ്പോ ഒരു കുട്ടിക്ക് ചെരിപ്പ് ഉണ്ടാവില്ല, ഒരു കുടയിൽ മൂന്ന് നാല് പേരുണ്ടാവും. ഒരു ബാഗ് ഒക്കെ ഉണ്ടെങ്കിൽ ആ ബാഗ്, പിന്നേം പിന്നേം എല്ലാക്കൊല്ലവും ഉപയോഗിക്കും. അല്ലെങ്കിൽ അങ്ങട്ടും ഇങ്ങട്ടും ഒക്കെ ഞങ്ങള് തിരിച്ചും മറിച്ചും ഒക്കെ ഉപയോഗിക്കും. ഇന്നത്തെ കാലത്തെ പോലെ അവരവരുടെ മാത്രം ആ ഒരു ഫിറ്റ്നസ്, നമ്മുടെ പാകത്തിനുള്ള ഡ്രസ്സ് അങ്ങനെ ഒന്നുമില്ല. ഇന്നത്തെപ്പോലെ വൃത്തിബോധമൊന്നും അന്നില്ല. ഒരാൾ ഇട്ടത് വേറെ ഒരാൾ ഇടുമ്പോൾ അത് കഴുകണമെന്നൊന്നുമില്ല. സാരിവെട്ടി പാവാട തയ്ക്കുക ഒരു രീതിയായിരുന്നു. സാരിവെട്ടി പാവാട തയ്ക്കാൻ വേണ്ടീട്ട് അതിന് പറ്റിയ സാരികൾ ചില ധനികരായിട്ടുള്ള ആളുകൾമറ്റുള്ളവർക്കു കൊടുക്കാറുണ്ട്.

**ഡിഗ്രി ഫൈനൽ ഇയർ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ വളരെയധികം സമ്മർദ്ദം അനുഭവിച്ചു. കാരണം, നമ്മൾ വളരുന്തോറും നമ്മുടെ സമ്മർദ്ദം കൂട്ടും, നമുക്ക് സെൻസിറ്റിവിറ്റി കൂട്ടുകയാണല്ലോ ചെയ്യുന്നത്. ആ പ്രായത്തിൽ. അങ്ങനെ ഫിസിക്സ് എന്ന് പറയുന്ന ആ വിഷയത്തോട് ഞാൻ പരമാവധി അകന്നുപോയി.**



ഡിഗ്രി ഫൈനൽ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ വളരെയധികം സമ്മർദ്ദം അനുഭവിച്ചു. കാരണം, നമ്മൾ വളരുന്തോറും നമ്മുടെ സമ്മർദ്ദം കൂട്ടും, നമുക്ക് സെൻസിറ്റിവിറ്റി കൂട്ടുകയാണല്ലോ ചെയ്യുന്നത്. ആ പ്രായത്തിൽ. അങ്ങനെ ഫിസിക്സ് എന്ന് പറയുന്ന ആ വിഷയത്തോട് ഞാൻ പരമാവധി അകന്നുപോയി. കോളേജിലെ ആ ക്ലാസുകൾ എല്ലാം തന്നെ അവരുടെ വീടുകളിൽ പ്രൈവറ്റ് ട്യൂഷനു പോകുന്ന കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയതായിരുന്നു. അപ്പോൾ ഓരോ ഫിസിക്സ് ക്ലാസിനോടും, പക്ഷെ ഞാൻ മല്ലടിച്ചു. നേരത്തെ തയ്യാറായി വരണം, ക്ലാസ് എടുക്കുന്നതിന് മുമ്പ് തന്നെ നമ്മൾ തിയറി പാർട്ട് ശരിയാക്കിയിട്ട് വരണം, പ്രാക്ടിക്കലിന് കേറുന്നതിനു മുമ്പ് പ്രാക്ടിക്കൽ ചെയ്യാൻ പോകുന്നത് പറഞ്ഞ് കേൾപ്പിക്കണം. പിന്നെ റെക്കോർഡ് പക്കായായിരിക്കണം, ചെറിയ തെറ്റ് ഒരു മാർജിൻ അങ്ങോട്ടുമിങ്ങോട്ടും മാറുക അതൊക്കെ പ്രശ്നമായിരുന്നു. റെക്കോർഡ് ഒക്കെ എഴുതാൻ വീട്ടിൽ അങ്ങനെ നല്ല സൗകര്യം ഒന്നും ഇല്ല. ഞങ്ങൾക്ക മൂന്ന് പേർക്കുമായി ആടുന്ന ഒരു ഡെസ്ക് ആണു പഠനമേശ. പെൻസിലിനും റബ്ററിനുമൊക്കെ കണക്കുണ്ട്. മഷിയൊക്കെ ചെറിയ കുപ്പിയിലോ പെനയിലോ തുള്ളിതുള്ളിയായോ വാങ്ങുന്ന കാലം. കൂടാതെ രാത്രി അധികസമയം ലൈറ്റിടുന്നതിനും വീട്ടിൽ വിലക്കുണ്ടായിരുന്നു. വീട്ടിലെ നിയന്ത്രണത്തിനു പുറമേ കോളേജിൽ നല്ല മാർക്കോടെ എല്ലാവരും ജയിച്ചിരിക്കണം എന്ന നിർബന്ധവും കൂടി വന്നപ്പോൾ മാനസികസമ്മർദ്ദം കൂടി. മലയാളം മീഡിയത്തിൽ നിന്ന് വന്ന ദരിദ്രരായ കുട്ടികൾ ഈ കോളേജിന്റെ അന്തസ്സും ഗ്രേഡും താഴ്ത്തുമെന്ന പറച്ചിലാണ് അന്തരീക്ഷത്തിലുണ്ടായിരുന്നത്. സ്കൂളിൽ മികച്ച കുട്ടിയായി കോളേജിൽ ചെന്നിട്ടും പഠിക്കാനത്ര പോരാ എന്ന വിലയിരുത്തൽ സങ്കടമുണ്ടാക്കി. പിന്നെ നമ്മുടെ വസ്ത്രധാരണവും, നമ്മളുടെ ലുക്കും തല താഴ്ത്തിയുള്ള അപകർഷതയോടെയുള്ള ശരീരഭാഷയൊക്കെ കാണുമ്പോൾ അവർക്ക് ഒന്നുകൂടി നമ്മളോട് അകൽച്ചയാണ്. ഓരോ പാഠഭാഗവും കഴിഞ്ഞ് യൂണിറ്റ് ടെസ്റ്റ് നടത്തും. യൂണിറ്റ് ടെസ്റ്റിൽ മാത്സില് 10-ൽ 8 കിട്ടി, എനിക്ക് 10-ൽ ഒമ്പതിൽ താഴെയുള്ള എല്ലാവരേയും വീട്ടിൽ നിന്ന് വിളിപ്പിച്ചു. മറക്കാൻ പറ്റാത്ത ഒരു അനുഭവമായി അത്. 10-ൽ 8 കിട്ടിയിട്ട് വിളിപ്പിക്കുന്നത് എന്തിനാണെന്ന് അമ്മക്ക് തന്നെ അറിയുന്നില്ല. അവിടെ ഈ ടീച്ചർ അന്ന് താമസിക്കുന്ന കോളേജിനടുത്ത വീടൊക്കെ തപ്പി ഞങ്ങൾ ചെന്നപ്പോൾ, ടീച്ചറുടെ ഭർത്താവാണ് അവിടെയുള്ളത്. ടീച്ചർ എന്തോ പ്രൈവറ്റ് ട്യൂഷൻ എടുത്തോണ്ടിരിക്കുകയാണ്. ടീച്ചറുടെ ഭർത്താവ് എന്റെ അമ്മയോട് കുറെ ശകാരങ്ങൾ പറഞ്ഞു, പഠിക്കുന്നില്ലെന്നും ഇത് മോശം മാർക്കാണെന്നുമൊക്കെ. സാധാരണക്കാരിയായ ഒരു വീട്ടമ്മയോടാണിതു പറയുന്നതെന്നു ധാരണയില്ലാതെ ഇംഗ്ലീഷിലുള്ള ശകാരങ്ങൾ അമ്മയെ കുഴക്കി. അമ്മയുടെ വിചാരം ഞാൻ നന്നായി പഠിക്കുന്ന കുട്ടിയാണെന്നായിരുന്നു. അമ്മയെ അപമാനിച്ചപ്പോൾ എന്നെ അല്ലാതെ വേദനിപ്പിച്ചു. അതുകൊണ്ട് ആ വിദ്യാഭ്യാസസ്ഥാപനത്തോടു എനിക്ക് ഭയങ്കര ഒരു അകൽച്ച തോന്നി, ആ വിഷയത്തോടും, അധ്യാപകരോടൊക്കെ പലപ്പോഴും വെറുപ്പ് തന്നെ തോന്നിയിട്ടുണ്ട്. ഫൈനലിയറിൽ മോ

ഡേൺ ഫിസിക്സിനു നടത്തിയ പരീക്ഷയ്ക്കു ഒന്നാമതാകുന്നയാൾക്കു ഒരു സമ്മാനം ടീച്ചർ വാഗ്ദാനം ചെയ്തു. അപ്രതീക്ഷിതമായി ഞാൻ ഒന്നാമതായി. ഞാനാകട്ടെ ആ സമ്മാനം ഒരു ഹീറോപെന്നാകണേ എന്നാഗ്രഹിച്ചു കാത്തിരുന്നു. പക്ഷേ കോളേജ് അടയ്ക്കാറായിട്ടും ആ സമ്മാനം ടീച്ചർ തന്നില്ല. ഇടയ്ക്കു ഓർക്കാറുള്ള കാര്യമാണത്.

**അന്നത്തെ സൌഹൃദങ്ങളെപ്പറ്റി പറയാമോ**

ഡിഗ്രിക്കു ഞാൻ ഫിസിക്സ് ഡിഗ്രി എടുക്കേണ്ടി വന്നു. പ്രീഡിഗ്രിയിലെ കൂട്ടുകാരി ഇന്ദുലേഖ അപ്പോഴേക്കും വേറൊരു കോളേജിലേക്ക് മാറിപ്പോയിരുന്നു. പിന്നെ ഞങ്ങൾ തമ്മിൽ കുറച്ചുകൂടി കത്തെഴുത്ത് സജീവമായി. ഇപ്പോഴവൾ അമേരിക്കയിലാണ്. ആ കാലഘട്ടത്തിൽ ഇന്ദുലേഖയുടെ സുഹൃത്തായിരുന്ന ഒരാളുമായിട്ട് ഒരു തൂലികാ സൗഹൃദം എനിക്കുണ്ടായി. അപ്പോൾ അന്നത്തെ പത്രങ്ങളിൽ ഒക്കെ "പെൻ ഫ്രണ്ട്സ് വാണ്ടഡ്, ഫ്രണ്ട്സ് വാണ്ടഡ്" എന്നൊക്കെ കാണും. പള്ളീലച്ചനായ ഒരാളായിരുന്നു, അത്. ഇംഗ്ലീഷിലുള്ള ഒരു കുറവിനെക്കുറിച്ചു നമുക്കെല്ലാം ഒരു അപകർഷതാബോധം ഉണ്ടാകുമല്ലോ. അതു തരക്കേടില്ലാതെ പരിഹരിക്കപ്പെട്ടത് ഈ കത്തെഴുത്തു വഴിയാണ്. ചേട്ടന്മാർക്ക് കത്ത്, അമ്മയ്ക്കുള്ള പെൻഷൻ ഒക്കെയായി മിക്ക ദിവസവും പോസ്റ്റ്മാൻ ഞങ്ങളുടെ വീട്ടിൽ പോസ്റ്റ് ഓഫീസിനും, ഞങ്ങളുടെ വീടുമായിട്ട് അത്രയും ബന്ധമാണ്. പരിചയക്കാരനാണ് പോസ്റ്റ് മാസ്റ്റർ. ഒരിക്കൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ ഇങ്ങനെ ഒരു കത്ത് വന്നപ്പോൾ, എന്റെ ചേട്ടന്റെ ഭാര്യ കത്ത് വായിച്ചിട്ട് ഭയങ്കരപ്രശ്നമുണ്ടാക്കി. "ഇവിടെ മാസികയൊന്നും നടത്തുന്നില്ലല്ലോ, പിന്നെ എന്തിനാണ് ഇങ്ങനത്തെ കത്തുകൾ ഒക്കെ എഴുതുന്നത്? അന്ന് ആ കത്ത് വലിയൊരു സന്തോഷമായിരുന്നു. അങ്ങനെ നമ്മൾ ആരും അറിയാത്ത ഒരാൾക്ക് ഇംഗ്ലീഷ് കത്തെഴുതും, നമുക്ക് ഇംഗ്ലീഷിൽ മറുപടി തരുന്ന ഒരു അഭിമാനം, സന്തോഷവും ഒക്കെയായിരുന്നു അത്.

**വിദ്യാർത്ഥികളുടെ ഉയർച്ചക്കായി ചെയ്ത പ്രവർത്തനങ്ങളെപ്പറ്റി പറയാമോ?**

മഹാരാജാസിലെ അക്കാദമിക് ജീവിതം വിശാലമായതാണ്. പരന്ന് കിടക്കുന്ന വലിയൊരു ലോകമാണത്. അവിടെജോലി ചെയ്യുമ്പോൾ ഞാനും ചില സുഹൃത്തുക്കളും ചേർന്നു മൊഴി എന്ന പേരിൽ സാഹിത്യക്കൂട്ടായ്മ നടത്തിയിരുന്നു. സാഹിത്യം വായിക്കനും സാഹിത്യം ചർച്ച ചെയ്യാനുമുള്ള വേദിയായിരുന്നു അത്. മൊഴിയുടെ പേരിൽ പ്രസിദ്ധീകരണമുണ്ടാക്കുന്നതിനെപ്പറ്റിയെല്ലാം ആലോചനകൾ നടന്നിരുന്നു.

കെ.കെ.ടി.എമ്മിലെ എം. എൻ വിജയൻ ലൈബ്രറി 2011 ൽ 50 പുസ്തകങ്ങളുമായി തുടങ്ങിയതാണ്. എഴുത്തുകാർ സൌജന്യമായി തരുന്ന കൃതികളും മറ്റു സംഭാവനകളുമായി ഇന്നതു വലിയൊരു ആർക്കൈവ്വും ലൈബ്രറിയുമായി തുടരുന്നു. പിന്നെ 2015 കാലത്തോട്കൂടി മലയാളപ്പച്ച എന്നൊരു ഗവേഷണ ജേർണൽ തുടങ്ങി. അതിന്റെ ചീഫ് എഡിറ്റർ ബഷീർസാറായിരുന്നു. പ്രത്യേകവിഷയങ്ങളിൽ പിയർറിവ്യൂ നടത്തി തെരഞ്ഞെടുത്ത ലേഖനങ്ങളാണതിൽ പ്രസിദ്ധീകരിക്കാറ്. അങ്ങനെ അതിന്റെ ഒരു 16 ലാക്കത്തോളം ഞങ്ങൾ ഇറക്കി കഴിഞ്ഞു. എനിക്ക് ഭയങ്കരം സന്തോഷവും അഭിമാനവും ഉള്ള കാര്യമാണത്. 2018ൽ മലയാളവിഭാഗത്തിനു വേണ്ടി ഗവേഷണകേന്ദ്രം അനുവദിച്ചു കിട്ടിയതു ഇത്തരം ഒരു നേട്ടമാണ്.

ഇതിനെല്ലാമുപരിയായി കുട്ടികളെ വേണ്ടരീതി



യിൽ മനസ്സിലാക്കാൻ കഴിയുന്ന എന്നത് സംതൃപ്തി തരുന്ന കാര്യമാണ്. സാമ്പത്തികവും മാനസികവും പഠനപരവുമായ പ്രയാസമനുഭവിക്കുന്ന കുട്ടികളെ ചേർത്തുപിടിക്കാൻ കഴിയാറുണ്ട്. എനിക്ക് തോന്നുന്ന എന്റെ ആ ഡിഗ്രി കാലയളവിൽ അധ്യാപകരിൽ നിന്ന് എനിക്ക് കിട്ടാതിരുന്നതിനാലാവണം അത്തരം ഒരു കരുതലുണ്ടായത്. പഠിച്ചിറങ്ങിയ പലരുമായും ഇപ്പോഴും കോൺടാക്റ്റ് ഉണ്ട്. കുട്ടികളുമായുള്ള എല്ലാ അനുഭവങ്ങളും എനിക്ക് വെളിച്ചം നിറഞ്ഞതാണ് വളരെ സന്തോഷവും ഓർമകളും തരുന്നതാണ്. മോശപ്പെട്ട ചില അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ അതൊക്കെ മറക്കാവുന്നതേയുള്ളൂ. കലാലയങ്ങളിൽ കൂടുതലും പെൺകുട്ടികൾ ആണല്ലോ. അവർ പല ഇടങ്ങളിൽ നിന്നും നിയന്ത്രണങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നമുക്ക് പെട്ടെന്ന് മനസ്സിലാകും അവർക്ക് ആവശ്യം ഇതിൽ ഒരു ക്ലാരിറ്റി കൊടുക്കലാണ്. വിദ്യാഭ്യാസതിലൂടെ ഉള്ള വിജയമാണോ വ്യക്തിത്വവികാസത്തിലൂടെയുള്ള വിജയമാണോ സ്വതന്ത്രമായ അറിവിലേക്ക് പോകലാണോ എന്നും പ്രത്യേകിച്ച് പ്രണയബന്ധത്തിലേക്ക് അല്ലെങ്കിൽ ജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് എങ്ങനെ പോകണം എന്നത് പിടികിട്ടാത്ത അവസ്ഥ നിലവിലുണ്ട്. അത്തരം അവസരങ്ങളിൽ എല്ലാം ഞാൻ എന്റെ കഥ പറയാറുണ്ട്. എന്റെ ജീവിതത്തിൽ ആദ്യം മുതലേ സ്ട്രഗ്ൾ മാത്രമേ ഉണ്ടായിട്ടുള്ളൂ അനുഭവിച്ചപ്പോഴല്ല, പിന്നീട് തിരിഞ്ഞ് നോക്കുമ്പോഴാണ് ഇതൊക്കെ അത്രക്ക് സ്ട്രഗ്ൾ ആയിരുന്നെന്ന തിരിച്ചറിയുന്നത്.

നമ്മൾ ശ്രദ്ധിച്ചാൽ നമ്മുടെ ലോകം കൂടുതൽ മാനുഷികമാക്കാൻ സാധിക്കും. അധ്യാപകർ ഇരിക്കുകയും വിദ്യാർത്ഥികൾ നിൽക്കുകയും ചെയ്യുന്ന രീതി ശ്രദ്ധിച്ചിട്ടുണ്ടോ. പണ്ട് എന്നോട്ട സംസാരിക്കാനെത്തിയ ഒരു വിദ്യാർത്ഥിയെ ഡിപ്പാർട്ടുമെൻറിൽ ഞാൻ ഇരുത്തി എന്ന് പറഞ്ഞ് ഒരു പ്രശ്നം ഉണ്ടായിട്ടുണ്ട്. ആ വിദ്യാർഥി പിൽക്കാലത്തു ഒരദ്ധ്യാപകനായി.

**നമ്മൾ ശ്രദ്ധിച്ചാൽ നമ്മുടെ ലോകം കൂടുതൽ മാനുഷികമാക്കാൻ സാധിക്കും. അധ്യാപകർ ഇരിക്കുകയും വിദ്യാർത്ഥികൾ നിൽക്കുകയും ചെയ്യുന്ന രീതി ശ്രദ്ധിച്ചിട്ടുണ്ടോ. പണ്ട് എന്നോടു സംസാരിക്കാനെത്തിയ ഒരു വിദ്യാർത്ഥിയെ ഡിപ്പാർട്ടുമെൻറിൽ ഞാൻ ഇരുത്തി എന്ന് പറഞ്ഞ് ഒരു പ്രശ്നം ഉണ്ടായിട്ടുണ്ട്. ആ വിദ്യാർഥി പിൽക്കാലത്തു ഒരദ്ധ്യാപകനായി.**

**മറക്കാൻ സാധിക്കാത്ത മറ്റനുഭവങ്ങൾ**

പിന്നീട് എനിക്ക് മറക്കാൻ സാധിക്കാത്ത സംഭവം, ചുരിദാർ ധരിച്ചു കോളേജിൽ എത്തിയതിനു എന്നെയും നെസിട്ടീച്ചറെയും പ്രിൻസിപ്പാൾ ശകാരിച്ചതായിരുന്നു. മേലിൽ അങ്ങനെ വരാൻ പാടില്ലെന്നു ശാസിച്ചെങ്കിലും ഞാനത് അനുസരിച്ചില്ല. പിൽക്കാലത്തു വിദ്യാഭ്യാസമന്ത്രിയായിരുന്ന എം.എ. ബേബി അധ്യാപകർക്കും ചുരിദാർ ധരിക്കാം എന്ന് പറഞ്ഞുള്ള ഓർഡർ പുറത്തിറക്കി. പിന്നീടു കേരളത്തിലെ പൊതുമണ്ഡലത്തിൽ വന്ന പല തരം മാറ്റങ്ങളും ശ്രദ്ധേയമായിരുന്നു. ചുംബനസമരം നടക്കുന്നു. ലെസ്ബിയൻ ജീവിതം നയിക്കുന്നവർ പരസ്യമായി സ്വയം വെളിപ്പെട്ടു വരുന്നു. ലൈംഗികത്തൊഴിലാളികൾ സ്വന്തം ജീവിതകഥയെഴുതുന്നു. കേരളത്തിൽ ക്വിയർപ്രൈഡുകൾ ആരംഭിക്കുന്നു. ഇതോടെ ലോകം മാറിമറിയാൻ തുടങ്ങി. യുണിസെക്സ് ഡ്രസ്സുകൾ ഇറങ്ങുന്നു, അത് ഫാഷൻ ആകുന്നു. ആണുങ്ങളും മൂക്കുത്തിയും കമ്മലും ധരിക്കുന്നു. ഇതോട്ടുകൂടി ഫാഷനെ കുറിച്ച് പഠിക്കാനുള്ള ഉത്സാഹം വീണ്ടും വർധിച്ചു. നിരന്തരം ഫാഷനെ കുറിച്ച് എഴുതി മാതൃഭൂമിയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. എഴുത്തുകാരി എന്ന നിലയിൽ വളരാനിടയാക്കി. അത്തരം വിഷയങ്ങൾ കൂടുതൽ സൂക്ഷ്മമായി പഠിച്ച് ശരീരത്തിന്റെ സാമൂഹികഭാവനകൾ എന്ന പേരിൽ ഒരു പുസ്തകം തയ്യാറാക്കി 2022 ൽ പ്രസിദ്ധീകരിച്ചു.

ഒരു പ്രത്യേകഘട്ടം കഴിഞ്ഞ എല്ലാ സ്ത്രീകളുടെയും ജീവിതത്തി





**ഒരു പ്രത്യേകഘട്ടം കഴിഞ്ഞ എല്ലാ സ്ത്രീകളുടെയും ജീവിതത്തിലെ പ്രധാന ഘട്ടമാണ് ആർത്തവവിരാമം. നിലവിൽ ആർത്തവത്തിന് വളരെ പ്രാധാന്യം സർക്കാരും കുടുംബസംവിധാനങ്ങളും നൽകുന്നുണ്ട്. എന്നാൽ ആർത്തവവിരാമത്തിന് യാതൊരു തരത്തിലും പ്രാധാന്യം നൽകുന്നില്ല. ശരീരത്തിന്റെ മൊത്തത്തിലുള്ള മാറ്റത്തിന് ഇത് കാരണമാകുന്നു.**

ലെ പ്രധാന ഘട്ടമാണ് ആർത്തവവിരാമം. നിലവിൽ ആർത്തവത്തിന് വളരെ പ്രാധാന്യം സർക്കാരും കുടുംബസംവിധാനങ്ങളും നൽകുന്നുണ്ട്. എന്നാൽ ആർത്തവവിരാമത്തിന് യാതൊരു തരത്തിലും പ്രാധാന്യം നൽകുന്നില്ല. ശരീരത്തിന്റെ മൊത്തത്തിലുള്ള മാറ്റത്തിന് ഇത് കാരണമാകുന്നു. ഉറക്കം വളരെ കുറവായിപ്പോകുന്നു. പേശികൾക്ക് ശക്തി നഷ്ടപ്പെടുക, ബാലൻസ് നഷ്ടപ്പെടുക പല ആരോഗ്യ പ്രശ്നങ്ങൾ എന്നിവ അനുഭവിക്കുന്നു. ഇത് കഴിഞ്ഞ രണ്ട് വർഷമായി ഞാനും ഇതെല്ലാം അനുഭവിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയാണ്. ഈ ഒരു ഘട്ടത്തിൽ ഔദ്യോഗികമായി ഉത്തരവാദിത്തമുള്ള ജോലികളിലേർപ്പെടുന്നവർക്കു ഇത് ഒരു വെല്ലുവിളിയാണ്. ഈ കാലഘട്ടത്തിൽ നിർബന്ധമായും ആർത്തവ അവധി പോലെ ആർത്തവവിരാമത്തിനും അവധി എടുക്കാനുള്ള സാഹചര്യം നിലവിൽ വരേണ്ടത് അത്യാവശ്യമാണ്.

**ഓൺലൈനിലെഴുതാറുണ്ടോ?**

ഉണ്ട്. 2006 മുതൽ ഒരുകപ്പുചായ എന്ന പേരിൽ ബ്ലോഗിലൂടെ ഓൺലൈനായി എഴുത്താരംഭിച്ചു. ബ്ലോഗ് ഒരു പണ്ടോറയുടെ പെട്ടിയാണ്. അതു തുറന്നാൽ വിവിധതരം മനുഷ്യരെ കാണുന്നു, പരിചയപ്പെടുന്നു. ദേശപരിധിയോ കാലപരിധിയോ ഇല്ലാത്ത സൈബർ ലോകത്ത് പല സ്ഥലങ്ങളിൽ നിന്നുള്ള ആളുകളുമായി സുഹൃത്തുക്കൾ ആകുന്നു, അവർ നമ്മുടെ വായനക്കാർ ആകുന്നു. നമ്മൾ അവരുടെ വായനക്കാർ ആകുന്നു. എഴുത്ത് ലോകത്തുള്ള പല അധികാര ബന്ധങ്ങളും അപ്രസക്തമാകുന്നു എന്നതാണ് ഇതിലെ ഏറ്റവും മനോഹരമായ കാര്യം.

**ആദ്യം എഴുതിയ പുസ്തകങ്ങൾ എങ്ങനെ ആയിരുന്ന**

എനിക്ക് എപ്പോഴും സാഹിത്യനിരൂപണമാണ് വെല്ലുവിളി നിറഞ്ഞതായി തോന്നാറ്. സംസ്കാരപഠനം എന്ന നിലയ്ക്കു ഡ്രസ്സ്, ഫാഷനൻ ഒക്കെയായിരുന്നു ഞാൻ എഴുതിയിട്ടുള്ളത്. കൂടാതെ ഞാൻ ലഷെറിനെ പറ്റി എഴുതിയിട്ടുണ്ട്, അതായത് വെറുതെയിരിക്കുക ഉല്ലസിക്കുക സൈബർലോകത്തെ കുറിച്ച് എഴുതിയിട്ടുണ്ട്, സമയവും സ്ത്രീകളും തമ്മിലുള്ള ബന്ധത്തിനെക്കുറിച്ചൊക്കെ പറ്റിയാണ് ഞാൻ പ്രധാനമായിട്ട് എഴുതിയിട്ടുള്ളത്. അപ്പൊ ഇങ്ങനെ പല മേഖലകളെ കുറിച്ച് ചിന്തിക്കുന്നത് കൊണ്ടാണ് സംസ്കാരപഠനം എന്ന് പറയുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനെപ്പറ്റി എനിക്ക് വളരെ സ്വാഭാവികമായിട്ട് റിലേറ്റ ചെയ്യത് എഴുതാൻ പറ്റാറുണ്ട്. സാഹിത്യപഠനം അതല്ലെങ്കിൽ കവിതാനിരൂപണം എന്ന് പറയുന്നത് വളരെ ഡിസിപ്ലിൻഡായിട്ട് കവിതയുടെ ടെക്സ്റ്റിലെ പാഠപരതയിലും ശൈലിയിലും ഊന്നിയിട്ടു ചെയ്യുന്നതാണല്ലോ. എന്നാലും അത് ശ്രമിക്കുന്നുണ്ട്. പല പഠനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ചരിത്രപരമായ കാര്യങ്ങളെ പ്പറ്റി അന്വേഷിച്ചുകൊണ്ടാണ് ഇപ്പോഴത്തെ എന്റെ കവിതാപഠനരീതി.

**അടുത്ത വർഷം മിസ്സ് റിട്ടയർഡ് ആകുമല്ലോ അപ്പൊ അതിനുശേഷം എന്ത് കാര്യമാണ് ഉദ്ദേശിക്കുന്നത്.?**

ഞാൻ അത് കഴിഞ്ഞിട്ടുള്ള പ്ലാനുകളെ പറ്റി ചിന്തിക്കുന്നില്ല ജീവിതം എപ്പോഴും ഭയങ്കര ഊർജ്ജം നിറഞ്ഞതും സാഹസികപരമായതും ഒരു വിലയുണ്ടാവും എന്നാണ് ഞാൻ വിചാരിക്കുന്നത്. യാത്ര ചെയ്യണമെന്ന് ആഗ്രഹമുണ്ട്. എഴുത്തിലേക്ക് കുറച്ചുകൂടി ശക്തിയായി തിരിച്ചു വരണമെന്നുണ്ട്. ഇപ്പോൾ എഴുത്തൊക്കെ നിന്നുപോയ ഒരു അവസ്ഥയിലാണ്, കാരണം പലപ്പോഴും സാഹചര്യങ്ങളും, കോളേജിലെ തിരക്കും, ഒരുപാട് ചെയ്തു തീർക്കാനുള്ള ഉത്തരവാദിത്വങ്ങളുമുണ്ട്. ഇതൊക്കെ കഴിഞ്ഞിട്ട് ഒന്നുകൂടി റിഫ്രഷ് ആയിട്ട് പുതിയ രീതിയിൽ ഉള്ള ഒരു ബെറ്റർ വേർഷൻ ഓഫ് മൈ സെൽഫ് കണ്ടെത്താൻ പറ്റും എന്നുള്ള ഒരു പ്രതീക്ഷയിലാണ്. ചിലപ്പോൾ എഴുത്തിൽ ആയിരിക്കും അല്ലെങ്കിൽ മറ്റു തരത്തിലായിരിക്കും വായനയിലേക്ക് എത്തിയാലും മതി. നല്ല ഹാപ്പി ആയിരിക്കാം എന്നുള്ളതാണല്ലോ ഉദ്ദേശിക്കുന്നത്.



# സമയം തെറ്റിവന്ന UDSF - ഡിസോൺ : അനുഭവം, പ്രതിഷേധം, കല

കൈലാസ്നാഥ് കെ. എസ്
( ഫൈൻ ആർട്സ് സെക്രട്ടറി )

2024 വർഷത്തിൽ അധികാരത്തിൽ വന്ന കാലിക്കറ്റ് സർവകലാശാല UDSF യൂണിയന്റെ നേതൃത്വത്തിൽ നടന്ന ഡിസോൺ കലോത്സവത്തിന്റെ തെറ്റായ നടത്തിപ്പ് മൂലം വിദ്യാർത്ഥികൾ നേരിട്ട പ്രശ്നങ്ങളുടെ നേരനുഭവമാണിവിടെ പറഞ്ഞുവെക്കുന്നത്. ഒരു ബിരുദവിദ്യാർഥി എന്ന നിലയിലും കെ.കെ.ടി.എം ഗവ കോളേജിലെ വിദ്യാർത്ഥികൾ തിരഞ്ഞെടുത്ത ഫൈൻ ആർട്സ് സെക്രട്ടറി എന്ന നിലയിലും നേരിട്ട് അനുഭവിച്ച കാര്യങ്ങളാണിവിടെ പറയുന്നത്. 2024 ഡിസംബറിന് മുൻപ് നടക്കേണ്ടതായ ഡിസോൺ 2025 ജനുവരിയിലാണ് UDSF യൂണിയൻ നടത്തിയത്. ഇത് മൂന്നാം വർഷ വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുന്ന സമീപനമാണ് ഉണ്ടാക്കിയത്.

UDSF ന്റെ നേതൃത്വത്തിൽ നടന്ന ഡിസോൺ കലോത്സവത്തിൽ പങ്കെടുത്ത ഏതൊരു വിദ്യാർത്ഥിക്കും പൊതുവായി ഓർക്കാനായി സാധിക്കുന്നത് കാലതാമസത്തിന്റെ നിമിഷങ്ങളായിരിക്കും. മത്സരങ്ങൾ ഓരോന്നായി സംഘടിപ്പിക്കുമ്പോഴും അവയിൽ പൊതുവായി കണ്ടുവന്നത് പ്രതീക്ഷിക്കാൻ പോലും കഴിയാത്ത അത്ര മണിക്കൂറുകളുടെ കാലതാമസമാണ്. ഉദാഹരണമായി ഒട്ടനവധി കോളേജുകളിൽ നിന്നും മത്സരാർത്ഥികൾ ഉണ്ടാകുന്ന ഒരിനമാണ് ഒപ്പന. ഒപ്പനയുടെ സമയം പറഞ്ഞിരുന്നത് വൈകിട്ട് 6.30 ആണ്. എന്നാൽ ഒപ്പനയുടെ മത്സരം ആരംഭിച്ചത് പുലർച്ചെ 1.45 ഓട് കൂടിയാണ്. ഇത്തരത്തിലുള്ള മണിക്കൂറുകളുടെ കാലതാമസം മത്സരാർത്ഥികളിൽ വലിയ രീതിയിൽ തന്നെ ശാരീരിക ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു. നമ്മുടെ കോളേജിൽ നിന്നും ഒപ്പനയ്ക്ക് പങ്കെടുത്ത വിദ്യാർത്ഥികളിൽ പലരെയും മത്സരശേഷം ഹോസ്പിറ്റലിൽ കൊണ്ടുപോകേണ്ടതായ അവസ്ഥയുണ്ടായി. വൈകീട്ട് 6.30 ന് തുടങ്ങും എന്ന പ്രതീക്ഷയിൽ അഞ്ചുമണിയോടുകൂടി ഒപ്പനയുടെ കോസ്റ്റ്യൂമും മറ്റും ധരിച്ച് ഒരുങ്ങി നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ



കഴിയുന്നത് പുലർച്ചക്കാണ്.

ഇത്തരത്തിൽ ഓരോ കോളേജിലെയും വിദ്യാർത്ഥികൾ ഈ ഒരു അവസ്ഥയിലൂടെ തന്നെയാണ് കടന്നുപോയത്. നമ്മുടെ കോളേജിനായി ലഭിച്ചത് ഏറ്റവും അവസാനത്തെ ചെസ്റ്റ് നമ്പർ ആയതുകൊണ്ട് തന്നെ ഏകദേശം പുലർച്ച 6.15 നോട് കൂടി മാത്രമാണ് സ്റ്റേജിൽ കയറാൻ സാധിച്ചത്. ആ ഒരു നീണ്ട സമയം വളരെ അവശത നിറഞ്ഞതുതന്നെയായിരുന്നു. പിരീഡ്സിന്റെ വേദനയിൽ നിൽക്കുന്ന വിദ്യാർത്ഥികളും ശ്വാസംമുട്ടൽ അടക്കമുള്ള അവസ്ഥകൾ നേരിടുന്ന വിദ്യാർത്ഥികളും നമ്മുടെ ഒപ്പന ടീമിൽ ഉണ്ടായിരുന്നു. എന്നാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം തന്നെ മറികടന്നുകൊണ്ട് അവർ കാണിച്ച മനക്കരുത്ത് എത്ര പ്രശംസിച്ചാലും ഒതുങ്ങാത്ത അത്ര വലുത് തന്നെയാണ്. അവരുടെ സഹനശക്തികൊണ്ടുള്ള പങ്കാളിത്തം കൊണ്ട് കോളേജിനു വേണ്ടി ഒരു എഗ്രേഡ് നേടിയെടുക്കാൻ സാധിച്ചു.

തെറ്റ് സംഭവിച്ചു എന്നതിലല്ല അത് ആവർത്തിക്കാതെ നോക്കുക എന്നതു തന്നെയാണ് ഏറ്റവും വലിയ കാര്യം. എന്നാൽ UDSF ന്റെ നേതൃത്വത്തിൽ നടന്ന ഈ ഒരു ഡിസോൺ കലോത്സവത്തിൽ കാതലായ " കാലതാമസം " വീണ്ടും വീണ്ടും ആവർത്തിക്കുക തന്നെയാണ് ഉണ്ടായത്. ഓരോ പരിപാടിയും വൈകുന്നതിന്റെ കാരണം നമ്മുടെ കോളേജിലെ യൂണിയൻ മെമ്പേഴ്സ് അടക്കമുള്ളവർ ചോദിക്കുമ്പോൾ സംഘാടകസമിതിയിൽ നിന്ന് തികച്ചും ധാർഷ്ട്യം നിറഞ്ഞ മറുപടികൾ മാത്രമാണ് കേൾക്കാൻ സാധിച്ചത്. കലോത്സവത്തിന്റെ ആദ്യ ദിവസം മുതൽക്കേയുള്ള ഈയൊരു കൃത്യനിഷ്ഠയില്ലായ്മ ഒന്നു തന്നെയാണ് പിന്നീടുണ്ടായ വിദ്യാർത്ഥികളുടെ പ്രതിഷേധത്തിനും അതുമൂലം കേരളവർമ്മയിലെ എസ്. എഫ്. ഐ യൂണിറ്റ് സെക്രട്ടറി അടക്കമുള്ളവരുടെ നേർക്കുണ്ടായ അക്രമത്തിലേക്കും നയിച്ചത്. അവശരായി കുഴഞ്ഞുവീഴുന്ന വിദ്യാർത്ഥികളെ എടുത്ത് ഓടുന്ന ഒരു കാഴ്ച്ച ഡിസോൺ കലോത്സവം നടക്കുന്ന ക്യാമ്പസ് പരിസരത്ത് ഇടയ്ക്കിടെ കാണാൻ കഴിയുമായിരുന്നു. എന്നാൽ ഇതെല്ലാം കണ്ടുകൊണ്ടിട്ടും ഒരുപാടു സമയം കഴിഞ്ഞു മാത്രമാണ് ക്യാമ്പസിൽ ഒരു ആംബുലൻസ് സൗകര്യം സജീകരിച്ചത്.

ഡിസോണിനോടനുബന്ധിച്ചുണ്ടായ സംഘർഷത്തിന്റ പശ്ചാതലത്തിൽ മാറ്റിവച്ച മത്സരഇനങ്ങളുടെ പുതുക്കിയ തീയ്യതി അറിയിക്കുന്നതിലും UDSF യൂണിയന്റെ ഉത്തരവാദിത്യമില്ലായ്മ പ്രകടമായിരുന്നു. കോടതിവിധി കൃത്യമായി മനസ്സിലാക്കാതെ ആദ്യമൊരു തീയ്യതി തീരുമാനിച്ച് പിന്നീടത് തലേദിവസം മാറ്റിവയ്ക്കുന്ന UDSF ന്റെ പ്രവർത്തി നമ്മുടെ കോളേജിലും സാമ്പത്തിക നഷ്ട്ടവും അതിലുപരി വിദ്യാർത്ഥികൾക്ക് മനോവിഷമവും ഉണ്ടാക്കിയിരുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികളെ വട്ടം ചുറ്റിക്കുന്ന സംഘാടക സമിതിയുടെ തീരുമാനങ്ങൾ തികച്ചും മോശപ്പെട്ടതു തന്നെയായിരുന്നു. എന്നാൽ ഈവിധമുള്ള സംഘാടക സമിതിയുടെ കൊള്ളരുതായ്മകളെ തിരിച്ചറിഞ്ഞ കെ.കെ.ടി.എം ലെ വിദ്യാർത്ഥി സമൂഹം ഉറച്ച തീരുമാനത്തോടെ ഡിസോൺ മത്സരങ്ങൾ പിന്നീട് ബഹിഷ്കരിക്കുകയാണ് ഉണ്ടായത്. ഇത്തരത്തിൽ കലയിൽ കെ. കെ. ടി. എം ലെ വിദ്യാർത്ഥികൾ തല ഉയർത്തി തന്നെയാണ് നിലകൊണ്ടത്. തെറ്റിനെ തെറ്റ് എന്ന് പറഞ്ഞുകൊണ്ട് അതിനെ മാറ്റി നിർത്തിയ നമ്മുടെ വിദ്യാർത്ഥികളുടെ ഉറച്ച കാഴ്ച്ചപ്പാട് ഏതൊരു കലോത്സവ വിജയത്തെക്കാളും മൂല്യമുള്ളതു തന്നെയാണ്. കല ജീവിതം തന്നെയായി നിലനിൽക്കുന്ന കാലത്തോളം തെറ്റിനെതിരെയുള്ള ഈയൊരു പ്രതിഷേധം എന്നും നിലനിൽക്കേണ്ടുന്ന ഒന്നു തന്നെയാണ്.



# കളക്ടറു മൊത്ത് ഒരു ദിവസം

**ഹരിത ലക്ഷ്മി വി. എ.**
**രണ്ടാംവർഷ ബി. എസ്. സി. മാത്തമാറ്റിക്സ്**

ക്ലാസ്സ് ട്യൂറ്ററുടെ ഒരു ഫോർവേഡ് വോയിസ് നോട്ടിൽ നിന്നാണ് ഈ യാത്ര തുടങ്ങുന്നത്. സാധാരണ അപ്പോയിന്റ്മെന്റ് എടുത്ത് കാണാൻ സാധിക്കുന്ന ഒരാൾ നമ്മുടെ കോളേജിനായി കുറച്ച് സമയം മാറ്റി വെച്ചിരിക്കുന്ന എന്നൊരു വാർത്ത യായിരുന്നു അത്. തൃശ്ശൂർ കളക്ടർ ആയ അർജ്ജുൻ പാണ്ഡിയൻ സാറിനെ കാണാനും കുറച്ച് സമയം പങ്കുവെക്കുവാനുമുള്ള അവസരം അതും കല്ലെക്ടറേറ്റിൽ വെച്ച്...ഇരുപതോ ഇരുപതഞ്ചോ അടങ്ങുന്ന ഒരു സംഘത്തിനാണ് അവസരം അതിനാൽ അതിലൊരാൾ ആയിരിക്കുമോ എന്ന ചിന്തയൊന്നും ഉണ്ടായിരുന്നില്ല. ആഗ്രഹമുണ്ടായിരുന്നു.

യു ജി യുള്ള ഡിപ്പാർട്മെന്റിൽ നിന്നും രണ്ടാളും പി ജി ഡിപ്പാർട്മെന്റിൽ നിന്നും മൂന്നാളും എന്നറിഞ്ഞപ്പോൾ പ്രതീക്ഷയുണ്ടായി. അങ്ങനെ അവസരം കിട്ടിയ ആളുകളുടെ ലിസ്റ്റും വന്നു. പോകുന്ന സമയം നാളെ എന്തായിരിക്കും എന്ന ഒരു കാര്യം മനസിലുണ്ടായിരുന്നു. അങ്ങനെ ആവേശത്താൽ അന്നും ഞാൻ ഉറങ്ങിയില്ല. സമയം ചലിക്കുന്നത് നേരെ അറിഞ്ഞുകൊണ്ട് കിടന്നു. ഉല്ലോല്ലേ ഷീണമെല്ലാം 5:30അനി അടിച്ചപ്പോൾ അവിടെനിന്നു. അങ്ങനെ സമയത്തിനൊരുങ്ങി ഇറങ്ങി. കൊടുങ്ങല്ലൂർ മുതൽ തൃശ്ശൂർ വരെ ഉള്ളത് യാത്ര മടുപ്പിക്കുന്നതാണെങ്കിലും അന്ന് ഇതൊന്നും അറിഞ്ഞില്ല. പിന്നെ മറ്റൊരു ബസ് പിടിച്ച് കല്ലെക്ടറേറ്റ് ഇന്റെ മുന്നിലേക്ക്. അവിടെ ചെന്നപ്പോൾ ആദ്യം മനസിലുണ്ടാക്കിയത് ഒരു മുഖമാണ്. പരിഭ്രമിച്ച് നിൽക്കുന്ന ആ മുഖത്ത് നോക്കുമ്പോ തന്നെ അറിയാമായിരുന്നു ആ പരിപാടിയുടെ കോർഡിനേറ്ററിൽ ഒരാളാണെന്ന്. ആ ചേച്ചി ഞങ്ങളോടെല്ലാവരോടും കാര്യങ്ങൾ ചോദിച്ചറിയുന്നതിനോടൊപ്പം ഒരു കാര്യം കൂടെ പറഞ്ഞു മനസ്സിൽ തോന്നുന്ന സംശയങ്ങൾ അതെ പടി ചോദിച്ചുകൊള്ളു എന്ന്. അങ്ങനെ ഒരു സുഹൃത്തിനോടെന്ന പോലെ ചോദിക്കാമെന്ന് മനസിനെ പറഞ്ഞു മനസിലാക്കി എങ്കിലും ഹൃദയമിടിപ്പിന്റെ വേഗത കൂടിയിരുന്നു.

പലരും ഞങ്ങളെ സന്ദർശിച്ചു. കാര്യങ്ങൾ മനസിലാക്കിയിരുന്നു. പിന്നീട് സാറിന്റെ വരവായിരുന്നു. എഴുന്നേറ്റുനിന്നതു പോലും ഭയത്തോടെയാണ്. പിന്നീട് വന്ന മാം കുറച്ച് നിർദ്ദേശങ്ങൾ തന്നു. ഒപ്പം എന്റെ മനസിലുണ്ടാക്കിയത് ഇതാണ് 'ഈ സമയം ഇനി തിരിച്ച് കിട്ടില്ല'. ഓരോരുത്തരായി ഉള്ളിൽ കയറി വാതിൽ അടക്കുമ്പോൾ ഞങ്ങൾ വേറെ ഒരു ലോകത്തെത്തിയത് പോലെ ആയിരുന്നു. പുറത്തിറങ്ങിയപ്പോഴാണ് ആ നിമിഷത്തിന്റെ വിലയും, സന്തോഷത്തിന്റെ ആഴവും തികച്ചും മനസ്സിലായത്.



കഥ
അതുല്യ ഇ.
രണ്ടാംവർഷ ബി. എ. മലയാളം

# പിശാച്

ജനാലയിലൂടെ പുറത്തേക്ക് നോക്കുമ്പോ പലതരത്തിലുള്ള ഓർമ്മകളും മനസ്സിലേക്ക് കടന്നുവന്നു. സാധരനായി രാവിലെ 5മണിക്ക് എണീറ്റ് കുളിച്ച് പ്രാർത്ഥിച്ച് മരുമകളെ ജോലിയിൽ സഹായിക്കും അതിനുശേഷം തൊടിയിലെ തെങ്ങും കവുങ്ങും മറ്റും നോക്കി നടക്കും. എന്നാൽ ഇപ്പോൾ വേദനയോടെയാണ് എന്റെ ഒരു ദിവസം ആരംഭിക്കുന്നത്. ഇളയ കൊച്ചുമകളായ കല്യാണിയുടെ പാദസരത്തിന്റെ ശബ്ദം കേട്ടു അടിവയറ് മുറുക്കി പിടിച്ചു കൊണ്ട് കട്ടിലിന്റെ ഒരു മൂലയിലേക്ക് ഞാൻ ചാനിരുന്നു. നിഷ്കളങ്കമായ ചിരിയുമായി അവൾ എന്റെ അരികിൽ വന്നിരുന്നു. ശേഷം അവൾ ചോദിച്ചു അമ്മുമ്മേ അമ്മുമ്മക്ക് കാൻസർ എന്താന്ന് അറിയോ..?

കുറച്ച് സമയത്തെ നിശബ്ദതക്ക് ശേഷം ഞാൻ പറഞ്ഞു ശരീരത്തെ തിന്നുന്ന പിശാച്. മനസ്സിൽ കാൻസർ ആർക്കും വരുത്തല്ലേ എന്ന് ഒരുനിമിഷം ഞാൻ പ്രാർത്ഥിച്ചു. അവൾ തുടർന്നു അപ്പൊ അമ്മുമ്മന്റെ ശരീരത്തിൽ പിശാച് ഉണ്ടല്ലേ...? എനിക്ക് ചിരിയാണ് വന്നത്. എന്തിനാ ചിരിക്കണേ അവൾ ചോദിച്ചു ഞാൻ ഒന്നും പറഞ്ഞില്ല. അമ്മയും മാമനും സംസാരിക്കുന്നത് ഞാൻ ഒളിഞ്ഞു കേട്ടതാ അമ്മുമ്മക്ക് കാൻസർ ആണെന്ന്.പേടിക്കേണ്ട പൂജാരിനോട് പറയാം പിശാചിനെ ഒഴപ്പിക്കാൻ ഒരു നെടുവീർപോടെ ഞാൻ പറഞ്ഞു മോളെ അമ്മ വിളിക്കുന്നുണ്ട് പോയി നോക്ക് അവൾ അമ്മയുടെ അരികിലേക്ക് ഓടി. അപ്പൊ എന്റെ വയറ്റിൽ കാൻസർ ആണല്ലേ എന്റെ മുടി കൊഴിഞ്ഞു



പോവോ..?
കൗസല്യക്ക് കാൻസർ ആയിരുന്നു
അതോണ്ടാണ് ഓൾ മരിച്ചത് എന്ന
വിജയ പറഞ്ഞത് അപ്പൊ ഞാനും
മരിക്കുമോ..?
ഇന്നലെ കാൻസർ വാർഡിക്ക്
അതുകൊണ്ട് ആണോ കൊണ്ടുപോയത്
ശരീരം മുഴുവൻ വിറക്കുന്നു.
എന്റെ മുത്തപ്പാ എന്തിനാ എന്നോട് ഈ
പരീക്ഷണം ഇത്രയും കാലം പരീക്ഷിച്ചത്
മതിയായില്ലേ. കട്ടിലിന്റെ ഒരു മൂലക്ക്
ഇടാതെ എന്നെ വേഗം അങ്ങ്
കൊണ്ടുപോണെ അത്രയെങ്കിലും
കാരുണ്യം എന്നോട് കാണിക്കണേ..
ഇരുപത്തിഎട്ടാം വയസ്സിൽ ഭർത്താവ്
നഷ്ടപ്പെട്ടപ്പോൾ പോലും എനിക്ക്
ഇത്രയും ഒറ്റ പെടൽ വന്നിട്ടില്ല. പക്ഷെ
ഇപ്പോൾ എല്ലാവരും കൂടെയുണ്ട്
എന്നാലും ഒരു ഒറ്റപ്പെടൽ. നാല്
ചുമരുകൾ ക്കുള്ളിൽ കിടന്ന് ശ്വാസം
മുട്ടുന്നത് പോലെ. ബന്ധുക്കൾ കാണാൻ
വരുന്നത് സഹതാപം കൊണ്ടാണെന്ന്
ഇപ്പൊ എനിക്ക് മനസ്സിലാവുന്നുണ്ട്. ഈ
അസുഖത്തിന്റെ കാര്യം
അറിയണ്ടായിരുന്നു അറിഞ്ഞപ്പോൾ
മുതൽ സ്വയം ഞാൻ എന്നെ തന്നെ
തളർത്തികൊണ്ടിരിക്കാണ്. വീട്ടിൽ
വരുന്നവരുടെ സഹതാപ വാക്കുകൾ
കൂടുതൽ എന്നെ തളർത്തുന്നു.എന്റെ
മനസ്സിലെ പ്രതീക്ഷയുടെ കച്ചിത്തുരുമ്പ്
ഇല്ലാതാക്കുന്നു. നാളെ മുതൽ എന്റെ
ശരീരത്തിക്ക് സൂചി കുത്തി കേറ്റാൻ
പോവാന്ന് രാധിക പറയുന്നത് കേട്ടു. ഈ
65ാം വയസ്സിൽ വേദന സഹിക്കാനുള്ള
ആവതൊന്നു എനിക്കില്ല.എന്റെ കൃഷ്ണ
നിനക്ക് എന്നും ഞാൻ വിളക്ക്
കത്തിക്കുന്നതല്ലേ വലിയ തോതിലുള്ള
വേദനയൊന്നു തരല്ലേ.ഇപ്പൊ
ഉറങ്ങിയാൽ നാളെ ഉറക്കം ഉണരാൻ
സാധിക്കണേ. ആലത്തൂർ ഹനുമാനെ
കാത്തുരക്ഷിക്കണേ.....

ഗൗരി നന്ദന എം. ജി.
ഒന്നാംവർഷ ബി. ടി. ടി. എം.

# കേരളടൂറിസം- ചില ചിന്തകൾ

ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളം വിനോദസഞ്ചാരരംഗത്ത് അറിയപ്പെടുന്നത്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ മുനമ്പിൽ സ്ഥിതിചെയ്യുന്ന കേരളം അതിന്റെ അതുല്യമായ ഭൂപ്രകൃതി കാരണം ഏഷ്യയിലെ ഏറ്റവും ആകർഷകമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ്. ലോകത്തിലെ 50 മികച്ച ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി കേരളത്തെ നാഷണൽ Geographical travaller മാസിക തിരഞ്ഞെടുത്തിട്ടുണ്ട്. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് ഉയർന്ന് നിൽക്കുന്ന പശ്ചിമഘട്ടം, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന 44 നദികൾ എന്നിവയാൽ ചുറ്റപ്പെട്ട കേരളം അതുല്യമായ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ അനുഗ്രഹീതഗ്രഹീതമാണ്. സമശീതോഷ്ണ കാലാവസ്ഥ, ശാന്തമായ കടൽതീരങ്ങൾ, സുന്ദരമായ മരതക കായലുകൾ, വിചിത്രമായ വന്യജീവി സമ്പത്ത്, നാനാതരം ഔഷധങ്ങളാൽ നിറഞ്ഞിരിക്കുന്ന കാടുകൾ കുന്നുകൾ എന്നിവയുള്ള 'ഒരു കൊച്ചു നീണ്ട തീരം". മറ്റൊരു പ്രത്യേകത എന്തെന്നാൽ ഒരു വിനോദസഞ്ചാര കേന്ദ്രത്തിൽ നിന്ന് മറ്റൊരു കേന്ദ്രത്തിലേക്ക് എത്താൻ രണ്ടോ മൂന്നോ മണിക്കൂർ യാത്ര ചെയ്താൽ മതിയാവും ക്ലാസിക്കൽ കലാരൂപങ്ങൾ,നിറപ്പകിട്ടാർന്ന ഉത്സവങ്ങൾ വിഭവ സമൃദ്ധമായ ഭക്ഷണം എന്നിവയാണ് കേരളത്തിലേക്ക് വിനോദസഞ്ചാരികളെ കൂടുതലായും ആകർഷിക്കുന്നത്.



ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളം വിനോദസഞ്ചാരരംഗത്ത് അറിയപ്പെടുന്നത്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ മുനമ്പിൽ സ്ഥിതിചെയ്യുന്ന കേരളം അതിന്റെ അതുല്യമായ ഭൂപ്രകൃതി കാരണം ഏഷ്യയിലെ ഏറ്റവും ആകർഷകമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ്. ലോകത്തിലെ 50 മികച്ച ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി കേരളത്തെ നാഷണൽ Geographical travaller മാസിക തിരഞ്ഞെടുത്തിട്ടുണ്ട്. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക ഉയർന്ന് നിൽക്കുന്ന പശ്ചിമഘട്ടം, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന 44 നദികൾ എന്നിവയാൽ ചുറ്റപ്പെട്ട കേരളം അതുല്യമായ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ അനുഗ്രഹീതഗ്രഹീതമാണ്. സമശീതോഷ്ണ കാലാവസ്ഥ, ശാന്തമായ കടൽതീരങ്ങൾ, സുന്ദരമായ മരതക കായലുകൾ, വിചിത്രമായ വന്യജീവി സമ്പത്ത്, നാനാതരം ഔഷധങ്ങളാൽ നിറഞ്ഞിരിക്കുന്ന കാടുകൾ കുന്നുകൾ എന്നിവയുള്ള 'ഒരു കൊച്ചു നീണ്ട തീരം". മറ്റൊരു പ്രത്യേകത എന്തെന്നാൽ ഒരു വിനോദസഞ്ചാര കേന്ദ്രത്തിൽ നിന്ന് മറ്റൊരു കേന്ദ്രത്തിലേക്ക് എത്താൻ രണ്ടോ മൂന്നോ മണിക്കൂർ യാത്ര ചെയ്താൽ മതിയാവും ക്ലാസിക്കൽ കലാരൂപങ്ങൾ,നിറപ്പകിട്ടാർന്ന ഉത്സവങ്ങൾ വിഭവ സമൃദ്ധമായ ഭക്ഷണം എന്നിവയാണ് കേരളത്തിലേക്ക് വിനോദ സഞ്ചാരികളെ കൂടുതലായും ആകർഷിക്കുന്നത്

**ടൂറിസ്റ്റുകൾ പലതരം**

ടൂറിസം നയം ആവിഷ്കരിക്കുമ്പോൾ ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകതഎന്തെന്ന് മനസ്സിലാക്കുകയും അതിനെ ഉൾക്കൊണ്ടുകൊണ്ടും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടും ഉള്ള ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കാൻ കഴിയണം. കേരളത്തിൽ മൂന്നു തരത്തിലുള്ള വിനോദസഞ്ചാരികളാണ് പൊതുവെ എത്തിച്ചേരുന്നത്.

1. മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ.
2. സംസ്ഥാനത്തിനു പുറത്തുള്ള വിനോദസഞ്ചാരികൾ
3. സംസ്ഥാനത്തിനകത്തുതന്നെ സഞ്ചാരം നടത്തുന്നവർ

ഈ മൂന്ന് വിഭാഗങ്ങളുടെയും താൽപ്പര്യങ്ങളും സവിശേഷകളും എന്തെന്നും മനസ്സിലാക്കി ക്കൊണ്ട് നയം ആവിഷ്കരിക്കാനാവണം. താമസം മുതൽ ജീവിതത്തിന്റെ ആവശ്യങ്ങളും നമ്മിൽനിന്ന് വ്യത്യസ്തമാണെന്ന് തിരിച്ചറി ഞ്ഞുകൊണ്ട് ഇടപെടാനാവണം. അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുമ്പോഴാണ് ഇത്തരം സഞ്ചാരികളെ നമുക്ക് ആകർഷിക്കാനാകുക. വർഷങ്ങളായി കേരളത്തിലേക ്കെത്തുന്ന വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും തണുത്ത കാലാവസ്ഥ അനുഭവപ്പെടുന്ന യൂറോപ്പിൽ നിന്നാണെങ്കിലും അടുത്തകാലത്തായി മലേഷ്യ, ഗൾഫ് രാജ്യങ്ങൾ, മാലിദ്വീപ് എന്നിവിടങ്ങളിൽ നിന്നും വിനോദസഞ്ചാരികൾ കേരളത്തി ലേക്ക് കൂടുതലായി വരുന്നുണ്ട്. രാജ്യത്തിനകത്തുവരുന്ന സഞ്ചാരികൾ പ്രധാനമായും തീർത്ഥാടനസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് വരുന്നവരാണ്. അതിന് അനുയോജ്യമായ സൗകര്യങ്ങളും സംവിധാന ങ്ങളുമാണ് ഇത്തരക്കാരെ ആകർഷിക്കുന്നതിന് പ്രധാനമായും വേണ്ടത്. മറ്റു രാജ്യങ്ങളിലെ സഞ്ചാരികളുടെ താൽപ്പര്യങ്ങളിൽ നിന്ന് വിഭിന്നമാണ് ഇവരുടെ താൽപ്പര്യങ്ങൾ എന്ന് മനസ്സിലാക്കണം.

**ടൂറിസം:- കേരളത്തിന്റെ സാധ്യത**

പ്രകൃതിസൗന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യവുമാണ് കേരളത്തിന്റെ പ്രത്യേകത. ഹൈറേഞ്ചിലെ നിത്യഹരിത വനങ്ങളിൽ നിന്നും മലയോരങ്ങളിലൂടെ വേമ്പനാട്ട് കായൽ വഴി തീരദേശത്ത് എത്തുന്നതിന് ഏതാനും മണിക്കൂർ യാത്ര മതി. വിനോദസഞ്ചാരികൾക്ക് അവരുടെ താൽപ്പര്യമനുസരിച്ച് കായലും കടലും മഴനിഴൽ കാടും പുൽമേടും തെരഞ്ഞെടുക്കാൻ അവസരമുണ്ട്. ആയുർവേദവും കളരിപ്പയറ്റും പാരമ്പര്യകലാരൂപങ്ങളും മറ്റൊരു ആകർഷണമാണ്. ഇവയെ ബ്രാൻഡു ചെയ്ത് ലോകവ്യാപകമായി പരിചയപ്പെടുത്തുവാൻ കഴിഞ്ഞു എന്നതാണ് കേരള ടൂറിസത്തിന്റെ വിജയത്തിനാധാരം. ഇവ ഉൾപ്പെടുത്തി വൈവിധ്യമാർന്ന ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ ഇനിയും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളത്തിന്റെ ഓരോ മുക്കിനും മൂലയ്ക്കും ഓരോ സവിശേഷതകളുണ്ട്. അവയുടെ ടൂറിസം സാധ്യതകൾ അനന്തമാണ്. ഓരോ ടൂറിസം ഉത്പന്നങ്ങളേയും മൂല്യവർധിതമാക്കുകയും കാലോചിതമാക്കുകയും വേണം.

കേരളത്തിലെ ക്രമസമാധാന നിലയും സുരക്ഷിതത്വവും സഞ്ചാരികൾക്ക് സുരക്ഷി തത്വബോധം നൽകുന്നുണ്ട്. രാജ്യത്തുതന്നെ ആദ്യമായി ഏർപ്പെടുത്തിയ ടൂറിസം പോലീസ് സംവിധാനം എടുത്തുപറയേണ്ട ഒന്നാണ്. കേരളത്തിലെ സാർവത്രികവിദ്യാഭ്യാസവും മെച്ചപ്പെട്ട ആരോഗ്യവും ജീവിത ഗുണമേന്മയും അന്തർദേശീയ ശ്രദ്ധയിൽ വന്നത് വിനോദസഞ്ചാരരംഗത്തും ഗുണമാകു ന്നുണ്ട്.ഹൗസ്ബോട്ടുകളിൽ കായലിലൂടെയുള്ള സഞ്ചാരം കേരളത്തിലെത്തുന്ന വിദേശിക ൾക്ക് പ്രിയപ്പെട്ടതാണ്. പരമ്പരാഗത വള്ളങ്ങളെ ഹൗസ്ബോട്ടുകളാക്കി

രൂപാന്തരപ്പെടുത്തിയത് ഈ രംഗത്തുണ്ടായ സുപ്രധാനമായ ആധുനികവൽക്കരണ നടപടിയായിരുന്നു. കായൽ ഭക്ഷണവും പാടശേഖരങ്ങളും കനാലുകളും കനാലോര ആവാസകേന്ദ്രങ്ങളും സഞ്ചാരികൾക്ക് നവീന അനുഭവം നല്കുന്നു.

കേരളത്തിൽ ഏറ്റവും വേഗത്തിൽ പച്ചപിടിക്കുന്നത് ആരോഗ്യടൂറിസമാണ്. പഞ്ചകർമ്മ ചികിത്സ പോലുള്ളവയാണ് ഇതിൽ ഏറെ ആകർഷണീയമായിട്ടുള്ളത്. ഈ ചികിത്സ മഴക്കാലത്താണ് പാരമ്പര്യമായി നടത്താറുള്ളത്. എന്നാൽ, ആ കാലഘട്ടം ടൂറിസത്തെ സംബന്ധിച്ചിടത്തോളം അനുകൂലമായ കാലമല്ല. ഇത് ഉണ്ടാക്കുന്ന ഒരു സാഹചര്യം സീസൺ അല്ലാത്ത ഘട്ടത്തിലും ടൂറിസ്റ്റുകളെ ആകർഷിക്കാനാകും എന്നതാണ്. ഈ സവിശേഷ കൂടി കണക്കിലെടുത്ത് ഇത്തരം സാധ്യതകളെ ഉപയോഗപ്പെടുത്താനാവണം. ആഡംബര ഹോട്ടലുകളിൽനിന്ന് വിഭിന്നമായി ഹോംസ്റ്റേ സംവിധാനത്തോടും ആഭിമുഖ്യത്തേയും ഉപയോഗപ്പെടുത്താനാവണം. ലോക ജൈവവൈവിധ്യ പട്ടികയിൽ ഉൾപ്പെട്ട പശ്ചിമഘട്ട മേഖലയും റംസാർ പട്ടികയിലുള്ള വേമ്പനാട്ട് കായലും കോൾനിലങ്ങളും നാട്ടിൻ പുറങ്ങളുടെ ജീവവായുവായ വയലേലകളും, കുന്നിൻ ചരിവുകളും നിർത്തടങ്ങളും നിത്യഹരിതവനങ്ങളും ഇക്കോ ടൂറിസം മേഖലയിൽ കേരളത്തിന് വലിയ സാധ്യത തുറന്നിട്ടുണ്ട്. ട്രക്കിങ്ങും മലകയറ്റവും മരംകയറ്റവുമെല്ലാം ഉൾപ്പെടുത്തുമ്പോൾ ഇക്കോ ടൂറിസം സാഹസികടൂറിസത്തിനും വഴിയൊരുക്കുന്നു. നമ്മുടെ സവിശേഷ കൃഷിരീതികളെ മനസ്സിലാക്കുന്നതിന് ഫാം ടൂറിസം പ്രയോജനപ്പെടുന്നു.

പശ്ചിമഘട്ടവനമേഖലയിൽ ഉൾപ്പെടുന്ന പ്രകൃതി രമണീയമായ കേന്ദ്രങ്ങൾ ഇക്കോടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ ഉൾക്കൊള്ളുന്നവയാണ്. വനം-ടൂറിസം വകുപ്പുകൾ സംയുക്തമായി ടി മേഖലയുടെ സംരക്ഷണം, വികസനം, വനാശ്രയ സമൂഹത്തിന്റെ അഭിവൃദ്ധി എന്നിവ ലക്ഷ്യമാക്കിയുള്ള ടൂറിസം ശാക്തീകരണം എന്നിവയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലേതു പോലെ ഭീമൻ കോട്ടകളും കൊട്ടാരങ്ങളും കേരളത്തിൽ ഇല്ലെങ്കിലും ഏതു പ്രദേശമെടുത്താലും പൈതൃക സംരക്ഷണ പട്ടികയിൽ പെടുത്താവുന്ന നിർമ്മിതികൾ നമുക്കുണ്ട്. പൈതൃകത്തിന്റെ നിർവ്വചനത്തെ കെട്ടിടം എന്നതിലപ്പുറത്തേക്ക് കലയും സാംസ്കാരവും പാരമ്പര്യ തൊഴിലുകളും എല്ലാമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ കേരളത്തിന്റെ പൈതൃകടൂറിസം പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്.

**ടൂറിസംമേഖലയിലെ വികസന പ്രവർത്തനങ്ങൾ**

ടൂറിസംമേഖലയിൽ രണ്ടുതരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് മുഖ്യമായും നടക്കുന്നത്. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ടൂറിസം കേന്ദ്രങ്ങളിൽ പൊതുവായ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ നടക്കുന്നു. ഹൗസ് ബോട്ടുകൾ, ഹരിത-ഗ്രാമീണ പാർപ്പിടകേന്ദ്രങ്ങൾ, ആയുർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആരോഗ്യ ടൂറിസം, ഫാം ടൂറിസം, സാഹസിക ടൂറിസം, കായൽ ടൂറിസം തുടങ്ങിയ ഒട്ടനവധി ടൂറിസം ഉത്പന്നങ്ങൾക്ക് വിവിധ സംരംഭകർ രൂപംനല്കിയിട്ടുണ്ട്. ഈ മേഖലകളിൽ സർക്കാർ നിക്ഷേപത്തിനൊപ്പം സ്വകാര്യ സംരംഭകരെ കൂടുതൽ ആകർഷിക്കാനും പ്രവർത്തന സൗകര്യം ഒരുക്കാനും നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്താനും പറ്റാവുന്ന തരത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്. ചെറുകിട സംരംഭങ്ങൾക്ക് പരമാവധി പ്രോത്സാഹനം നൽകണം. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ടൂറിസം വികസനത്തിൽ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആതിഥേയ മര്യാദ, ശുചിത്വം എന്നിവ ഉറപ്പാക്കുന്ന ചെറുകിട സംരംഭങ്ങൾ തദ്ദേശവാസികൾക്കും പ്രയോജനം ചെയ്യും എന്ന് കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണം.

വിനോദസഞ്ചാരികളുടെ വരവ് കൂടുന്നതനുസരിച്ച് ഗുണമേന്മയുള്ള താമസസൗകര്യങ്ങൾ വർധിക്കേണ്ടതുണ്ട്. എന്നാൽ ഹോട്ടൽ മുറികളുടെ എണ്ണം കൂട്ടുക മാത്രമല്ല വേണ്ടത്. മാറുന്ന അഭിരുചിക്ക് അനുസരിച്ച് പുത്തൻ ടൂറിസം ഉത്പന്നങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കും. റിസോർട്ടുകളുടെ ആവശ്യത്തേക്കാൾ ഹോംസ്റ്റേ സമ്പ്രദായം വിനോദസഞ്ചാരികൾക്ക് പ്രിയങ്കരമായിത്തീരുന്നു എന്ന് മനസ്സിലാക്കാനും അതനുസരിച്ചുള്ള സൗകര്യങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കുന്നതാണ്.

വിദേശീയർ മാത്രമല്ല തദ്ദേശ ടൂറിസ്റ്റുകളും ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. വാരാന്ത്യ സന്ദർശന ഇടമായി ഇത്തരം മേഖലകളെ വിപുലപ്പെടുത്താൻ കഴിയണം. ഭീമൻ കെട്ടുരുപ്പടികൾ ഉൾക്കൊള്ളുന്ന കെട്ടുകാഴ്ചകൾ ഉള്ളതുമായ മറ്റ് ഉത്സവങ്ങളെയും ടൂറിസത്തിൻറെ ഭാഗമായി പരിചയപ്പെടുത്തുന്നത് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സഹായിക്കും. കഥകളി, കളരിപ്പയറ്റ്, വള്ളംകളി, പൂരം, ഓണാഘോഷം തുടങ്ങിയ കലാ സാംസ്കാരിക പ്രദർശനങ്ങളെ വിനോദസഞ്ചാരവുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കാനാവണം.



**കവിത**

**ഗോപിക കെ.**
**രണ്ടാംംവർഷ ബി. എസ്. സി. മാത്തമാറ്റിക്സ്**

# മഴയുടെ കയ്യൊപ്പ്

മഴ വന്ന നേരത്ത്
മുറ്റത്തെ തിണ്ണയിൽ
മഴയെ തൊടാനായി നോക്കി നിന്നു,
ഞാൻ
മഴ നനയാനായി കൊതിച്ചു നിന്നു...
അന്നൊരു നാളിൽ നീ
പറയാതെ വന്നെന്റെ
കാർക്കുന്തൽ ഇഴകളിൽ ചുംബിച്ചതും
എന്റെ പുസ്തകം തോറും സ്പർശിച്ചതും
അന്നു നീ എന്നിൽ നിന്ന് അകന്ന് പോയെങ്കിലും
നിന്നിടൽപാടുകൾ ഒരു കയ്യൊപ്പ് പോലെയെൻ കാർക്കുന്തൽ
ഇഴകളിൽ ചേർന്നുനിന്നു
ഓരോ ഋതുവിലും തേടുന്നു നിന്നെ ഞാൻ...
നിന്റെ നാദം കേൾക്കുവാൻ
കാത്തിരുന്നു ഞാൻ...
അന്നു നീ പറയാതെ പോയി....
എന്തിന് അന്ന് എന്നിൽ നിന്നകന്നു പോയി...
ഇന്ന് നീയെൻ അരികിൽ
വന്നു ചേരുന്നെങ്കിലും നിന്റെ കയ്യൊപ്പ് ചാർത്തിയ കാർക്കുന്തൽ
ഇഴകൾ ഇന്ന് ശൂന്യമാണ്....

**കവിത**

**സിനാൻ ഇ. കെ.**
**മൂന്നാംവർഷ ബി. എസ്. സി. മാത്തമാറ്റിക്സ്**



# ഊന്നുവടികൾ

നൊസ്സ് പറയുന്ന പകലിനും
എന്നടുക്കെ വന്നിരുന്നു.
ഇളം പ്രായത്തിലെപ്പൊഴോ
ഇരുട്ടുമായുള്ള തോട്ടുകളിയിലെ
വിജയഗാഥ പിറുപിറുത്ത്
വർധക്യത്തെ ശപിച്ച്
ഊന്നുവാടിയിൽ മുറുക്കെപ്പിടിച്ച്
നൊസ്സ് പറയുന്ന പകലിനും വന്നിരുന്നു...!
മഴസഞ്ചിയുമായി വന്ന മാരിക്കാർ
മലനിരകൾക്കുമുകളിൽ ഊന്നുവാടിയിൽ തലചായ്ച്ച്
കിതപ്പു തുടങ്ങിയിരുന്നു
മലനിരകൾക്കു താഴെ
[illegible]യിൽ മുറിക്കിപ്പിടിക്കാൻ പോലും
ശേഷിയില്ലാത്ത പാട്ടുവൃദ്ധ
വേച്ചു വേച്ചു കൊണ്ട്
അറബിക്കടലുഗമിക്കുന്നു.
ന[illegible]രിധിയിൽ ഒരു 'തൊപ്പിക്കാരൻ'
'ലത്തി'യിലൂന്നി വിയർക്കുന്നു...
തെരുവിൽ, ആയിരമൂന്നുവടികൾ
മറന്നൊഴിഞ്ഞ തണലുകളോർത്ത് തേങ്ങുന്നു...
നീതിയിലൂന്നി നടന്നവരൊക്കെ
നീതിയാൽ അടിയേറ്റു പിടയുന്നു...
ഊന്നുവടികൾക്കു മുമ്പേ
അഭിമാനം മുറുക്കിപ്പിടിച്ചുകൊണ്ടോടി -
യകലുന്ന പെൺകുട്ടിക്കു വേണ്ടി
ഒരിക്കൽ കൂടി
ജ്വലിച്ചുകൊണ്ട്.
വരിയെല്ലുകളിൽ ഹൃദയമിടിപ്പിന്റെ
പ്രകമ്പനം അടക്കിപ്പിടിച്ച്
പ്രാകിപറഞ്ഞുംകൊണ്ട്
നൊസ്സുക്കാരൻ പകലതാ
കടത്തിണ്ണയിലുറങ്ങുന്നു

കവിത
സൂര്യ ഗായത്രി
രണ്ടാംവർഷ ബി. എസ്. സി. സുവോളജി

# മരം



കൈ കുത്തിയെഴുന്നേറ്റ്
വീണ്ടും പുഞ്ചിരിക്കുന്ന,
തളിരുകളിൽ നിന്നു പടർന്ന്,
വേരുകൾ ഇറക്കി മണ്ണിൽ ഉറച്ച്
പതനങ്ങുകളിലും പുനർജനിക്കുന്ന
വിജയങ്ങളുടെ പ്രചോദനം......!

കവിത
ഋതുനന്ദ് ആർ. എസ്.
രണ്ടാംവർൽ ബി. എ. മലയാളം

# പെണ്ണ്

ഇരുട്ടിന്റെ മറപറ്റി പലരും അവളെ
തേടിയെത്തി.
ആ പെണ്ണുടലിനെ മൃഗീയമാം വിധം ഭോഗിച്ചും,
നഗ്നതയെ വാഴ്ത്തിയും അവരെല്ലാം
ആനന്ദിച്ചപ്പോൾ ആ പെൺമനം കൊതിച്ചത്
ഒരിറ്റ് പ്രണയത്തിനായിരുന്നു.
കാമക്കണ്ണുകളിൽ പ്രണയം തേടിയവൾ
പരാജയപ്പെട്ടു.
കാലം, ആ പെണ്ണിന് വേശി എന്നൊരു പട്ടം
ചാർത്തികൊടുത്തപ്പോൾ
അവൾക്ക് ചോദിക്കുവാനുള്ളത് ഇത്ര മാത്രം
"എന്റെ മടിക്കുത്തഴിച്ചവരെ എന്ത് പേരിട്ട്
വിളിക്കേണ്ടു"'


കാഞ്ചി കോളേജ് യൂണിയൻ 2024-25
യൂണിയൻ പ്രതിനിധികൾ
BTTM
HISTORY
MMALAYALAM
PHYSICS
SNEHITH P P
P H LAKSHMAN
AMEENA P R
AKHILA MANOJ
DEEPANJALI
MALAVIKA T M
AYISHA RIZA
AYISHA AMNA
MATHS
ZOOLOGY
BOTANY
CHEMISTRY
AMAL RAJ B R
DEVIKA K K
SAFA C
ANSILA RAHMAN
I DC
II DC
III DC
PG REP
2024-25 കലാലയ യൂണിയൻ മാഗസിൻ



# എൻ. എസ്. എസ്. റിപ്പോർട്ട്

കോളേജിലെ എൻഎസ്എസ് യൂണിറ്റുകൾ ഈ വർഷവും മികച്ച പ്രവർത്തനമാണ് നടത്തിയത്. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ തുടിപ്പുകൾ അറിഞ്ഞ് വിദ്യാർത്ഥികളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്ന വിധത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തത്. ഈ വർഷത്തെ പ്രധാനപ്പെട്ട പരിപാടികൾ താഴെപ്പറയുന്നു -

5/6/2024 ജൂൺ അഞ്ചിന് പരിസ്ഥിതി ദിന പരിപാടിയോടനുബന്ധിച്ച് വർഷത്തെ നട്ടുകൊണ്ട് പ്രിൻസിപ്പൽ ഡോക്ടർ ബിന്ദു ശർമ്മിള ഉദ്ഘാടനം ചെയ്തു. അതോടൊപ്പം ക്യാഷ് പ്രൈസ് നൽകിക്കൊണ്ട് ഹരിത കർമ്മ സേന അംഗത്തെ ആദരിച്ചു.

14/6/2024ന് എൻഎസ്എസ് യൂണിറ്റുകളും കൊടുങ്ങല്ലൂർ താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുമായി ചേർന്ന് രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

21/6/2024ന് യോഗാ ദിനത്തോടനുബന്ധിച്ച് ദൈവപ്രിയയുടെ നേതൃത്വത്തിൽ എൻഎസ്എസ് യൂണിറ്റ് യോഗ പരിശീലന ക്ലാസ് സംഘടിപ്പിക്കുകയും, ഡോക്ടർ ഉഷാകുമാരി ഉദ്ഘാടനം ചെയ്തു.

26/6/2024ന് ആന്റി നറുക്കെട്ടിക്സ് ഡേയുടെ ഭാഗമായി കോളേജിലെ നെർക്കോട്ടിക് കമ്മിറ്റിയും എൻഎസ്എസ് സംയുക്തമായി ക്വിസ് മത്സരവും, പോസ്റ്റർ നിർമ്മാണവും, ഫ്ലാഷ് മോബും സംഘടിപ്പിച്ചു. ഡോക്ടർ ബിന്ദു ശർമ ഉദ്ഘാടനം ചെയ്തു.

19/6/2024ന് വായനാദിനത്തിന്റെ ഭാഗമായി ബുക്ക് എക്സിബിഷൻ നടന്നു. ഡോക്ടർ ഉഷാകുമാരി ഉദ്ഘാടനം ചെയ്തു.

23/11/2024 തൃശ്ശൂർ മുൻസിപ്പാലിറ്റി സംഘടിപ്പിക്കുന്ന ഡിജി കേരളം എന്ന പദ്ധതിയിൽ എൻഎസ്എസ് വിദ്യാർത്ഥികൾ ഭാഗമായി.

24/6/24കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി വളണ്ടിയർ സംയുക്തമായി പൊതിച്ചോർ വിതരണം സംഘടിപ്പിച്ചു.

6/8/2024 വയനാട് ദുരന്തത്തോട് അനുബന്ധിച്ച് ദുരിതാശ്വാസ




ക്യാമ്പിൽ ആവശ്യമായ തുണികൾ,പലചരക്ക് സാധനങ്ങൾ, ടോർച്ച് എന്നിങ്ങനെയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്തു.

15/8/2024 77ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഡോക്ടർ ഉഷാകുമാരി പതാക ഉയർത്തി സംസാരിച്ചു, ദേശഭക്തിഗാനം തോടുകൂടി പരിപാടി ആരംഭിച്ചു. അതിനുള്ള അനുബന്ധിച്ച് ക്വിസ് മത്സരവും, ക്യാമ്പസ് ശുചീകരണ പരിപാടിയും സംഘടിപ്പിച്ചു.

5/9/2024 എൻഎസ്എസ് യൂണിറ്റും തൃശ്ശൂർ താലൂക്ക് ലീഗിൽ കമ്മിറ്റിയും സംയുക്തമായി ലീഗൽ അവയർനസ് ക്ലാസ് സംഘടിപ്പിച്ചു. ഡോക്ടർ ബിന്ദു ശർമിള ഉദ്ഘാടനം ചെയ്തു, അതോടൊപ്പം അഡ്വക്കേറ്റ് അബ്ദുൽ ഖാദർ ഈ സെക്ഷൻ കൈകാര്യം ചെയ്തു.


26/11/2024 എൻഎസ്എസ് യൂണിറ്റും, ഭൂമിത്ര സേനയും, ഫിസിക്സ് ഡിപ്പാർട്ട്മെന്റ് സംയുക്തമായി ഊർജ്ജസംരക്ഷണ ദിനത്തോടും, ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് സ്റ്റാർ നിർമ്മാണം സംഘടിപ്പിച്ചു.

**സപ്തദിനസഹവാസ ക്യാമ്പ് (20 -26/12/2025)**

20/12/24 രാവിലെ മുൻസിപ്പൽ ചെയർപേഴ്സൺ ടി കെ ഗീത ഔദ്യോഗികമായി ഉദ്ഘാടനം നടത്തി.

ഡോക്ടർ ബിന്ദു ശർമിള ടി കെ അധ്യക്ഷ സ്ഥാനം അലങ്കരിച്ചു, തുടർന്ന് എംഎൽഎ,അഡ്വക്കേറ്റ് വി. ആർ സുനിൽകുമാർ സംസാരിച്ചു.

KKTM ജിഎച്ച്എസ്എസ് സ്കൂളിൽ വച്ചാണ് ക്യാമ്പ് നടന്നത്. ക്യാമ്പ് ആരംഭത്തിന്റെ ഭാഗമായി വിളംബര ജാഥ നടത്തി. മസിലസ് കെഎം സ്കിൽ ഡെവലപ്മെന്റ് സെക്ഷൻ നടത്തി, തുടർന്ന് സ്റ്റാർ, യോഗ പരിശീലകനായ kktm എൻഎസ്എസ് വളണ്ടിയർ ദേവപ്രയാർ യോഗ സെക്ഷൻ നടത്തി, കൃഷിഭവനിൽ നിന്ന് ലഭിച്ച വിത്തുകൾ കൊണ്ട് പച്ചക്കറി തോട്ടം നിർമിച്ചു, കെ കെ ടി എമ്മിലെ എൻഎസ്എസ് വളണ്ടിയേഴ്സ് രക്തപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു, സ്കൂൾ ശുചീകരണവും നടത്തി, അതിനൊപ്പം ചെടിച്ചട്ടികളും ചുമരുകളും പെയിന്റടിച്ചു. ആര്യ ഐക്യർ ഹോസ്പിറ്റലിനോടൊപ്പം കണ്ണ് പരിശോധന ക്യാമ്പ് നടത്തി, അതോടൊപ്പം വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ സർവ്വേയുടെ എടുക്കുന്നതിന്റെ ഭാഗമായി എൻഎസ്എസ് മാറി. തൊട്ടടുത്തുള്ള വൃദ്ധസദനത്തിൽ പോയി അവരോടൊപ്പം ക്രിസ്മസ് ആഘോഷിച്ചു. യൂത്ത് സസ്റ്റൈനബിൾ ഡെവലപ്മെന്റിന്റെ ഭാഗമായി ഡിബേറ്റ് സെക്ഷൻ നടത്തി, അവസാന ദിവസമായ 26/12/24 രാവിലെ 10 മണിക്ക് എൻഎസ്എസ് എസ് സപ്തദിന സഹവാസ ക്യാമ്പ് സമാപന സമ്മേളനത്തോടുകൂടി അവസാനിച്ചു.





# യൂണിയൻ റിപ്പോർട്ട്

2024 ഒക്ടോബർ 10ന് നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ 20 സീറ്റിൽ 15 സീറ്റുകളിൽ എസ്എഫ്ഐ വിജയിച്ചു.

ചെയർമാൻ :ഋഷികേഷ് ബാബു.

വൈസ് ചെയർപേഴ്സൺ:

അതുല്യ ഗീത്

ജനറൽ സെക്രട്ടറി: സാനിയമറിയം

ജോയിൻ സെക്രട്ടറി :വൃന്ദ

യു യു സി :ഷിഫാന പി കെ

ഫൈനാൻസ് സെക്രട്ടറി: കൈലാസനാഥ്

മാഗസിൻ എഡിറ്റർ: ആർഷ

ജനറൽ ക്യാപ്റ്റൻ:

അഭിജിത്ത് ലാൽ

ഒക്ടോബർ 15ന് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സത്യപ്രതിജ്ഞ ചടങ്ങിൽ തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ അംഗങ്ങൾ ഭാരവാഹികളായി ചുമതല ഏറ്റു. തുടർന്ന് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ഡോ. മുഹമ്മദ് ബഷീറിനെ സ്റ്റാഫ് അഡ്വൈസറായും രാഗ. ആറിനെ ആർട്സ് അഡ്വൈസറായും യാക്കോബ് തോമസിനെ മാഗസിൻ അഡ്വൈസറായും തിരഞ്ഞെടുത്തു.

**യൂണിയൻ ഡേ**

നവംബർ 14 കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് യൂണിയന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. പ്രശസ്ത എഴുത്തുകാരൻ എങ്ങണ്ടിയൂർ ചന്ദ്രശേഖരൻ പരിപാടി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി സ്റ്റേറ്റ് ഫിലിം അവാർഡ് ജേതാവ് ഡാവിഞ്ചി സാന്നിധ്യം അറിയിച്ചു.

**ക്രിസ്തുമസ് സെലിബ്രേഷൻ**

മികച്ച വിദ്യാർത്ഥി പങ്കാളിത്തത്തോടെയാണ് ക്രിസ്തുമസ് പരിപാടികൾ യൂണിയൻ സംഘടിപ്പിച്ചത് ഡിപ്പാർട്ട്മെൻറ് തലത്തിൽ പുൽക്കൂട് മത്സരം കരോൾ ഗാന മത്സരം പാപ്പാ ഡാൻസ് എന്നിവ വിദ്യാർത്ഥികളിൽ ആവേശമുള്ളവാക്കി. പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് ആശംസ അറിയിക്കാനായി ലെറ്റർ ബോക്സുകൾ സ്ഥാപിച്ചു മത്സരവിജയികളെ തിരഞ്ഞെടുക്കുകയും സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തു.

**ആർട്സ് ഡേ – ഇൻതിഫാദ**

2024_ 25 വർഷ കലാലയ യൂണിയൻ കോളേജ് കലോത്സവത്തിന്റെ ഓഫ് സ്റ്റേജ് മത്സരങ്ങൾക്ക് ജനുവരി 13ന് തുടക്കമായി. രണ്ടു ദിവസങ്ങളായി ഓഫ് സ്റ്റേജ് മത്സരങ്ങൾ നടന്നു . മത്സരങ്ങൾ വിവിധ സ്റ്റേജുകളിലായി ഫെബ്രുവരി 28ന് അരങ്ങേറി. കൃത്യമായി വിദ്യാർഥി പങ്കാളിത്തം ഉറപ്പാക്കാനായി സാധിച്ചു. നിരവധി വിദ്യാർത്ഥികൾ ഉൾപ്പെടുത്തി നടത്തിയ കലാജാഥയോടു കൂടിയായിരുന്നു മത്സരങ്ങളുടെ തുടക്കം കലാജാഥയിൽ വിദ്യാർഥികൾ മുഖത്ത് ചായപ്പടങ്ങൾ വരച്ചു വ്യത്യസ്ത വേഷവിധാനങ്ങൾ അണിഞ്ഞുമാണ് കലോത്സവത്തെ വരവേറ്റത് നാല് ഗ്രൂപ്പുകളിൽ ആയാണ് വാശിയേറിയ പോരാട്ടം നടന്നത് പോരാട്ടത്തിൽ ടീം സൃഷ്ടി ഒന്നാം സ്ഥാനവും ആയുർ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. കലാതിലകമായി രണ്ടാംവർഷ വിദ്യാർഥിനി ദേവിക കെ കെയും കലാപ്രതിഭയായി ഒന്നാം വർഷ വിദ്യാർഥി നിരഞ്ജനും തിരഞ്ഞെടുക്കപ്പെട്ടു .

**മൂവി സ്ക്രീനിങ്**

ജനുവരി 15 ,16 തീയതികളിലായി സെമിനാർ ഹാൾ, ഓഡിയോവിഷ്വൽ എന്നിവിടങ്ങളിലായി വിദ്യാർത്ഥികൾക്ക് വേണ്ടി കോളേജ് യൂണിയനും ഫിലിം ക്ലബ്ബും സംയുക്തമായി മൂവി സ്ക്രീനിങ് സംഘടിപ്പിച്ചു. 6 സിനിമകൾ പ്രദർശിപ്പിക്കാനായി സാധിച്ചു നിരവധി വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു.

**സ്പോർട്സ് ഡേ**

കോളേജിലെ വിദ്യാർത്ഥികളുടെ കായികപരമായിട്ടുള്ള കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഫെബ്രുവരി 19 ,20, 21, തീയതികളിൽ സ്പോർട്സ് ഡേ സംഘടിപ്പിച്ചു.

19ന് ഗേൾസ് ബാഡ്മിൻ ടൂർണമെന്റും ഫൈവ്സ് ഫുട്ബോൾ ടൂണമെൻ്റും സംഘടിപ്പിച്ചു. നാല് ഹൗസുകളായി തരംതിരിച്ചായിരുന്നു മത്സരങ്ങൾ അരങ്ങേറിയത് വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ബ്ലൂ ഹൗസ് ഒന്നാംസ്ഥാനവും യെല്ലോ ഹൗസ് രണ്ടാം സ്ഥാനവും നേടി. കായിക പ്രതിബകളായി മൂന്നാം വർഷ വിദ്യാർഥി ആദിത്യൻ സിയാറും രണ്ടാംവർഷ വിദ്യാർഥിനി ശ്രീലയും തിരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**പ്രണയദിനം**

ഫെബ്രുവരി 14 ലോകമെമ്പാടും ആചരിക്കുന്ന പ്രണയദിനത്തോടനുബന്ധിച്ച് വിപുലമായിട്ടുള്ള പരിപാടികൾ നടത്താൻ കോളേജ് യൂണിയൻ കഴിഞ്ഞു മികച്ച വിദ്യാർത്ഥി പങ്കാളിത്തത്തോടുകൂടി പരിപാടി സംഘടിപ്പിച്ചു. പ്രണയജോഡികൾക്ക് പാട്ടുപാടാനും നൃത്തംചെയ്യാനും പ്രണയലേഖനങ്ങൾ കൈമാറാനും തന്റെ പ്രണയം തുറന്നുപറയുന്നതിനും വേദി ഒരുക്കുകയും ക്രഷ് സ്ഥാപിക്കുകയും ചെയ്തു. അതോടൊപ്പം പുൽവാമ ഡേ ആചരിക്കുകയും ചെയ്തു .

**ഹോളി ആഘോഷം**

കോളേജ് യൂണിയന്റെനേതൃത്വത്തിൽ മാർച്ച് 25ന് ഹോളി ആഘോഷം സംഘടിപ്പിച്ചു. നിറങ്ങൾ വിതറിയും തന്റെ സുഹൃത്തുക്കളോടൊപ്പം ആടിയും പാടിയും വിദ്യാർത്ഥികൾ ആഘോഷമാക്കി തീർത്തു.

**കോളേജ് ഡേ**

കോളേജിലെ വിദ്യാർത്ഥികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനായി മാർച്ച് 25ന് കോളേജ് ഡേ സംഘടിപ്പിച്ചു പ്രശസ്ത വയലിനിസ്റ്റ് അഭി സംഗീത കച്ചേരി അവതരിപ്പിക്കുകയും ചെയ്തു. മൂന്നാംവർഷ വിദ്യാർഥികൾക്ക് ഫെയർവെൽ നൽകുകയും മറ്റു വിദ്യാർത്ഥികളുടെ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കലോത്സവത്തിന്റെയും സ്പോർട്സിൻ്റെയും വിജയികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും നൽകി അനുമോദിക്കുന്നതിനു വേണ്ടി ഈ വേദി ഉപയോഗപ്പെടുത്തി.

മികച്ച രീതിയിൽ യൂണിയൻ മുന്നോട്ട് കൊണ്ടു പോകാനായി കാഞ്ചി കോളജ് യൂണിയനു സാധിച്ചിട്ടുണ്ട് .മാത്രമല്ല വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ വളർത്തുന്നതിനും ഏതൊരു വിദ്യർത്തിയുടെയും പ്രശ്നങ്ങളിൽ കൃത്യമായി ഇടപെടാനും കാഞ്ചി കോളജ് യൂണിയന് സാധിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നു .കോളജ് യൂണിയൻ പരിപാടികളിൽ ഒപ്പം നിൽക്കുകയും ചേർത്തുപിടിക്കുകയും ചെയ്ത ഓരോ പ്രിയപ്പെട്ട അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ നന്ദി



# അസോസിയേഷൻ റിപ്പോർട്ട്

**സുവോളജി**

പ്രിയപ്പെട്ട പ്രിൻസിപ്പൽ ഡോ. ബിന്ദു ശർമ്മിള ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു, മുഖ്യാതിഥി ഇരിങ്ങാലക്കുട ക്രൈസ്റ്റ് (ഓട്ടോണമസ്) കോളേജിലെ സുവോളജി അസിസ്റ്റന്റ് പ്രൊഫസർ ഫാ. ജിജോ ഫ്രാൻസിസ് ആയിരുന്നു. 2025 ജനവരി 10 ന് സുവോളജി ക്ലാസ് മുറിയിലാണ് പരിപാടി നടന്നത്. ഉദ്ഘാടന ചടങ്ങിൽ, അസോസിയേഷന് ഔപചാരികമായി "ZOOSTELLAR" എന്ന് നാമകരണം ചെയ്തു. സുവോളജിയിൽ നല്ല അവസരങ്ങൾ ലഭിക്കുന്നതിനെക്കുറിച്ച് മുഖ്യാതിഥി പ്രസംഗിക്കുകയും സമീപകാല സെമസ്റ്ററിലെ ഞങ്ങളുടെ ഉന്നത വിജയികളെ അഭിനന്ദിക്കുകയും ചെയ്തു. ZOOSTELLAR അസോസിയേഷൻ, സെപ്റ്റംബർ 11 ന് ഫ്രഷേഴ്സ് ഡേ പരിപാടി സംഘടിപ്പിച്ചു. കോളേജ് യൂണിയൻ സംഘടിപ്പിച്ച എല്ലാ പരിപാടികളിലും ഞങ്ങളുടെ അസോസിയേഷൻ പങ്കെടുത്തു. കോളേജ് യൂണിയൻ സംഘടിപ്പിച്ച ക്രിസ്മസ് പ്രോഗ്രാമിൽ ഞങ്ങൾ പങ്കെടുക്കുകയും ക്രിബ് നിർമ്മാണത്തിൽ രണ്ടാംസ്ഥാനം നേടുകയും കരോൾ ഗാനമത്സരത്തിൽ മൂന്നാംസ്ഥാനം നേടുകയും ചെയ്തു. കോളേജ് യൂണിയൻ സംഘടിപ്പിച്ച ഫൈൻ ആർട്സ് പ്രോഗ്രാമിൽ ഞങ്ങൾ പങ്കെടുക്കുകയും നിരവധി അവാർഡുകൾ നേടുകയും ചെയ്തു. ഞങ്ങളുടെ ഒന്നാം വർഷ വിദ്യാർത്ഥിനിയായ സ്നിഗ്ധ ഉപന്യാസ രചനയിലും ഭരതനാട്യത്തിലും ഒന്നാംസ്ഥാനം കരസ്ഥമാക്കി, ഞങ്ങളുടെ രണ്ടാം വർഷ വിദ്യാർത്ഥിനിയായ ആർഷ ജയരാജൻ ഇംഗ്ലീഷ് കവിതാപാരായണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഞങ്ങൾ സ്പോർട്സിലും പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു. ഫെബ്രുവരി 19,20,21 തീയതികളിൽ നടന്ന സ്പോർട്സ് മീറ്റിൽ ഞങ്ങളുടെ ഒന്നാം വർഷ വിദ്യാർത്ഥിനിയായ സന 3000 മീറ്റർ ഓട്ടത്തിൽ ഒന്നാം സമ്മാനം നേടി. 2025 മാർച്ച് 3 ന് ഞങ്ങൾ സീനിയേഴ്സിനായി ഒരു വിടവാങ്ങൽ പാർട്ടി സംഘടിപ്പിച്ചു.

**മാളവിക ടി. എം.**
**അസോ. സെക്രട്ടറി**

**ട്രാവൽ ആന്റ് ടൂറിസം**

നവംബർ 14 ന് യൂണിയൻ അധികാരത്തിൽ വന്നതോടെ അസോസിയേഷൻ പ്രവർത്തനങ്ങളും ആരംഭിച്ചു . ഡിസംബർ 20 ന് ക്രിസ്തുമസ് ആഘോഷം വിപുലമായി തന്നെ ഡിപ്പാർട്ട്മെന്റിൽ നടത്തി . ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

ജനവരി 10 ന് നവാഗത വിദ്യാർത്ഥികളെ സ്വികരിക്കുന്നതിനോടൊപ്പം അസോസിയേഷൻ ഉദ്ഘടനവും നടത്തി . കോളേജ് യൂണിയൻ നടത്തിയ ഫുട്ബോൾ ടൂർണമെന്റിൽ ഡിപ്പാർട്ട്മെന്റിന്റെ ചുണക്കുട്ടികൾ ചാമ്പ്യന്മാർ ആവുകയും ചെയ്തു. തുടർന്ന് മാർച്ച് 18 ന് മൂന്നാം വർഷ വിദ്യാത്ഥികളുടെ യാത്രയയപ്പ് വളരെ വിപുലമായി തന്നെ ഡിപ്പാർട്ട്മെന്റിൽ നടത്തി.

**സ്നേഹിത്ത് പി. പി.**
**അസോ.സെക്രട്ടറി**

**മാത്തമാറ്റിക്സ്**

2024 - 25 അധ്യയന വർഷത്തെ കോളേജ്

യൂണിയൻ അധികാരത്തിൽ വന്നതോടെ അസോസിയേഷൻ പ്രവർത്തനങ്ങളും ആരംഭിച്ചു. ജനവരി 23 ന "Find-X"മാത്തമാറ്റിക്സ് അസോസിയേഷൻ ഉദ്ഘടനം നടത്തി. ബഹുമാനപെട്ട പ്രിൻസിപ്പൽ ബിന്ദു ശർമിള അസോസിയേഷൻ ഉദ്ഘടനം ചെയ്തു സംസാരിച്ചു. തുടർന്ന് മുഖ്യാഥിതി ശ്രീകാന്ത് രാജ് സർ ( scientist E , Naval Physical & Oceanographic Laboratory (NPOL) ) "MATHEMATICS OF FACE RECOGNITION" എന്ന വിഷയത്തെപ്പറ്റി ക്ലാസ് എടുത്തു. തുടർന്ന് ഡിപ്പാർമെന്റിലെ കുട്ടികളുടെ cultural programmes നടന്നു.

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ ക്രിസ്മസ് പരിപാടിയിൽ കരോൾ ഡാൻസ്, സോങ് എന്നീ മത്സരങ്ങളിൽ ഒന്നാംസ്ഥാനവും പുൽക്കൂട് നിർമാണ മത്സരത്തിൽ മൂന്നാംസ്ഥാനവും നേടാൻ സാധിച്ചു .

കോളേജ് ആർട്സ് , സ്പോർട്സ് എന്നെ പ്രോഗ്രാമുകളിൽ ഡിപ്പാർമെന്റിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും മത്സരിച്ച ഇനങ്ങളിൽ സമ്മാനം കരസ്ഥമാക്കുവാനും സാധിച്ചു.

ഇന്റർനാഷണൽ Pi ദിനത്തോടനുബന്ധിച്ച PITHAGORAS എന്ന പേരിൽ പരുപാടി സംഘടിപ്പിച്ചു. ബഹുമാനപെട്ട പ്രിൻസിപ്പൽ ബിന്ദു ശർമിള ഉദ്ഘടനം നിർവഹിക്കുകയും മാത്സ് ഡിപ്പാർമെൻറ് അസോസിയേഷൻ മാഗസിൻ ആയ MATHOPEDIA കവർ പേജ് പ്രകാശനവും നടത്തി. ഡിപ്പാർട്മെന്റിലെ കുട്ടികളുടെ ഫ്ലാഷ്മോബും മറ്റു ഡിപ്പാർട്മെന്റിലെ കുട്ടികൾക്കായി ക്വിസ് , ചെസ്സ് , treasurehunt എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനവും നൽകി. മാത്തമാറ്റിക്സ് ഡിപ്പാർട്മെന്റിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും സഹായസഹകരണത്തോടെ അസോസിയേഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടത്താൻ സാധിച്ചു.

**ദീപാഞ്ജലി**
**അസോ. സെക്രട്ടറി**

## മലയാളവിഭാഗം

ഒക്ടോബർ 10 ന് യൂണിയൻ അധികാരത്തിൽ വന്നതോടെ അസോസിയേഷൻ പ്രവർത്തനങ്ങളും ആരംഭിച്ചു. നവംബർ 1 ന് കേരളപ്പിറവി ദിനാഘോഷം നടന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ബിന്ദു ശർമ്മിള ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം ഹിസ്റ്ററി വിഭാഗം അസി. അസിസ്റ്റന്റ് പ്രൊഫസർ അനീഷ് സാർ വഹിച്ചു. ജനുവരി 10 ന് നവാഗത വിദ്യാർത്ഥികളെ സ്വീകരിക്കുന്നതോടൊപ്പം അസ്സോസിയേഷൻ ഉദ്ഘാടനവും നടന്നു. സഹൃദയ കോളേജ് മലയാളവിഭാഗം അധ്യാപിക സ്വപ്ന സി കോമ്പാത്ത് ഉദ്ഘാടനം ചെയ്തു അന്നേ ദിവസം എം ടി അനുസ്മരണവും നടത്തി. തുടർന്ന് ഡിസംബറിൽ ക്രിസ്തുമസ് ആഘോഷവും നല്ല രീതിയിൽ ഡിപ്പാർട്ട്മെന്റിൽ നടന്നു. കോളേജ് കലോൽത്സവത്തിലും മലയാളം ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം എടുത്ത് പറയേണ്ടതാണ്. കലോത്സവത്തിൽ കലാതിലകം നേടിയ ദേവിക ഡിപ്പാർട്ട്മെന്റിന് അഭിമാനമായി മാറി. മാർച്ച് 12 ന് മൂന്നാം വർഷ വിദ്യാർത്ഥികൾക്കായുള്ള യാത്ര അയപ്പ് ചടങ്ങ് വളരെ വിപുലമായി തന്നെ ഡിപ്പാർട്ട്മെന്റിൽ നടത്തി.

**അമീന പി ആർ.**
**അസോ. സെക്രട്ടറി**

## ചരിത്രവിഭാഗം

2024-2025 അദ്ധ്യയന വർഷത്തെ കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ചരിത്രവിഭാഗം അസോസിയേഷൻ സെക്രട്ടറിയായി രണ്ടാംവർഷ വിദ്യാർഥി ലക്ഷ്മൺ തെരഞ്ഞെടുക്കപ്പെട്ടു. അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉൽഘാടനം ജനവരി 10ന് കേരള ലൈബ്രറി കൗൺസിൽ പ്രസിഡന്റ് കെ വി കുഞ്ഞി കൃഷ്ണൻ ഉൽഘാടനം നിർവ്വഹിച്ചു.അസോസിയേഷന്റെ ഔദ്യോഗിക പ്രവത്തനങ്ങൾക്ക് മുൻപ് തന്നെ അസോസിയേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു .ദേശീയ ബോധവും ചരിത്ര ബോധവും വിദ്യാർത്ഥികളിൽ വളർത്തുന്നതിനായി സ്വതന്ത്രദിനത്തിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിച്ചു. കക്ഷി ഭേദമന്യേ യൂണിയൻ നടത്തിയ എല്ലാ ഫൈൻ ആർട്സ് കായിക മത്സരങ്ങളിൽ ഡിപ്പാർട്ടുമെൻ്റിൽ നിന്നും മികച്ച വിദ്യാർഥി പങ്കാളിത്തം ഉറപ്പുവരുത്തി.അസോസിയേഷന്റെ ഭാഗമായി മികച്ച രീതിയിൽ ഓണാഘോഷം നടത്തി. കേരളപ്പിറവിയുടെ ഭാഗമായി അസോസിയേഷന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. കലാലയത്തിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിലും ചരിത്രവിഭാഗം വിദ്യാർത്ഥികളുടെ പൂർണ പങ്കാളിത്തം ഉണ്ടായിരുന്നു. കലാലയജീവിതം കഴിഞ്ഞ് പോകുന്ന പ്രിയപ്പെട്ട ഡിഗ്രി വിദ്യാർത്ഥികൾക്ക് മാർച്ച് 3 ന് യാത്രയയപ്പ് നൽകി. പരിമിതമായ സമയത്തിനുള്ളിൽ തന്നെ അസോസിയേഷൻ പ്രവർത്തനങ്ങൾ പരമാവധി ഭംഗിയാക്കാൻ സാധിച്ചിട്ടുണ്ട്.

**പി. എച്ച്. ലക്ഷ്മൺ**
**അസോ. സെക്രട്ടറി**

## കെമിസ്ട്രി

2025 ജനുവരി 10 ന് രാവിലെ 10:30 ന് ഞങ്ങളുടെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ. ബിന്ദു ഷർമിള ടി.കെ, വകുപ്പ് മേധാവി, ബഹുമാനപ്പെട്ട ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ അധ്യക്ഷ

തയിൽ ഗംഭീരമായ ഉദ്ഘാടനത്തോടെയാണ് അസോസിയേഷൻ വർഷം ആരംഭിച്ചത്. ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സീന തോമാച്ചൻ മുഖ്യാതിഥിയായി പങ്കെടുത്തു. സുസ്ഥിര സാങ്കേതികവിദ്യകൾ രൂപപ്പെടുത്തുന്നതിലും ഭാവിയിലെ വെല്ലുവിളികൾക്കുള്ള നൂതന പരിഹാരങ്ങളിലും രസതന്ത്രത്തിന്റെ പങ്ക് ഊന്നിപ്പറയുന്ന പ്രചോദനാത്മകമായ മുഖ്യപ്രഭാഷണം അദ്ദേഹം നടത്തി. 2025 ജനുവരി 23 ന്, ഞങ്ങൾ ഒരു സോപ്പ്, ഡിറ്റർജന്റ്, പെയിൻ ബാം നിർമ്മാണം എന്നിവയെക്കുറിച്ചുള്ള പ്രായോഗിക വർക്ക്ഷോപ്പ്, ഞങ്ങളുടെ പ്രിൻസിപ്പൽ ഡോ. ബിന്ദു ഷർമിള ടി.കെ ഉദ്ഘാടനം ചെയ്തു. റിസോഴ്സ് പേഴ്സണായി, സയൻസ് സെന്റർ കൊടുങ്ങല്ലൂർ ഡയറക്ടർ ശ്രീ. ശ്രീജിത്ത് വി.എസ് ആണ് സെഷന് നേതൃത്വം നൽകിയത്. വർക്ക്ഷോപ്പ് വിലപ്പെട്ട പ്രായോഗിക അനുഭവം നൽകി. ഐക്യവും ഊർജ്ജസ്വലമായ ഒരു ക്യാമ്പസ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ അസോസിയേഷന്റെ ശ്രമങ്ങളുടെ ഭാഗമായി, ഒന്നാം വർഷ വിദ്യാർത്ഥികളെ വളരെ ആവേശത്തോടെയും ഊഷ്മളതയോടെയും സ്വാഗതം ചെയ്തുകൊണ്ട് ഞങ്ങൾ ഫ്രഷേഴ്സ് ഡേയും സംഘടിപ്പിച്ചു. രസകരമായ പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രകടനങ്ങൾ, സീനിയർ വിദ്യാർത്ഥികളുടെയും ഫാക്കൽട്ടിയുടെ ഔപചാരികമായ സ്വാഗതം എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പുതുമുഖങ്ങൾക്ക് പോസിറ്റീവും ഉൾക്കൊള്ളുന്നതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ഇത് സഹായിച്ചു.

ആഘോഷത്തിന്റെയും ഐക്യത്തിന്റെയും ആവേശത്തിൽ, അസോസിയേഷൻ ക്രിസ്മസ് ആഘോഷിച്ചു. കരോൾ ഗാനം ആലപിക്കൽ,പുൽക്കൂട് അലങ്കരിക്കൽ, സമ്മാനങ്ങൾ കൈമാറൽ എന്നിവ ആഘോഷവേളയിൽ ഉണ്ടായിരുന്നു, ഇത് വിദ്യാർത്ഥികളിൽ സന്തോഷം നിറച്ചു.

**ആയിഷ അംന**
**അസോ. സെക്രട്ടറി**

## ബോട്ടണി

2024-25 വർഷത്തെ ബോട്ടണി അസോസിയേഷന്റെ ആദ്യ പരിപാടിയായി നവംബർ 14ന് വേൾഡ് സയൻസ് ആയി ബന്ധപ്പെട്ട നടത്തിയ ക്വിസ് കോമ്പറ്റീഷൻ ആയിരുന്നു. തുടർന്ന് 21- 4 -2025 ന ക്രിസ്മസ് സെലിബ്രേഷനും അതിൻറെ ഭാഗമായി വിവിധതരം പരിപാടികളിലും പങ്കെടുത്തു. അസോസിയേഷൻ ഒഫീഷ്യലായി ഉദ്ഘാടനം ചെയ്തത് 2025- ജനുവരി 5 വിശിഷ്ട അതിഥിയായി പ്രശസ്ത ഇൻസ്റ്റഗ്രാം ഇൻഫ്ലുവെൻസർ "മോനെ ഷെബിയെ" ആയിരുന്നു മുഖ്യാതിഥിയായി പ്രിൻസിപ്പൽ ഡോക്ടർ ബിന്ദു ശർമിള പങ്കെടുത്തു. അസോസിയേഷന് സൈലോറ (A short and elegent name inspired by xylem)എന്ന് പേരും നൽകി. അതിനോടൊപ്പം തന്നെ അക്കാദമിക് ടോപ്പേഴ്സിനെ മൊമെന്റോ നൽകി ആദരിച്ചു. സെൻറ് ജോസഫ് ഇരിങ്ങാലക്കുട ബോട്ടണി അസോസിയേഷൻ അസിസ്റ്റൻറ് പ്രൊഫസർ ഡോക്ടർ ആൽഫ്രഡ് ജോ ബോട്ടണിയുമായി ബന്ധപ്പെട്ട വിഷയത്തിലും ഉന്നത പഠനത്തിന്റെ സാധ്യതയെക്കുറിച്ചും ക്ലാസ് എടുത്തു. അതിനോടൊപ്പം നവാഗതരെയും സ്വാഗതം ചെയ്തു . അക്കാദമിക് ആക്ടിവിറ്റികൾക്കായി ഗൂഗിൾ ക്ലാസ് റൂം കഴിഞ്ഞ വർഷത്തെ പോലെ തുടർന്നു. 30 മാർച്ചിന് വളരെ സന്തോഷത്തോടെ ഇഫ്താർ വിരുന്ന് ഒരുക്കി . സൈലോറ ഫാമിലിയിലെ മൂന്നാംവർഷ വിദ്യാർത്ഥികൾക്കായുള്ള യാത്രയയപ്പ് പരിപാടിയും ജൂനിയേഴ്സ് വിപുലമായി നടത്തി. സൈലോറ അംഗങ്ങൾ യൂണിയൻ പ്രോഗ്രാമുകളിലെല്ലാം തികഞ്ഞ സാന്നിധ്യം അർപ്പിക്കുകയും ഉണ്ടായി.

**ആയിഷ റിസ കെ. കെ.**
**അസോ. സെക്രട്ടറി**

## അപ്ലൈഡ് ഫിസിക്സ്

2024 -2025 അപ്ലൈഡ് ഫിസിക്സ് അസോസിയേഷൻ ഉദ്ഘാടനം ജനുവരി 10ന് നടന്നു. ബഹുമാനപ്പെട്ട ഡിപ്പാർട്ട്മെന്റ് മേധാവി ഡോക്ടർ ലൗലി ജോർജ് അധ്യക്ഷ സ്ഥാനം വഹിച്ചു. അസോസിയേഷൻ ഉദ്ഘാടനം ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അരുൺ സാർ നടത്തി. യൂണിയന്റെ ക്രിസ്മസ് സെലിബ്രേഷനിൽ എല്ലാ മത്സരങ്ങളിലും പങ്കെടുത്തുകയും അതോടൊപ്പം പുൽക്കൂട് നിർമ്മാണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. 2024 25 വർഷക്കാലം കലാലയ യൂണിയൻ കോളേജ് കലോത്സവത്തിൽ മികച്ച സഹകരണം കാഴ്ചവയ്ക്കുകയും, ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഒന്നാംവർഷ വിദ്യാർഥി നിരഞ്ജൻ കലാ പ്രതിഭയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 2025 ഫെബ്രുവരി 19 20 21 തീയതികളായി കോളേജിൽ നടന്ന സ്പോർട്സ് ഡേ മികച്ച പങ്കാളിത്തം നൽകുകയും ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ മൂന്നാം വർഷ വിദ്യാർത്ഥി ആദിത്യൻ മികച്ച കായിക പ്രതിഭയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കൂട്ടുകെട്ടിന്റെ പൊട്ടാത്ത ചരടുകൾ എന്നോണം പ്രിയപ്പെട്ട സീനിയേഴ്സിന് 7- 3- 2025 ഫെയർവെൽ നടത്തി.

**അഖില മനോജ്. പി**
**അസോ. സെക്രട്ടറി**

പ്ലൂരലിസം ഇവിടെ പൂർണ്ണമാകുന്നു. ഈ പൂർണതയിൽ കേവലം നന്ദി എന്ന വാക്കുകൊണ്ട് ഒരിക്കലും കടപ്പാട് തീർക്കാൻ പറ്റില്ല എന്നറിയാം. എങ്കിലും മാഗസിൻ എഡിറ്ററായി എന്നെ തെരഞ്ഞെടുത്ത കോളേജിലെ ഓരോ വിദ്യാർത്ഥിക്കും ഞാൻ നന്ദി പറയുന്നു. മാഗസിനുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സഹകരിച്ച എഡിറ്റോറിയൽ ബോർഡിനും, വാക്കും വെളിച്ചവുമായി കൂടെ നിന്നവർക്കും നന്ദി...സ്നേഹം

ആർഷ ജയരാജൻ
സ്റ്റുഡന്റ് എഡിറ്റർ



# അഭിനന്ദനങ്ങൾ



**നിരഞ്ജൻ ടി. രാജീവ്**

(രണ്ടാംവർഷ ബി. എസ് സി. ഫിസിക്സ്)

(കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോൺ കലോത്സവത്തിൽ ലളിതഗാന മത്സരത്തിൽ എ ഗ്രേഡ്)

സ്റ്റേറ്റ് യൂത്ത് വോളിബോൾ ചാമ്പ്യൻ



**സഞ്ജു എം. ബി.**

ഇന്റർസോണിലേക്ക യോഗ്യത നേടിയ കോളജ് വോളിബോൾ ടീം



ഹൃഷികേഷ് ബാബു, യദുകൃഷ്ണ, രഞ്ജിത്ത്, സഞ്ജു എം. ബി, അജ്മൽ കാദർ, സജിൻ

## VICE-PRINCIPAL



PROF. G. USHAKUMARI



**Dr. MUHAMMED BASHEER**

UNION ADVISOR



**Mrs. RAGA .R**

(Finearts coordinator)

FINE ARTS ADVISOR




**Dr.KRISHNAKUMAR.K.A**

NSS PROGRAM OFFICER



**Dr.Dhanya .P.D**

NSS PROGRAM OFFICER



# KKTM GOVT. COLLEGE, PULLUT, KODUNGALLUR

Re accredited with NAAC A Grade. 31 Ranked in KIRF ranking 2024